2

# BIBLE STORIES

## IN MALAYALAM

## II. PART

## NEW TESTAMENT

Ninth Edition.

പുതിയ നിയമത്തിൽനിന്നു

എടുത്ത

# സത്യവേദകഥകൾ

Ga
XXXIV
6

MANGALORE
ISSION BOOK AND TRACT DEPOSITORY
1905

Price: 2 As. 6 Pies. വില: ൨ അണ ൬ പൈ.

N12<529292830 021
ubTÜBINGEN
LS

BI

BAS

Price :

# BIBLE STORIES

## II. PART

## NEW TESTAMENT

Ninth Edition.

പുതിയ നിയമത്തിൽനിന്നു

എടുത്ത

# സത്യവേദകഥകൾ

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1905

Price: 2 As. 6 Pies. വില: ൨ അണ ൬ പൈ.

PRINTED AT THE BASEL MISSION PRESS, MANGALORE.

UNIV. BIBL. TÜBINGEN

Ga XXXIV 6

# സത്യവേദകഥകൾ.

## I. യേശുവിന്റെ ശൈശവവും ബാല്യവും.

### ൧. ദൈവദൂതൻ സക്കരിയാവിന്നും മറിയെക്കും വാഗ്ദത്തം ചെയ്തതു.

(ലൂക്ക് ൧.)

1. യഹൂദരാജാവായ ഹെരോദാവിന്റെ കാലത്തിൽ **സക്കരിയാ** എന്ന പുരോഹിതനും ഭാൎയ്യയായ **എലിശബേത്തും** ദൈവകല്പനാനിയമങ്ങളെ കുറവുകൂടാതെ അനുസരിച്ചു നീതിമാന്മാരായി യഹൂദ്യമലപ്രദേശത്തു പാൎത്തു. അവൎക്കു സന്തതി ഉണ്ടായിരുന്നില്ല. ഇരുവരും പ്രായം നന്ന ചെന്നവർ ആയിരുന്നു. ഒരു ദിവസം സക്കരിയാ ദൈവാലയത്തിൽ ചെന്നു, ധൂപം കാട്ടുന്ന സമയം ധൂപപീഠത്തിന്റെ വലഭാഗത്തു ഒരു ദൈവദൂതനെ കണ്ടു ഭയപ്പെട്ടു നില്ക്കുമ്പോൾ അവൻ സക്കരിയാവിനോടു: "ഭയപ്പെടേണ്ട, ദൈവം നിന്റെ പ്രാൎത്ഥന കേട്ടിരിക്കുന്നു; എലിശബേത്തിൽനിന്നു നിണക്കൊരു പുത്രൻ ജനിക്കും; അവന്നു നീ **യോഹന്നാൻ** എന്നു പേരിടേണം; അവൻ ഇസ്രയേല്യരെ കൎത്താവായ ദൈവത്തിങ്കലേക്കു മടക്കി, എലീയാവിന്റെ ആത്മാവിലും ശക്തി

യിലും കൎത്താവിൻ മുമ്പിൽ നടക്കും" എന്നതു കേട്ട സക്കരിയാ സംശയിച്ചപ്പോൾ ദൂതൻ: "ഞാൻ ദൈവ മുമ്പാകെ നില്ക്കുന്ന ഗബ്രിയേൽ ആകുന്നു; നിന്നോട്ട ഈ അവസ്ഥ അറിയിപ്പാൻ ദൈവം എന്നെ അയച്ചിരിക്കുന്നു. നീ വിശ്വസിക്കായ്ക്കകൊണ്ടു ഈ കാൎയ്യം സംഭവിക്കും നാൾവരേ നീ ഊമനാകും" എന്നു പറഞ്ഞ ഉടനേ സക്കരിയാ ഊമനായി പുറത്തുള്ള ജനസംഘങ്ങളെ അനുഗ്രഹിപ്പാൻ വഹിയാതെ പോയി.


2. പിന്നെ ആറുമാസം കഴിഞ്ഞശേഷം ആ ദൈവദൂതൻ **നസറേത്ത്** നഗരത്തിലേ **മറിയ** എന്ന കന്യകെക്കു പ്രത്യക്ഷനായി അവളോട്ടു: "കൃപ ലഭിച്ചവളേ, വാഴുക! കൎത്താവു നിന്നോട്ടു കൂടെ ഉണ്ടു; സ്ത്രീകളിൽ വെച്ചു ദൈവാനുഗ്രഹമുള്ളവളേ, ഭയപ്പെടേണ്ട! **നീ ഒരു പുത്രനെ പ്രസവിക്കും, അവന്നു യേശുവെന്നു പേർ വിളിക്കേണം. ദൈവം അവന്നു പിതാവായ ദാവീദിന്റെ സിംഹാസനം കൊടുക്കും; അവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെട്ടുകയും എന്നും രാജാവായി വാഴുകയും ചെയ്യും**" എന്നു പറഞ്ഞു. ഈ വന്ദനം കേട്ടിട്ടു വിനയമുള്ള മറിയയുടെ മനസ്സു കലങ്ങിയതു ദൈവദൂതൻ കണ്ടപ്പോൾ അവൻ അവളോട്ടു: "പരിശുദ്ധാത്മാവും മഹോന്നതന്റെ ശക്തിയും നിന്റെ മേൽ ആച്ഛാദിക്കും; അതിനാൽ ഉത്ഭവിക്കുന്ന പരിശുദ്ധരൂപം **ദൈവപുത്രൻ** എന്നു വിളിക്കപ്പെട്ടും. നിന്റെ ചാൎച്ചക്കാരത്തിയായ എലിശബേത്ത് താനും തന്റെ വാൎദ്ധക്യത്തിൽ ഗൎഭം ധരിച്ചിരിക്കുന്നു; **ദൈവത്തിന്നു അസാദ്ധ്യമായ കാൎയ്യം ഒന്നുമില്ല**"

എന്നു പറഞ്ഞു. അതു കേട്ടപ്പോൾ മറിയ: "ഞാൻ കൎത്താവിന്റെ ദാസിയാകുന്നു; വചനപ്രകാരം ഭവിക്കട്ടെ" എന്നു പറഞ്ഞ ശേഷം ദൈവദൂതൻ മറകയും ചെയ്തു.

അനന്തരം മറിയ എലിശബേത്തിനെ ചെന്നു കണ്ടു വന്ദിച്ചപ്പോൾ അവൾ പരിശുദ്ധാത്മപൂൎണ്ണയായിട്ടു: "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ. എന്റെ കൎത്താവിന്റെ അമ്മ എന്റെ അടുക്കെ വരുന്നതിന്നു എനിക്ക എന്തു യോഗ്യത" എന്നു പറഞ്ഞതു കേട്ടു മറിയ: "കൎത്താവു തന്റെ ദാസിയുടെ താഴ്ചയെ കടാക്ഷിച്ചതുകൊണ്ടു എന്റെ ഹൃദയം അവനെ മഹത്വപ്പെടുത്തുന്നു; എന്റെ ആത്മാവു രക്ഷിതാവായ ദൈവത്തിൽ ആനന്ദിച്ചിരിക്കുന്നു; എല്ലാ ജനങ്ങളും എന്നെ ഭാഗ്യവതി എന്നു വിളിക്കും; കാരണം ശക്തനായവൻ എനിക്ക വലിയവ ചെയ്തു അവന്റെ നാമം വിശുദ്ധം" എന്നു പറഞ്ഞു. മൂന്നു മാസം അവളോടു കൂട പാൎത്തിട്ടു മറിയ സ്വദേശത്തേക്ക മടങ്ങിപ്പോകയും ചെയ്തു.

3. പിന്നെ എലിശബേത്ത് ഒരു പുത്രനെ പ്രസവിച്ചു ബന്ധുക്കളും സമീപസ്ഥന്മാരും അവന്നു എട്ടാം ദിവസം പരിഛേദന കഴിച്ചു; അച്ഛന്റെ പേർ വിളിപ്പാൻ ഭാവിച്ചപ്പോൾ അമ്മ "യോഹന്നാൻ എന്നു പേരിടേണം" എന്നു പറഞ്ഞു. പിന്നെ അവർ അച്ഛനോടു ചോദിച്ചതിന്നു അവൻ ഒരു എഴുത്തുപലകമേൽ അവന്റെ പേർ **യോഹന്നാൻ** എന്നു എഴുതിയതു അവർ കണ്ടാശ്ചൎയ്യപ്പെട്ടു: തൽക്ഷണം സക്കരിയായുടെ നാവു കെട്ടഴിഞ്ഞു അവൻ

പരിശുദ്ധാത്മാവു നിറഞ്ഞവനായി ദൈവത്തെ ഇപ്രകാരം സ്തുതിച്ചു: "ഇസ്രയേലിന്റെ ദൈവമായ കർത്താവു തന്റെ ജനത്തെ സന്ദർശിച്ചു ഉദ്ധാരണം ചെയ്തു; പൂർവ്വകാലങ്ങളിൽ വിശുദ്ധപ്രവാചകന്മാരുടെ വായാൽ അരുളിച്ചെയ്തപ്രകാരം തന്നെ നമ്മുടെ



പിതാവായ അബ്രഹാമിനോടു നിയമിച്ച കരാറിനെയും ആണയെയും ഓർത്തിരിക്കകൊണ്ടു അവന്നു സ്തോത്രം ഭവിക്കട്ടെ" എന്നു പറഞ്ഞു, പൈതലിനെ നോക്കി: നീ മഹോന്നതന്റെ പ്രവാചകനാകും; ദൈവജനത്തിന്നു നിത്യരക്ഷയുടെ അറിവിനെയും പാപമോചനത്തെയും കൊടുക്കേണ്ടതിന്നു കർത്താവിന്റെ മുമ്പിൽ നടന്നു അവന്റെ വഴിയെ നേരെ ആക്കും" എന്നു പറഞ്ഞു.

പിന്നേ യോഹന്നാൻ വളൎന്നു ആത്മാവിൽ ബലപ്പെട്ടു ഇസ്രയേല്യൎക്കു തന്നെത്താൻ കാണിക്കും നാൾവരെ വനത്തിൽ പാൎക്കയും ചെയ്തു.

വേദോക്തം.

യഹോവയെ വാഴ്ത്തുന്നതു നല്ലതു; കാലത്തു നിന്റെ ദയയും രാത്രിയിൽ നിന്റെ വിശ്വസ്തതയും കഥിക്കുന്നതു തന്നെ. സങ്കീൎത്തനം ൯൨, ൨. ൩.

---

## ൨. യേശുവിന്റെ ജനനവും ദൈവാലയത്തിലേ അൎപ്പണവും.

(ലൂക്ക ൨. മത്തായി ൧.)

1. ആ കാലത്തു റോമചക്രവൎത്തിയായ ഔഗുസ്തൻ സൎവ്വപ്രജകൾക്കും തങ്ങളുടെ പേർവഴി ചാൎത്തേണം എന്നു കല്പന അയച്ചിരിക്കകൊണ്ടു എല്ലാവരും ചാൎത്തപ്പെടേണ്ടതിന്നു അവനവന്റെ നഗരത്തിലേക്കു യാത്രയായി. ഗൎഭിണിയായ മറിയയും അവളെ വിവാഹം ചെയ്വാൻ നിശ്ചയിച്ച **യോസേഫും** ദാവീദിന്റെ ഗോത്രക്കാരാകയാൽ നസറേത്തിൽനിന്നു പുറപ്പെട്ടു ദാവീദിൻ ഊരായ **ബെത്ലെഹേമിൽ** പോകേണ്ടിവന്നു. എങ്കിലും അവിടെ എത്തിയപ്പോൾ വഴിയമ്പലത്തിൽ അവൎക്കു സ്ഥലം ഇല്ലായ്ക കൊണ്ടു ഒരു ഗോശാലയിൽ പാൎക്കേണ്ടിവന്നു. അന്നു രാത്രിയിൽ മറിയ ഒരു പുത്രനെ പ്രസവിച്ചു, ശീലകളെക്കൊണ്ടു പുതപ്പിച്ചു പശുത്തൊട്ടിയിൽ കിടത്തുകയും ചെയ്തു.

2. അന്നു ആ പ്രദേശത്തിൽ ചില ഇടയന്മാർ തങ്ങളുടെ ആട്ടിങ്കൂട്ടത്തെ കാത്തുകൊണ്ടിരിക്കുമ്പോൾ

അവരുടെ അരികെ കൎത്താവിന്റെ ദൂതൻ പ്രത്യക്ഷനായി. കൎത്താവിന്റെ തേജസ്സു അവരെ ചുററി മിന്നി അവർ മഹാ ഭയത്തിലാകയും ചെയ്തു. അപ്പോൾ ദൂതൻ: "നിങ്ങൾ ഭയപ്പെടേണ്ട, ഇതാ, ജനത്തിന്നെല്ലാം ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു; എന്തെന്നാൽ ഇന്നു കൎത്താവാകുന്ന




ക്രിസ്തു എന്ന രക്ഷിതാവു ദാവീദിന്റെ നഗരത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു; നിങ്ങൾ ചെന്നന്വേഷിച്ചാൽ അവിടെ ശീലകൾ പുതെച്ചു പശുത്തൊട്ടിയിൽ കിടക്കുന്ന പൈതലെ കാണും" എന്നു പറഞ്ഞ ഉടനേ സ്വൎഗ്ഗീയ സൈന്യം ആ ദൂതനോടു ചേൎന്നു "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വവും, ഭൂമിയിൽ സമാധാനവും, മനുഷ്യരിൽ പ്രസാദവും ഉണ്ടാക" എന്നു സ്തുതിച്ചു.

ദൈവദൂതന്മാർ പോയ ശേഷം ഇടയന്മാർ ബെത്ത്ലേഹെമിൽ ചെന്നു ആ ശിശുവിനെ കണ്ടു അതിനെ കുറിച്ചു ദൂതൻ തങ്ങളോടു പറഞ്ഞതൊക്കെയും മറിയ യോസേഫ് മുതലായവരോടു അറിയിച്ചു

പ്പോൾ എല്ലാവരും അതിശയിച്ചു; മറിയയോ ഈ വചനങ്ങൾ എല്ലാം മനസ്സിൽ സംഗ്രഹിച്ചും ധ്യാനിച്ചുംകൊണ്ടിരുന്നു. എട്ടാം ദിവസം അവർ പൈതലിന്നു പരിച്ഛേദന കഴിച്ചു, **യേശു** എന്നു പേർ വിളിക്കയും ചെയ്തു.

3. നാല്പതു ദിവസം കഴിഞ്ഞ ശേഷം അവർ അവനെ യരുശലേമിൽ കൊണ്ടു പോയി ദൈവാല



യത്തിൽ വെച്ചു മോശധൎമ്മത്തിൽ കല്പിച്ച ബലികളെ കഴിച്ചു. അക്കാലം യരുശലേമിൽ വൃദ്ധനായ **ശിമ്യോൻ** എന്ന ദൈവഭക്തൻ ഉണ്ടായിരുന്നു. അവന്നു: മരിക്കുമ്മുമ്പെ നീ ലോകരക്ഷിതാവിനെ കാണും എന്നു ഒരു അരുളപ്പാടു ലഭിച്ചിരുന്നു. അവൻ അന്നു പരിശുദ്ധാത്മനിയോഗത്താൽ ദൈവാലയ

ത്തിൽ ചെന്നു ശിശുവിനെ കണ്ടു കയ്യിൽ വാങ്ങി: "കൎത്താവേ, സൎവ്വവംശങ്ങൾക്കും വേണ്ടി ഒരുക്കീട്ടുള്ള നിന്റെ രക്ഷ ഞാൻ കണ്ണാലെ കാണുകകൊണ്ടു നിന്റെ ദാസനെ സമാധാനത്തോടെ വിട്ടയക്കുന്നു" എന്നു ദൈവത്തെ പുകഴ്ത്തി. പിന്നെ അവരെ അനുഗ്രഹിച്ചിട്ടു മാതാവോടു: "ഇതാ, പല ഹൃദയങ്ങളിലേ നിരൂപണങ്ങൾ വെളിപ്പെട്ടുവാന്തക്കവണ്ണം ഇവൻ ഇസ്രയേലിൽ അനേകരുടെ വീഴ്ചെക്കായും എഴുനീല്പിന്നായും മറുത്തു പറയപ്പെടുന്ന അടയാളമായി കിടക്കുന്നു; നിന്റെ ഹൃദയത്തിൽ കൂടി ഒരു വാൾ കടക്കും" എന്നു പറഞ്ഞ ശേഷം വൃദ്ധയായ ഹന്നാ എന്നൊരു പ്രവാചകിയും അടുത്തു ചെന്നു ദൈവത്തെ സ്തുതിച്ചു, യരുശലേമിൽ രക്ഷെക്കായി കാത്തിരിക്കുന്ന എല്ലാവരോടും അവനെകൊണ്ടു സംസാരിക്കയും ചെയ്തു.

### വേദോക്തങ്ങൾ.

1. ദൈവം ലോകത്തെ സ്നേഹിച്ച വിധം ആവിതു: തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ ഏവനും നശിക്കാതെ നിത്യജീവൻ ഉള്ളവൻ ആകേണ്ടതിന്നു അവനെ തരുവോളം തന്നേ സ്നേഹിച്ചതു. യോഹ. ൩, ൧൬.

2. വിശേഷിച്ചു യേശുവിൽ അല്ലാതെ മറെറാരുത്തനിലും രക്ഷ ഇല്ല; നാം രക്ഷപ്പെട്ടുവാൻ മനുഷ്യരുടെ ഇടയിൽ കൊടുക്കപ്പെട്ട വേറൊരു നാമവും വാനത്തിൻ കീഴിൽ ഇല്ല. നടപ്പു. ൪, ൧൨.

## ൩. വിദ്വാന്മാരുടെ വരവു.

(മത്തായി ൨.)

1. ഈ കാൎയ്യങ്ങളുടെ ശേഷം കിഴക്ക നിന്നു വിദ്വാന്മാർ യരുശലേമിൽ വന്നു: "യഹൂദരുടെ രാജാവായി പിറന്നവൻ എവിടേ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക കണ്ടിട്ടു അവനെ കുമ്പിടുവാൻ വന്നിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ ഹെരോദാരാജാവും ആ പട്ടണക്കാരും ഭ്രമിച്ചു: "ക്രിസ്തു എവിടേ ജനിക്കേണ്ടതാകുന്നു" എന്നു ശാസ്ത്രികളെ വരുത്തി ചോദിച്ചതിന്നു അവർ: "ബെത്ലെഹേമിൽ തന്നേ; എന്തെന്നാൽ യഹൂദ്യദേശത്തിലെ ബെത്ലെഹേമേ, എല്ലാ യഹൂദ്യപ്രഭുക്കളിലും നീ ഒട്ടും ചെറുതല്ല, എന്റെ ജനം ആകുന്ന ഇസ്രായേലിനെ മേയ്പാനുള്ള തലവൻ നിങ്കൽനിന്നു പുറപ്പെട്ടു വരുമല്ലോ" എന്നു പ്രവാചകനാൽ എഴുതപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു.

അതിന്റെ ശേഷം രാജാവു വിദ്വാന്മാരെ രഹസ്യമായി വിളിച്ചു നക്ഷത്രത്തെ കണ്ട കാലം ആരാഞ്ഞറിഞ്ഞു; അവരോടു: "നിങ്ങൾ ബെത്ലെഹേമിൽ പോയി പൈതലിനെ താല്പൎയ്യമായി അന്വേഷിപ്പിൻ! കണ്ടാൽ എന്നെ അറിയിക്കേണം, കുമ്പിടുവാൻ ഞാനും വരാം" എന്നു പറഞ്ഞയച്ചു.

2. അവർ യാത്രയായപ്പോൾ കിഴക്ക കണ്ട നക്ഷത്രം പൈതൽ ഇരിക്കുന്ന സ്ഥലത്തിന്റെ മേൽഭാഗത്തു വന്നു നില്ക്കുവോളം അവൎക്കു മുമ്പിൽ സഞ്ചരിച്ചു. നക്ഷത്രം കണ്ടിട്ടു അവർ അത്യന്തം സന്തോ

ഷിച്ചു, ആ വീട്ടിൽ ചെന്നു പൈതലിനെ മറിയയോടു കൂടെ കണ്ടു, പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വെച്ചു നമസ്കരിച്ചു. “രാജസന്നിധിയിങ്കൽ പോകരുതു” എന്നു സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ടു അവർ മറെറാരു വഴിയായി സ്വദേശത്തിലേക്കു തിരിച്ചു പോകയും ചെയ്തു.



3. പിന്നെ കൎത്താവിന്റെ ദൂതൻ യോസേഫിനോടു! “നീ എഴുനീററു ശിശുവിനെയും അവന്റെ അമ്മയെയും കൂട്ടിക്കൊണ്ടു മിസ്രയിലേക്കു പോയി, ഞാൻ നിന്നോടു പറയും വരേ അവിടെ പാൎക്കുക; കാരണം ഹെരോദാ ശിശുവിനെ കൊല്ലുവാൻ അന്വേഷിക്കും” എന്നു സ്വപ്നത്തിൽ കല്പിക്കകൊണ്ടു അവൻ അന്നു രാത്രി കുട്ടിയെയും അമ്മയെയും കൂട്ടി മിസ്രയിലേക്കു പോകയും ചെയ്തു.



4. മാഗർ മടങ്ങി വരാഞ്ഞതിനാൽ രാജാവു കോപിച്ചു, അവരോടു ചോദിച്ചറിഞ്ഞ കാലം പോലെ ബെത്ലെഹേമിലും അതിന്റെ ചുററിലും രണ്ടു വയസ്സോളമുള്ള പൈതങ്ങളെ ഒക്കെയും കൊല്ലിച്ചു.

5. ഹെരോദാവു ദുൎവ്യാധിയാൽ മരിച്ചതിന്റെ ശേഷം കൎത്താവിന്റെ ദൂതൻ യോസേഫിനോടു: “ശിശുവിന്റെ പ്രാണനെ അന്വേഷിച്ചവർ മരിച്ചു പോയി, അതുകൊണ്ടു സ്വദേശത്തേക്കു പോക” എന്നറിയിച്ചപ്പോൾ അവർ മടങ്ങി നസറേത്തിൽ ചെന്നു പാൎക്കയും ചെയ്തു.

വേദോക്തം.

നമ്മിൽ ഭാരം ചുമത്തിയാൽ ദൈവം താൻ നമ്മുടെ രക്ഷ. സങ്കീൎത്തനം ൬൮, ൨൦.

## ൯. യേശുവിൻെറ ബാല്യം.

(ലൂക്ക് ൨.)

1. യേശുവിൻെറ ബാല്യംകൊണ്ടു സുവിശേഷങ്ങളിൽ അല്പം മാത്രമേ പറഞ്ഞിട്ടുള്ളു. "**പൈതൽ വളൎന്നു ജ്ഞാനത്താൽ നിറഞ്ഞു ആത്മാവിൽ ബലപ്പെട്ടു പോന്നു ദൈവകൃപയും അവൻെറ മേൽ ഇരുന്നു.** അവൻ ദൈവപുത്രനായിരുന്നാലും നമ്മെ പോലെ ഒരു ശിശുവായി വളൎന്നു. വിശപ്പും ദാഹവും തളൎച്ചയും അവന്നു ഉണ്ടായിരുന്നു. നാം എന്ന പോലെ അവനും പഠിക്കയും ക്രമേണ ഓരോ അറിവു സമ്പാദിക്കയും ചെയ്തു. എങ്കിലും അവൻ എപ്പോഴും അനുസരണവും ശ്രദ്ധയും ഉള്ളവനായിരുന്നതുകൊണ്ടു എല്ലാം എളുപ്പത്തിൽ സാധിച്ചു. ശാഠ്യം അനുസരണക്കേടു ഇത്യാദി ദുൎഗ്ഗുണങ്ങൾ ഒരിക്കലെങ്കിലും അവനിൽ കാണാഞ്ഞതു അവനിൽ യാതൊരു ദോഷവും ഇല്ലായ്കകൊണ്ടത്രെ. വിശേഷാൽ അവൻ ദൈവവചനത്തെ ഇഷ്ടപ്പെട്ടു ഉത്സാഹത്തോടെ വായിച്ചു പഠിക്കുകയും അതിനെ കുറിച്ചു ധ്യാനിച്ചു കൊണ്ടിരിക്കയും ചെയ്യും എന്നതു താഴെ പറയുന്ന കഥയിൽനിന്നു നന്നായി തെളിയും.

2. അവൻെറ മാതാപിതാക്കന്മാർ വൎഷംതോറും **പെസഹപ്പെരുന്നാൾക്കു** യരുശലേമിൽ പോകുക പതിവായിരുന്നു. യേശുവും പന്ത്രണ്ടു വയസ്സായപ്പോൾ കൂടപ്പോയി; പെരുന്നാൾ കഴിഞ്ഞു മടങ്ങി വരുമ്പോൾ അവൻ താമസിച്ചതു അവർ അറിയാതെ 'യാത്രക്കൂട്ടത്തിൽ ഉണ്ടായിരിക്കും' എന്നു ഊഹി

ച്ചിട്ടു ഒരു ദിവസത്തെ വഴി പോന്നു. പിന്നെ അവനെ കാണായ്കകൊണ്ടു രണ്ടാമതും യരുശലേമിലേക്ക ചെന്നു അന്വേഷിച്ചു മൂന്നാം ദിവസം ദൈവാലയത്തിൽ ഗുരുജനമദ്ധ്യത്തിങ്കൽ ചോദ്യോത്തരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടാശ്ചൎയ്യപ്പെട്ടു.




അവൻെറ വാക്കുകളെ കേട്ടവരെല്ലാവരും അവൻെറ വിവേകവും ഉത്തരങ്ങളും വിചാരിച്ചു വിസ്മയിച്ചു. എന്നാറെ അമ്മ: "മകനേ, ഇങ്ങിനേ ഞങ്ങളോടു ചെയ്തതെന്തു? ഇതാ ഞങ്ങൾ വ്യസനിച്ചുകൊണ്ടു നിന്നെ തിരഞ്ഞു നടന്നു" എന്നു പറഞ്ഞപ്പോൾ അവൻ: "നിങ്ങൾ എന്തിന്നു എന്നെ അന്വേഷിച്ചു? **എൻെറ പിതാവിന്നുള്ളവയിൽ ഞാൻ ഇരിക്കേണ്ടതു എന്നു നിങ്ങൾ അറിഞ്ഞില്ലയോ"**,

എന്നു പറഞ്ഞു. ഈ വാക്ക് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവരോടു കൂട നസറേത്തിൽ



പോയി അവൎക്കു കീഴടങ്ങിയിരുന്നു. ബാലൻ ജ്ഞാനത്തിലും വളൎച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിൎന്നു വന്നു. അമ്മയോ ഇതൊക്കെയും മനസ്സിൽ സംഗ്രഹിച്ചു ധ്യാനിച്ചു കൊണ്ടിരുന്നു.

### വേദോക്തം.

ദൈവത്തിന്റെ വചനം കേട്ടും കാത്തും കൊള്ളുന്നവർ തന്നെ ഭാഗ്യവാന്മാർ. ലൂക്ക ൧൧, ൨൮.

# II. യേശുവിൻെറ ഗുരുസ്ഥാനവും അതിശയപ്രവൃത്തികളും.

## ൧. യേശുവിൻെറ സ്നാനവും പരീക്ഷയും.

(ലൂക്ക് ൩. മത്തായി ൩. ൪.)

1. യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള കുപ്പായവും അരയിൽ തോൽകച്ചയും ഉടുത്തു തുള്ളനും കാട്ടുതേനും ഭക്ഷിച്ചു വനപ്രദേശങ്ങളിൽ പാൎത്തുകൊണ്ടിരിക്കുമ്പോൾ ദൈവകല്പന ഉണ്ടാകയാൽ യോൎദ്ദാൻ നദീതീരത്തു ചെന്നു: "സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കകൊണ്ടു മാനസാന്തരപ്പെട്ടുവിൻ" എന്നു പ്രസംഗിച്ചു തുടങ്ങി. അപ്പോൾ യരുശലേമിൽനിന്നും യഹൂദ്യരാജ്യത്തിൽനിന്നും വളരേ ജനങ്ങൾ അവൻെറ അരികിൽ ചെന്നു പാപങ്ങളെ ഏററുപറകയും അവൻ പുഴയിൽ അവരെ സ്നാനം ഏല്പിക്കയും ചെയ്തു. ഇവൻ മശീഹ എന്നു പലരും വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ: "മാനസാന്തരത്തിന്നായി ഞാൻ വെള്ളംകൊണ്ടു നിങ്ങളെ സ്നാനപ്പെടുത്തുന്നു, എന്നെക്കാൾ വലിയവൻ വരുന്നുണ്ടു, അവൻെറ ചെരിപ്പുകളുടെ വാറഴിപ്പാൻ പോലും ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനപ്പെടുത്തും" എന്നു യോഹന്നാൻ പറഞ്ഞു.

2. ആ സമയത്തു ഏകദേശം മുപ്പത്തു വയസ്സുള്ള യേശുവും യോഹന്നാന്റെ അടുക്കെ ചെന്നു: "എനിക്ക സ്നാനം വേണം" എന്നു അപേക്ഷിച്ചതിന്നു: "നിന്നാൽ സ്നാനപ്പെടുവാൻ എനിക്ക ആവശ്യമുണ്ടു, പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ" എന്നു വിരോധം പറഞ്ഞു. യേശു അവനോടു: "ഇപ്പോൾ സമ്മതിക്ക, നീതിയെല്ലാം നിവൃത്തിക്കുന്നതു നമുക്ക ഉചിതം" എന്നു പറഞ്ഞു പുഴയിൽ ഇറങ്ങി സ്നാനം ഏറ്റു കരേറി പ്രാൎത്ഥിക്കുമ്പോൾ സ്വൎഗ്ഗം തുറന്നു ദൈവാത്മാവു പ്രാവു പോലെ ഇറങ്ങി അവന്റെ മേൽ വരുന്നതു യോഹന്നാൻ കണ്ടു; "**ഇവൻ എന്റെ പ്രിയപുത്രനാകുന്നു ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു**" എന്നു ആകാശത്തിൽനിന്നു ഒരു വാക്കും കേട്ടു.

3. അനന്തരം യേശു പരിശുദ്ധാത്മനിയോഗത്താൽ വനത്തിൽ പോയി ഒരു മണ്ഡലം നിരാഹാരനായി പാൎത്തതിന്റെ ശേഷം അവന്നു വിശന്നപ്പോൾ പിശാചു അരികെ ചെന്നു: "നീ ദൈവപുത്രൻ ആകുന്നു എങ്കിൽ ഈ കല്ലുകൾ അപ്പങ്ങളായി തീരുവാൻ കല്പിക്ക" എന്നു പറഞ്ഞതിന്നു യേശു: "മനുഷ്യൻ അപ്പത്താൽ തന്നേ അല്ല, ദൈവവായ്മൂടെ വരുന്ന സകല വചനത്താലും ജീവിക്കും എന്നു വേദവാക്യമുണ്ടല്ലോ" എന്നു കല്പിച്ചു.

അതിന്റെ ശേഷം പരീക്ഷകൻ അവനെ യരുശലേമിലേക്ക കൊണ്ടുപോയി ദൈവാലയത്തിന്റെ മുകളിൽ കരേററി: "നീ ദൈവപുത്രൻ ആകുന്നു എങ്കിൽ താഴോട്ടു ചാടുക, കാൽ കല്ലിന്നു തട്ടാതിരിപ്പാൻ

നിന്നെ താങ്ങേണ്ടതിന്നു ദൈവദൂതന്മാൎക്ക ആജ്ഞ ഉണ്ടു എന്നെഴുതിയിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ "കൎത്താവായ ദൈവത്തെ പരീക്ഷിക്കരുതെന്നും എഴുതീട്ടുണ്ടു" എന്നു യേശു പറഞ്ഞു.

അനന്തരം പിശാചു അവനെ ഏററവും ഉയൎന്ന ഒരു പൎവ്വതശിഖരത്തിന്മേൽ കൊണ്ടുപോയി സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു "ഇവ ഒക്കെയും എന്നെ ഏല്പിച്ചിരിക്കുന്നു, മനസ്സുപോലെ ആൎക്കെങ്കിലും കൊടുക്കാം; നീ എന്നെ നമസ്കരിച്ചാൽ ഇതെല്ലാം നിണക്കു തരാം" എന്നു പറഞ്ഞശേഷം: "സാത്താനേ, നീ എന്നെ വിട്ടു മാറിപോ! നിന്റെ ദൈവമായ കൎത്താവെ കുമ്പിട്ടു അവനെ മാത്രമേ ആരാധിക്കാവു" എന്ന വേദവാക്യം പറഞ്ഞ ഉടനെ പിശാചു അവനെ വിട്ടു മാറി, ദൈവദൂതന്മാർ വന്നു ശുശ്രൂഷിക്കയും ചെയ്തു.

വേദോക്തം.

പിശാചിന്റെ ക്രിയകളെ അഴിപ്പാനായി തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി. ൧ യോഹ. ൩, ൮.

---

## ൯. ശിഷ്യന്മാരെ വിളിച്ചതും കാനാവിലേ കല്യാണവും.

(യോഹ. ൧. ൨.)


1. യോഹന്നാൻ ഒരു ദിവസം യോൎദാൻ നദീതീരത്തൂടെ യേശു വരുന്നതു കണ്ടു, കൂടയുള്ള യോഹന്നാൻ അന്ത്രെയാവു എന്ന രണ്ടു ശിഷ്യന്മാരോടു:

"ഇതാ ലോകത്തിൻെറ പാപത്തെ ചുമന്നു നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു" എന്നു പറഞ്ഞതു കേട്ടു ആ ശിഷ്യന്മാർ യേശുവിൻെറ പിന്നാലെ ചെന്നു. അപ്പോൾ യേശു തിരിഞ്ഞു: "നിങ്ങൾ എന്തു അന്വേഷിക്കുന്നു" എന്നു ചോദിച്ചതിന്നു അവർ: "ഗുരോ, നീ എവിടെ പാൎക്കുന്നു" എന്നു പറഞ്ഞപ്പോൾ: "വന്നു കാണ്മിൻ" എന്നു കല്പിച്ചതു കേട്ടു അവൻ താമസിക്കുന്ന ഇടത്തേക്കു പോയി ആ ദിവസം അവൻെറ കൂട പാൎത്തു.

പിറേറന്നു അന്ത്രയാവു സഹോദരനായ **ശിമോനോടു**: "ഞങ്ങൾ മശീഹയെ കണ്ടു" എന്നു പറഞ്ഞു അവനെ യേശുവിൻെറ അടുക്കൽ കൂട്ടിക്കൊണ്ടു ചെന്നു. യേശു അവനെ നോക്കി: "യോനയുടെ പുത്രനായ ശിമോനേ, നിണക്കു പാറ എന്നൎത്ഥമുള്ള കേഫാ (പത്രോസ്) എന്നു പേരുണ്ടാകും" എന്നു കല്പിച്ചു.

പിറേറന്നാൾ യേശു **ഫിലിപ്പോസിനെ** കണ്ടു അവനോടു: "എൻെറ പിന്നാലെ വരിക" എന്നു കല്പിച്ചു. ഫിലിപ്പോസ് **നഥാനയേലിനെ** കണ്ടു: "മോശെയും പ്രവാചകന്മാരും ധൎമ്മത്തിൽ എഴുതീട്ടുള്ളവനെ ഞങ്ങൾ കണ്ടെത്തി, നസറേത്തിൽനിന്നുള്ള യേശു എന്ന യോസേഫിൻ പുത്രനെ തന്നെ" എന്നതു കേട്ടു: നഥാനയേൽ "നസറേത്തിൽനിന്നു വല്ല നന്മയും വരുമോ" എന്നു ചോദിച്ചപ്പോൾ ഫിലിപ്പോസ് "**വന്നുകാണ്ക**" എന്നു പറഞ്ഞു. നഥാനയേൽ തൻെറ അടുക്കൽ വരുന്നതു യേശു കണ്ടു: "ഇതാ, വ്യാജമില്ലാത്ത ഇസ്രയേല്യൻ" എന്നു കല്പിച്ചപ്പോൾ

അവൻ: "എന്നെ എവിടുന്നു അറിയുന്നു" എന്നു ചോദിച്ചു. "ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പേ ഞാൻ നിന്നെ അത്തിവൃക്ഷത്തിൻ കീഴിൽ കണ്ടു" എന്നു പറഞ്ഞതിന്നു: നഥാനയേൽ "ഗുരോ, നീ ദൈവപുത്രനും ഇസ്രയേലിന്റെ രാജാവുമാകുന്നു" എന്നുത്തരം പറഞ്ഞു. പിന്നെ യേശു: "അത്തിവൃക്ഷത്തിൻ കീഴിൽ കണ്ടപ്രകാരം പറഞ്ഞതുകൊണ്ടു നീ വിശ്വസിക്കുന്നുവോ? ഇതിനെക്കാൾ വലിയവ നീ കാണും" എന്നരുളിച്ചെയ്തു.



2. മൂന്നാം നാൾ **കാനാവിൽ** ഒരു കല്യാണം ഉണ്ടായിരുന്നു. അതിന്നു അവർ യേശുവെയും ശിഷ്യന്മാരെയും യേശുവിന്റെ അമ്മ മറിയയെയും ക്ഷണിച്ചിരുന്നു. പിന്നെ വീഞ്ഞു മുഴുവനും ചെലവാ

യപ്പോൾ മറിയ യേശുവോടു: "അവൎക്ക വീഞ്ഞില്ല" എന്നു പറഞ്ഞതിന്നു യേശു: "എന്റെ നാഴിക ഇതു വരെ വന്നില്ല" എന്നു പറഞ്ഞു. അമ്മ വേലക്കാരോടു "അവൻ നിങ്ങളോടു എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ" എന്നു പറഞ്ഞു.

അപ്പോൾ യേശു അവിടെ ഉണ്ടായിരുന്ന ആറു കൽപാത്രങ്ങളിൽ വെള്ളം നിറെപ്പാൻ വേലക്കാരോടു കല്പിച്ചു; അവർ കല്പിച്ചപ്രകാരം നിറെച്ചു വിരുന്നുപ്രമാണിക്ക കൊടുത്തു; അവൻ രുചിനോക്കിയപ്പോൾ മണവാളനെ വിളിച്ചു: "എല്ലാവരും മുമ്പെ നല്ല വീഞ്ഞും തൃപ്തിവന്ന ശേഷം ഇളപ്പമായതും വെക്കമാറുണ്ടു; നീ നല്ലവീഞ്ഞു ഇതു വരെയും സംഗ്രഹിച്ചുവല്ലൊ" എന്നു പറഞ്ഞു. ഇതു യേശുവിന്റെ ഒന്നാം അതിശയം, ഇതിനാൽ അവൻ തന്റെ മഹത്വം വിളങ്ങിച്ചു; ശിഷ്യന്മാർ അവങ്കൽ വിശ്വസിക്കയും ചെയ്തു.

വേദോക്തം.

യാതൊരുത്തൻ എന്നെ ശുശ്രൂഷ ചെയ്യുന്നുവെങ്കിൽ അവൻ എന്നെ പിന്തുടരട്ടേ; ഞാൻ എവിടെ ഇരിക്കുന്നുവോ അവിടെ എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; യാതൊരുത്തൻ എന്നെ ശുശ്രൂഷ ചെയ്താൽ അവനെ പിതാവു മാനിക്കും. യോഹ. ൧൨, ൨൬.

---

## ൭. ശമൎയ്യക്കാരത്തി.

(യോഹ. ൪.)


1. യരുശലേമിൽ പെസഹപ്പെരുന്നാളിന്നു പോയിട്ടു യേശു മടങ്ങി ഗലീലയിലേക്കുള്ള യാത്രയിൽ

ശമൎയ്യരാജ്യത്തു **സിക്കാർ** പട്ടണസമീപത്തിങ്കൽ യാക്കോബിൻെറ കിണററിന്നരികെ എത്തി വഴിനടപ്പിനാൽ ക്ഷീണിച്ചതുകൊണ്ടു അവിടെ ഇരുന്നു; ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ കൊള്ളുവാൻ അങ്ങാടിക്കു പോയി.

അതിന്നിടയിൽ ഒരു സ്ത്രീ വെള്ളം കോരുവാൻ വന്നപ്പോൾ: “എനിക്കു കുടിപ്പാൻ തരിക” എന്നു യേശു ചോദിച്ചതിന്നു: സ്ത്രീ, “നീ യഹൂദൻ ആയിരിക്കെ ശമൎയ്യക്കാരത്തിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നതു എങ്ങിനെ?” എന്നു പറഞ്ഞു. അപ്പോൾ യേശു: “നീ ദൈവത്തിൻെറ ദാനത്തെയും നിന്നോടു വെള്ളം ചോദിക്കുന്നവനെയും അറിഞ്ഞിരുന്നെങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിണക്കു തരികയും ചെയ്യുമായിരുന്നു. ഈ വെള്ളം കുടിക്കുന്നവന്നു പിന്നേയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്നോ ഒരു നാളും ദാഹിക്കയില്ല” എന്നതിന്നു അവൾ: “കൎത്താവേ, ദാഹിക്കാതെയും ഇവിടെ വെള്ളം കോരുവാൻ വരാതെയും ഇരിക്കേണ്ടതിന്നു ആ വെള്ളം എനിക്കു തരേണമേ” എന്നപേക്ഷിച്ചു.

2. അപ്പോൾ യേശു അവളോടു: “നിൻെറ ഭൎത്താവിനെ വിളിച്ചുകൊണ്ടു വരിക” എന്നു കല്പിച്ചു. സ്ത്രീ: “എനിക്കു ഭൎത്താവില്ല” എന്നു പറഞ്ഞതു കേട്ടു യേശു: “ശരി, നിണക്കു അഞ്ചു ഭൎത്താക്കന്മാർ ഉണ്ടായിരുന്നു ഇപ്പോഴത്തവൻ നിൻെറ ഭൎത്താവല്ല” എന്നു പറഞ്ഞു. അനന്തരം സ്ത്രീ: “കൎത്താവേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങ

ളുടെ പിതാക്കന്മാർ ഈ ഗരിസീം മലയിൽ കുമ്പി ട്ടുവന്നു. നിങ്ങളോ കുമ്പിടേണ്ടുന്ന സ്ഥലം യരുശ ലേമിൽ ആകുന്നു എന്നു പറയുന്നു; സത്യം ഏതാ കുന്നു"? എന്നു ചോദിച്ചപ്പോൾ: "സത്യനമസ്കാരി



കൾ പിതാവിനെ ആത്മാവിലും സത്യത്തിലും കു മ്പിടുന്ന നാഴിക വരുന്നു എന്നു വിശ്വസിക്ക; ദൈ വം ആത്മാവാകുന്നു, അവനെ കുമ്പിടുന്നവർ ആത്മാവിലും സത്യത്തിലും കുമ്പിടുകയും വേ ണം" എന്നു യേശു പറഞ്ഞതു കേട്ടു: "മശിഹ വ രുമ്പോൾ ഞങ്ങൾക്ക സകലവും ഉപദേശിക്കും"

എന്നു സ്ത്രീ പറഞ്ഞതിന്നു: “നിന്നോടു സംസാരിക്കുന്ന ഞാൻ അവൻ തന്നേ” എന്നു യേശു അരുളിച്ചെയ്തു.

3. അതു കേട്ടപ്പോൾ സ്ത്രീ കുടം വെച്ചു നഗരത്തിലേക്ക ഓടിപ്പോയി: “കിണററിന്റെ അരികിൽ ഒരു മനുഷ്യൻ ഇരിക്കുന്നുണ്ടു, ഞാൻ ചെയ്തിട്ടുള്ളതൊക്കയും അവൻ എന്നോടു പറഞ്ഞു; അവൻ മശീഹ തന്നെയോ എന്നു വന്നു നോക്കുവിൻ” എന്നു പറഞ്ഞപ്പോൾ അവർ എല്ലാവരും വന്നു യേശുവിനെ കണ്ടു കുറയ ദിവസം തങ്ങളോടു കൂട പാൎക്കേണ്ടതിന്നു അവനോടു അപേക്ഷിച്ചതുകൊണ്ടു യേശു രണ്ടു ദിവസം അവിടേ താമസിച്ചു. അവന്റെ ഉപദേശം കേട്ട പലരും അവനിൽ വിശ്വസിച്ചു സ്ത്രീയോടു: “ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു ഞങ്ങൾ തന്നെ കേട്ടും ഇവൻ ലോകരക്ഷിതാവാകുന്നു സത്യം എന്നറിഞ്ഞും ഇരിക്കുന്നു” എന്നു പറകയും ചെയ്തു.

### വേദോക്തം.

ജീവന്റെ അപ്പം ഞാൻ ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരുനാളും ദാഹിക്കയും ഇല്ല. യോഹ. ൬, ൩൫.

---

## ൨൭. പേത്രന്റെ മീൻപിടിയും അപ്പൊസ്തലരെ നിശ്ചയിച്ചതും വെള്ളിക്കാശും.

(ലൂക്ക് ൫. മത്താ. ൰. മാക്ക് ൰൪. ലൂക്ക് ൨൰൨. മത്താ. ൨൰൬.)

1. യേശു ഒരു ദിവസം കപ്പർന്നഹൂം പട്ടണത്തിൽ ഗലീല കടൽക്കരെവെച്ചു പ്രസംഗിക്കുമ്പോൾ വലിയ പുരുഷാരം വന്നു ദൈവവചനം കേൾപ്പാൻ തിക്കിത്തിരക്കിയതുകൊണ്ടു അവൻ കേഫ എന്ന പേത്രന്റെ തോണിയിൽ കയറി ഇരുന്നു ഉപദേശിച്ചു.

പ്രസംഗം തീൎന്നപ്പോൾ അവൻ പത്രോസിനോടു: "നീ കഴത്തിലേക്കു നീക്കി വല വീശുക" എന്നു കല്പിച്ചു. "ഗുരോ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എങ്കിലും നിന്റെ കല്പനപ്രകാരം ഞാൻ വല ഇറക്കാം" എന്നു അവൻ പറഞ്ഞു; അങ്ങിനെ അവർ ചെയ്തപ്പോൾ വലിയ മീൻകൂട്ടം വലയിൽ പെട്ടു അതു കീറാറായി. അപ്പോൾ മറേറ തോണിക്കാരായിരുന്ന യാക്കോബ് യോഹന്നാൻ എന്നവരെ വിളിച്ചു പടവു രണ്ടും ആഴുമാറു മത്സ്യം നിറെക്കയും ചെയ്തു.

പത്രോസ് ഇതു കണ്ടു യേശുവിനെ കുമ്പിട്ടു. "കൎത്താവേ, ഞാൻ പാപിയായ മനുഷ്യനാക കൊണ്ടു എന്നെ വിട്ടുപോക" എന്നു പറഞ്ഞു. അവനും കൂടെയുള്ളവരെല്ലാവരും ഭ്രമിച്ചു നില്ക്കുമ്പോൾ യേശു പത്രോസിനോടു: "ഭയപ്പെടേണ്ടാ, ഇനിമേൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും, എന്റെ പിന്നാലെ വരുവിൻ" എന്നു കല്പി

ച്ചു, അതു അവർ അനുസരിച്ചു തോണി കരമേലേററി സകലവും വിട്ടു യേശുവിൻെറ കൂടപ്പോയി.

2. പിന്നെ യേശു തൻെറ ശിഷ്യന്മാരിൽനിന്നു പന്ത്രണ്ടു ആളുകളെ തെരിഞ്ഞെടുത്തു, 'അയക്കപ്പെട്ടവർ' എന്നത്ഥമുള്ള 'അപ്പോസ്തലർ' എന്നസ്ഥാനപ്പേർ കൊടുക്കുകയും അന്നുമുതൽ കൂടെക്കൂടെ അവരെ പ്രസംഗിപ്പാൻ അയക്കുകയും ചെയ്തു. അപ്പോസ്തലരുടെ പേരുകൾ ഇവയാകുന്നു. 1. ബെത്സയിദാക്കാരനായ യോനാവിൻ മകൻ ശിമോൻ പത്രോസ്, 2. അവൻെറ സഹോദരനായ അന്ത്രയാവ്, 3. ബെത്സയിദാക്കാരനായ സബദിയുടെ മകൻ യോഹന്നാൻ, 4. അവൻെറ സഹോദരനായ യാക്കോബ്, 5. ഫിലിപ്പോസ്, 6. ബത്തൊലൊമായി, 7. തോമാസ്, 8. ചുങ്കക്കാരനായ മത്തായി (ലേവി), 9. ചെറിയ യാക്കോബ്, 10. യൂദാ യാക്കോബ്, 11. കാനാക്കാരനായ ശിമോൻ, 12. യൂദാ ഇസ്കാര്യോത്ത്.

3. കുറയ കാലം കഴിഞ്ഞാറെ യേശു ശിഷ്യന്മാരോടു കൂട കപ്പർന്നഹൂംപട്ടണത്തിൽ എത്തിയപ്പോൾ തലപ്പണം വാങ്ങുന്നവർ വന്നു പത്രോസിനോടു: "നിങ്ങളുടെ ഗുരു തലപ്പണം തരുമോ" എന്നു ചോദിച്ചതിന്നു "ഉവ്വു" എന്നു അവൻ പറഞ്ഞു. വീട്ടിലെത്തിയ ഉടനെ യേശു: "ശിമോനേ, നിണക്കു എന്തു തോന്നുന്നു; രാജാക്കന്മാർ ആരോടാകുന്നു ചുങ്കവും വരിപ്പണവും വാങ്ങുന്നതു പുത്രന്മാരോടോ അന്യരോടോ" എന്നു ചോദിച്ചതിന്നു: "അന്യരോടു തന്നേ" എന്നു അവൻ ഉത്തരം പറഞ്ഞു. യേശു അതുകേട്ടിട്ടു: "എന്നാൽ പുത്രന്മാർ ഒഴിവുള്ളവരാകുന്നുവല്ലൊ എ

ങ്കിലും അവക്ക നീരസം വരാതിരിപ്പാൻ കടലിൽനിന്നു ഒരു മത്സ്യം വററെടുക്ക; അതിൻെറ വായിൽ ഒരു വെള്ളിക്കാശ് കാണും, അതു എടുത്തു എനിക്കും നിണക്കും വേണ്ടി കൊടുക്ക" എന്നു കല്പിക്കയും ചെയ്തു.

വേദോക്തം.

കൈസൎക്കുള്ളവ കൈസൎക്കും ദൈവത്തിന്നുള്ളവ ദൈവത്തിന്നും കൊടുപ്പിൻ. മത്തായി ൨൨, ൨൧.

---

## ൻ. പൎവ്വതപ്രസംഗം.

(മത്താ. ൫ — ൭.)

പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുററി സഞ്ചരിച്ചുകൊണ്ടു അവരുടെ പള്ളികളിൽ ഉപദേശിക്കയും ദൈവരാജ്യത്തിൻെറ സുവിശേഷത്തെ പ്രസംഗിക്കയും ജനങ്ങളുടെ സകല ദീനത്തെയും സകല വ്യാധിയെയും സൌഖ്യമാക്കുകയും ചെയ്തു. അതിൽ പിന്നെ വളരേ ജനങ്ങൾ വരുന്നതു യേശു കണ്ടു ഒരു മലമേൽ കയറി ഇരുന്നശേഷം ശിഷ്യന്മാർ അടുക്കെ വന്നു അവൻ അവരോടു പറഞ്ഞതു:

1. "**ആത്മാവിൽ ദരിദ്രരായവർ** ഭാഗ്യവാന്മാർ; സ്വൎഗ്ഗരാജ്യം അവൎക്കുള്ളതാകുന്നു. **ദുഃഖിക്കുന്നവർ** ഭാഗ്യവാന്മാർ; അവർ ആശ്വസിക്കപ്പെടും. **സൌമ്യതയുള്ളവർ** ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും. നീതിക്കു **വിശക്കയും ദാഹിക്കയും ചെയ്യുന്നവർ** ഭാഗ്യവാന്മാർ; അവർ തൃപ്തന്മാരാകും. **കരുണയുള്ളവർ** ഭാഗ്യവാന്മാർ; അവ

ക്ക കരുണ ലഭിക്കും. **ഹൃദയശുദ്ധിയുള്ളവർ** ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. **സമാധാനം ഉണ്ടാക്കുന്നവർ** ഭാഗ്യവാന്മാർ; അവർ ദൈവത്തിൻെറ പുത്രന്മാർ എന്നു വിളിക്കപ്പെടും. **നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ** ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവക്കുള്ളതാകുന്നു. **എൻെറ നിമിത്തം** നിങ്ങളെ **പഴിക്കയും പീഡിപ്പിക്കയും** നിങ്ങളെ കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു.

2. നിങ്ങൾ **ഭൂമിയുടെ ഉപ്പാകുന്നു.**—നിങ്ങൾ **ലോകത്തിൻെറ വെളിച്ചം** ആകുന്നു. അതുകൊണ്ടു മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

3. **ഞാൻ ന്യായപ്രമാണത്തെ എങ്കിലും പ്രവാചകന്മാരെ എങ്കിലും നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കേണ്ടാ; നീക്കുവാൻ അല്ല, പൂത്തി വരുത്തുവാൻ അത്രേ ഞാൻ വന്നതു. ആമെൻ, ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരേ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു പ്രകാരത്തിലും ഒഴിഞ്ഞുപോകയില്ല.**

നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ പകെക്കുന്നവക്കു നന്മ ചെയ്യിൻ; നിങ്ങളെ വലെക്കുന്നവ

ക്കും പീഡിപ്പിക്കുന്നവൎക്കും വേണ്ടി പ്രാൎത്ഥിക്കയും ചെയ്വിൻ; സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്നു പുത്രരായി വരേണ്ടതിന്നു തന്നേ; അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കയും ചെയ്യുന്നവല്ലോ. എങ്ങിനെ എന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക എന്തു പ്രതിഫലം ഉള്ളു? ചുങ്കക്കാരും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ? ആകയാൽ നിങ്ങളുടെ സ്വൎഗ്ഗീയപിതാവു പരിപൂൎണ്ണൻ ആയിരിക്കുന്നതു പോലെ നിങ്ങളും പരിപൂൎണ്ണന്മാർ ആകുവിൻ!

4. മനുഷ്യരാൽ കാണപ്പെടേണ്ടതിന്നു നിങ്ങളുടെ നീതിയെ അവൎക്കു മുമ്പാകെ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക പ്രതിഫലം ഇല്ല. നീ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു നിന്റെ വലങ്കൈ ചെയ്യുന്നതു എന്തു എന്നു നിന്റെ ഇടങ്കൈ അറിയരുതു. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിണക്ക പ്രതിഫലം തരും.

5. നീ പ്രാൎത്ഥിക്കുമ്പോൾ നിന്റെ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാൎത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിണക്ക പ്രതിഫലം തരും. പിന്നേ നിങ്ങൾ പ്രാൎത്ഥിക്കയിൽ ജാതികളെ പോലെ ജല്പനം ചെയ്യരുതു. തങ്ങളുടെ അതിഭാഷണത്താൽ

കേൾക്കപ്പെട്ടും എന്നല്ലോ അവർ നിനെക്കുന്നു. ആകയാൽ അവരോട്ടു തുല്യരാകരുതു. അതുകൊണ്ടു നിങ്ങൾ ഈ വണ്ണം പ്രാൎത്ഥിപ്പിൻ:

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിൻെറ രാജ്യം വരേണമേ; നിൻെറ ഇഷ്ടം സ്വൎഗ്ഗത്തിലെ പോലേ ഭൂമിയിലും നടക്കേണമേ; ഞങ്ങൾ്ക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിട്ടുന്നതുപോലേ ഞങ്ങളുടെ കടങ്ങളെ വിട്ടുതരേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദോഷത്തിൽ നിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ; രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിണക്കല്ലോ ആകുന്നു. ആമെൻ.

6. പുഴവും തുരമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിക്കരുതു. പുഴവും തുരമ്പും കെടുക്കാതേയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതേയും ഇരിക്കുന്ന സ്വൎഗ്ഗത്തിൽ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിച്ചുകൊൾവിൻ. എന്തുകൊണ്ടെന്നാൽ നിൻെറ നിക്ഷേപം എവിടെയോ അവിടേ നിൻെറ ഹൃദയവും ഇരിക്കും.

എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിന്നായും വിചാരപ്പെടരുതു; ആഹാരത്തെക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ? ആകാശത്തിലേ പറവജാതികളെ നോക്കുവിൻ; അവ വി

തെക്കുന്നില്ല കൊയ്യുന്നതുമില്ല കളപ്പുരകളിൽ കൂട്ടിവെക്കുന്നതുമില്ല, എങ്കിലും സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലൎത്തുന്നു; അവയെക്കാൾ നിങ്ങൾ ഏററവും വിശേഷതയുള്ളവരല്ലയോ?—ഉടുപ്പിനെ കുറിച്ച വിചാരപ്പെടുന്നതും എന്തിന്നു? വയലിലേ താമരകൾ എങ്ങിനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല നൂല്ക്കുന്നതുമില്ല; എന്നാൽ ശലൊമോൻ തന്നെയും തന്റെ സകല മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലേപുല്ലിനെ ദൈവം ഇപ്രകാരം ചമയിക്കുന്നെങ്കിൽ അല്പവിശ്വാസികളെ, നിങ്ങളെ എത്ര അധികം? **മുമ്പെ ദൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയെയും അന്വേഷിപ്പിൻ, എന്നാൽ ഇവയും എല്ലാം നിങ്ങൾക്കു കിട്ടും.**

7. നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു; എന്തുകൊണ്ടെന്നാൽ നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളും വിധിക്കപ്പെടും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളക്കപ്പെടും.—ആകയാൽ മനുഷ്യർ നിങ്ങൾക്കു എന്തെല്ലാം ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നുവോ അപ്രകാരം നിങ്ങൾ അവൎക്കും ചെയ്വിൻ!

8. യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും; എന്തുകൊണ്ടെന്നാൽ യാചിക്കുന്നവൻ എല്ലാവനും ലഭി

ക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്ന വന്നു തുറക്കപ്പെടും. അല്ല മകൻ അപ്പം യാചിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ യാചിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? ആകയാൽ ദോഷികൾ ആകുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നെങ്കിൽ സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവൎക്കു നന്മകളെ എത്ര അധികം കൊടുക്കും!

9. ഇടുക്കുവാതിലൂടെ അകത്തു പ്രവേശിപ്പിൻ എന്തുകൊണ്ടെന്നാൽ നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും ആകുന്നു, അതിൽ കൂടി കടക്കുന്നവർ അനേകർ ആകുന്നു; ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളതാകുന്നു, അതിനെ കണ്ടെത്തുന്നവർ ചുരുക്കമത്രേ.

10. എന്നോടു കൎത്താവേ, കൎത്താവേ, എന്നു പറയുന്നവർ എല്ലാവരും സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല. സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമെ പ്രവേശിക്കയുള്ളു. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനെ ഒക്കയും തന്റെ ഭവനത്തെ പാറമേൽ പണിത ബുദ്ധിയുള്ള മനുഷ്യനോടു ഞാൻ തുല്യനാക്കും. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റുകൾ അടിച്ചു ആ ഭവനത്തിന്മേൽ അലച്ചു. എന്നാൽ അതു പാറമേൽ അടിസ്ഥാനം ഉള്ളതാകയാൽ വീണില്ല. ഈ എന്റെ വചനങ്ങളെ കേട്ടിട്ടു ചെയ്യാത്തവനോ തന്റെ ഭവ

നത്തെ മണലിന്മേൽ പണിത മൂഢമനുഷ്യനോടു തുല്യനാകും. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററുകൾ അടിച്ചു ആ ഭവനത്തിന്മേൽ അലച്ചു. അപ്പോൾ അതു വീണു അതിന്റെ വീഴ്ച വലുതായിരുന്നു.

ഈ വചനങ്ങളെ യേശു പറഞ്ഞു തീൎന്നപ്പോൾ: പുരുഷാരങ്ങൾ അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. എന്തുകൊണ്ടെന്നാൽ അവരുടെ ശാസ്ത്രികളെപോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോടു ഉപദേശിച്ചതു.

### വേദോക്തം.

നിൻ ധൎമ്മത്തിലേ അതിശയങ്ങളെ നോക്കുവാൻ എന്റെ കണ്ണുകളെ തുറക്കുക. സങ്കീ. ൧൧൯, ൧൮.

---

## ൧൦. യേശു ദീനക്കാരെ സൌഖ്യപ്പെടുത്തുന്നതു.

(യോഹ. ൫. ലൂക്ക് ൭. മാൎക്ക് ൨. ലൂക്ക് ൧൭. മത്താ. ൧൫.)

### 1. ബെത്ഥെസ്ദയിലേ ദീനക്കാരൻ.

യരുശലേം സമീപത്തു ബെത്ഥെസ്ദ എന്ന ഒരു കുളം ഉണ്ടായിരുന്നു. അതിലെ വെള്ളം രോഗശാന്തിക്കു എത്രയും വിശേഷമായിരുന്നു. ദൈവശക്തിയാൽ ആ വെള്ളം കലങ്ങുമ്പോൾ ഏതൊരു രോഗി ആകുന്നു ഒന്നാമതു അതിൽ മുങ്ങുന്നതു അവന്നു സൌഖ്യം വരും. അവിടേ ധൎമ്മിഷ്ഠന്മാർ ദീനക്കാൎക്കു വേണ്ടി എടുപ്പിച്ച അഞ്ചു മണ്ഡപങ്ങളും ഉണ്ടായിരുന്നു.

അവയിൽ പല രോഗികൾ വെള്ളത്തിൻെറ ഇളക്കം കാത്തു കിടന്നിരുന്നു.

യേശു പെരുന്നാളിന്നായി യരുശലേമിൽ പോയപ്പോൾ ദീനക്കാരെ കാണ്മാൻ ബെത്തേസ്ദയിൽ ചെന്നു മുപ്പത്തെട്ടു വൎഷം രോഗിയായി കിടന്നൊരു മനുഷ്യനെ കണ്ടു: സൌഖ്യമാവാൻ നിണക്കു മനസ്സുണ്ടോ" എന്നു ചോദിച്ചതിന്നു അവൻ: "കൎത്താവേ, വെള്ളം ഇളകുമ്പോൾ എന്നെ കുളത്തിൽ കൊണ്ടാക്കുവാൻ എനിക്കു ആരുമില്ല. പിന്നെ ഞാൻ തന്നേ ചെല്ലുമ്പോൾ മറെറാരുത്തൻ എനിക്കു മുമ്പായി വെള്ളത്തിൽ ഇറങ്ങുന്നു" എന്നു പറഞ്ഞപ്പോൾ യേശു: "നീ എഴുനീററു നിൻെറ കിടക്ക എടുത്തു നടക്ക" എന്നു കല്പിച്ചു ഉടനെ അവൻ സൌഖ്യം പ്രാപിച്ചു തൻെറ കിടക്ക എടുത്തുംകൊണ്ടു നടന്നു.



## 2. ശതാധിപന്റെ വേലക്കാരൻ.

അക്കാലത്തു കപ്പൎന്നഹൂംപട്ടണത്തിൽ ഒരു രോമ ശതാധിപൻ ഉണ്ടായിരുന്നു. തന്റെ പ്രിയനായ വേലക്കാരൻ ദീനം പിടിച്ചു മരിപ്പാറായപ്പോൾ അവനെ സൌഖ്യമാക്കേണമെന്നു അപേക്ഷിപ്പാൻ അവൻ ചില യഹൂദമുഖ്യസ്ഥന്മാരെ യേശുവിന്റെ അടുക്കെ അയച്ചു; അവർ യേശുവിനെ ചെന്നു കണ്ടു: "ശതാധിപൻ നമ്മുടെ ജനത്തെ സ്നേഹിച്ചു ഞങ്ങൾക്കൊരു പള്ളിയും തീൎപ്പിച്ചു തന്നിരിക്കകൊണ്ടു അവനെ വിചാരിച്ചു രോഗശാന്തി വരുത്തിക്കൊടുപ്പാൻ അവൻ യോഗ്യനാകുന്നു" എന്നു പറഞ്ഞു.

യേശു അവരോടു കൂട പോകുമ്പോൾ ശതാധിപൻ തന്റെ ഇഷ്ടന്മാരെ അയച്ചു പറഞ്ഞതു: "കൎത്താവേ, നീ എന്റെ വീട്ടിൽ വരുവാൻ ഞാൻ യോഗ്യനല്ല, ഒരു വാക്ക കല്പിച്ചാൽ എന്റെ ബാല്യക്കാരന്നു സൌഖ്യമാകും; ഞാനും അധികാരത്തിങ്കീഴിലുള്ള ഒരു മനുഷ്യൻ ആകുന്നു; എന്റെ കീഴിലും പട്ടാളക്കാരുണ്ടു; ഞാൻ ഒരുത്തനോടു 'പോക', എന്നു പറഞ്ഞാൽ അവൻ പോകുന്നു; മറെറാരുത്തനോടു 'വരിക' എന്നു പറഞ്ഞാൽ അവൻ വരുന്നു; വേലക്കാരനോടു: 'ഇതു ചെയ്ക' എന്നു കല്പിച്ചാൽ അവൻ ചെയ്യുന്നു".

യേശു അതു കേട്ടപ്പോൾ വിസ്മയിച്ചു തിരിഞ്ഞു ജനങ്ങളെ നോക്കി: "ഇങ്ങിനെയുള്ള വിശ്വാസം ഞാൻ ഇസ്രായേലിൽ പോലും കണ്ടിട്ടില്ല" എന്നു പറഞ്ഞു, അയച്ചവരോടു: "പോകുവിൻ, വിശ്വാസപ്രകാരം ഭവിക്കട്ടേ" എന്നു അരുളി. പിന്നെ അവർ

വീട്ടിൽ എത്തിയപ്പോൾ രോഗി സൌഖ്യത്തോടെ ഇരിക്കുന്നതു കണ്ടു.

### 3. പക്ഷവാതക്കാരൻ

യേശു വീണ്ടും കപ്പൎന്നഹൂംപട്ടണത്തിലേക്കു യാത്രയായി ഒരു വീട്ടിൽ പ്രവേശിച്ചു സുവിശേഷം പ്ര



സംഗിക്കുമ്പോൾ ഒരു വലിയ പുരുഷാരം വീട്ടിന്റെ അകത്തും പുറത്തും വന്നു കൂടി. അപ്പോൾ ചില

ആളുകൾ ഒരു പക്ഷവാതക്കാരനെ എടുത്തു കൊണ്ടുവന്നു അവന്റെ മുമ്പാകെ വെപ്പാൻ ഭാവിച്ചു. പുരുഷാരം നിമിത്തം വാതിൽ കടന്നു അകത്തു ചെല്ലുവാൻ പാടില്ലായ്കകൊണ്ടു വീട്ടിന്മേൽ കയറി മച്ചു പൊളിച്ചു അവനെ യേശുവിന്റെ മുമ്പിൽ ഇറക്കി. യേശു അവരുടെ വിശ്വാസം കണ്ടപ്പോൾ അവനോടു: "മകനേ, നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു; നീ എഴുനീറ്റു നിന്റെ കിടക്ക എടുത്തു വീട്ടിൽ പോക" എന്നു പറഞ്ഞു. അതു കേട്ട ഉടനെ പക്ഷവാതക്കാരൻ എഴുനീറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോയതു കണ്ടിട്ടു പലരും വിസ്മയിച്ചു; "നാം ഇന്നു അപൂർവ്വകാര്യം കണ്ടു" എന്നു പറഞ്ഞു ദൈവത്തെ സ്തുതിക്കയും ചെയ്തു.

## 4. പത്തു കുഷ്ഠരോഗികൾ.

യേശു ഒരിക്കൽ യരുശലേമിലേക്കു യാത്രയായി. ഒരു ഗ്രാമത്തിൽ ചെല്ലുന്നേരം പത്തു കുഷ്ഠരോഗികൾ അവനെ കണ്ടു അകലേ നിന്നുകൊണ്ടു: "യേശുനായകാ, ഞങ്ങളോടു ദയയുണ്ടാകേണമേ" എന്നു ശബ്ദം ഉയർത്തി പറഞ്ഞു. യേശു അവരെ നോക്കി: "നിങ്ങൾ പോയി പുരോഹിതന്മാൎക്കു നിങ്ങളെ കാണിപ്പിൻ" എന്നു പറഞ്ഞു. അവർ പോകുന്ന വഴിയിൽ വെച്ചു തന്നേ ശുദ്ധരായ്തീൎന്നു.

അവരിൽ ഒരുവൻ തനിക്കു സൌഖ്യം വന്നു എന്നു കണ്ടു മടങ്ങി ചെന്നു മഹാശബ്ദത്തോടെ ദൈവത്തെ തേജസ്കരിച്ചുംകൊണ്ടു, യേശുവിന്റെ കാല്ക്കൽ കവിണ്ണുവീണു ഉപചാരം പറഞ്ഞു; അവനോ

ശമൎയ്യക്കാരൻ ആയിരുന്നു. അതു കണ്ടപ്പോൾ: "പ ത്തുപേർ ശുദ്ധരായില്ലയോ? ഒമ്പതു പേർ എവിടേ? ഈ അന്യജാതിക്കാരനല്ലാതെ ദൈവത്തിന്നു മഹ ത്വം കൊടുപ്പാൻ വേറെ ആരും തിരിച്ചു വന്നില്ല യോ എന്നു യേശു വ്യസനത്തോടെ ചോദിച്ചു". പി ന്നെ അവനോടു "എഴുനീറ്റു പോയ്ക്കൊൾക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു" എന്നു പറഞ്ഞു.

## 5. കനാന്യസ്ത്രീ.

യേശു തൂർ സീദോൻ എന്ന അംശങ്ങളിലേക്കു വാങ്ങിപ്പോയി. ആ ദിക്കിൽനിന്നു കനാന്യക്കാരത്തി യായ ഒരു സ്ത്രീ വന്നു അവനോടു: "ദാവീദ്പുത്ര, ക ൎത്താവേ, എന്നോടു കനിവു തോന്നേണമേ! എന്റെ മകൾക്കു ഭൂതോപദ്രവം കഠിനമായിട്ടു ഉണ്ടു" എന്നു നിലവിളിച്ചു പറഞ്ഞു. അവളോടു അവൻ ഉത്തരം ഒന്നും മിണ്ടാഞ്ഞപ്പോൾ ശിഷ്യന്മാർ യേശുവോടു അവൾക്കു വേണ്ടി അപേക്ഷിച്ചു. യേശു; "ഇസ്ര യേൽഗൃഹത്തിലേ കാണാതെ പോയ ആടുകളുടെ അടുക്കലേക്കു അല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല" എന്നു പറഞ്ഞു.

എന്നാറെ അവൾ: "കൎത്താവേ, എന്നെ തുണ ക്കേണമേ" എന്നു പറഞ്ഞു അവനെ കുമ്പിട്ടപ്പോൾ അവൻ: "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്നു പറഞ്ഞതിന്നു അവൾ: "അതേ കൎത്താവേ, നായ്ക്കുട്ടികളും ഉടയവ രുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നു വല്ലോ" എന്നു പറഞ്ഞു. അപ്പോൾ യേശു ഉത്തര

മായി: “സ്ത്രീയേ, നിൻെറ വിശ്വാസം വലിയതു; നിൻെറ ഇഷ്ടം പോലെ ഭവിക്കട്ടെ” എന്നു അവളോടു പറഞ്ഞു; ആ നാഴികക്കു അവളുടെ മകൾക്കു സൌഖ്യം വന്നു.

### വേദോക്തം.

ഞെരുക്കനാളിൽ എന്നെ വിളിക്ക, ഞാൻ നിന്നെ ഉദ്ധരിക്കും; നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും. സങ്കീൎത്തനം ൫൦, ൧൫.

---

## ൧൫. യേശു മരിച്ചവരെ ഉയിൎപ്പിച്ചതു.

(ലൂക്ക് ൭. വ.)

### 1. വിധവയുടെ മകൻ.

അതിൻെറ ശേഷം യേശു ശിഷ്യന്മാരോടും വലിയ ജനസംഘത്തോടും കൂടെ യാത്രയായി **നയിൻ** പട്ടണസമീപത്തെത്തിയപ്പോൾ കുറെ ആളുകൾ മരിച്ചു പോയ ഒരു ബാല്യക്കാരനെ കുഴിച്ചിടുവാൻ കൊണ്ടു പോകുന്നതു കണ്ടു. ആ ബാല്യക്കാരൻ ഒരു വിധവയുടെ ഏകമകനായിരുന്നു. ആ അമ്മയുടെ മഹാദുഃഖം കണ്ടപ്പോൾ കൎത്താവു മനസ്സലിഞ്ഞു അവളോടു: “കരയേണ്ടാ” എന്നു പറഞ്ഞു; അപ്പോൾ ശവം എടുത്തവർ നിന്നു, യേശു പ്രേതമഞ്ചം തൊട്ടു “ബാല്യക്കാരാ, ഞാൻ നിന്നോടു കല്പിക്കുന്നു, എഴുനീല്ക്ക” എന്നു പറഞ്ഞ ഉടനേ മരിച്ചവൻ എഴുനീറ്റു ഇരുന്നു സംസാരിച്ചുതുടങ്ങി. യേശു അവനെ മാതാവിന്നു ഏല്പിച്ചുകൊടുത്തു. ഇതു കണ്ടപ്പോൾ ജനങ്ങൾ വളരെ ഭയപ്പെട്ടു: “ദൈവം തൻെറ ജനത്തെ സന്ദ

ശിച്ചു വലിയ പ്രവാചകനെ അയച്ചു” എന്നു പറഞ്ഞു ദൈവത്തെ മഹത്വീകരിക്കയും ചെയ്തു.


## 2. യായിറോസിന്റെ മകൾ.

പിന്നെ യേശു ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ **യായിറോസ്** എന്ന പള്ളിപ്രമാണി വന്നു അവനെ കുമ്പിട്ടു: “ഗുരോ, പന്ത്രണ്ടു വയസ്സുള്ള എന്റെ ഏകപുത്രി രോഗം പിടിച്ചു മരിപ്പാറായിരിക്കകൊണ്ടു ദയ വിചാരിച്ചു വന്നു അവളെ സൌഖ്യമാക്കേണം” എന്നു അപേക്ഷിച്ചു.

യേശു അവനോടു കൂട പോകുമ്പോൾ ജനങ്ങൾ അവനെ തിക്കി. ആ കൂട്ടത്തിൽ പന്ത്രണ്ടു വൎഷം തന്റെ രക്തസ്രാവത്തിന്റെ ചികിത്സക്കായിട്ടു ധനമൊക്കെയും വെറുതേ ചിലവിട്ട ഒരു സ്ത്രീ ഉണ്ടായിരുന്നു; അവൾ യേശുവിന്റെ അവസ്ഥ കേട്ടു വന്നു അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ പിന്നിൽനിന്നു തൊട്ടു. ഉടനേ അവളുടെ സ്രാവം ശമിച്ചു. അപ്പോൾ യേശു: “എന്നെ തൊട്ടതാർ” എന്നു ചോദിച്ചു. ശിഷ്യന്മാർ: “പുരുഷാരം നിന്നെ തിക്കിവരുന്നതുകൊണ്ടു എന്നെ തൊട്ടതാരെന്നു ചോദിപ്പാൻ സംഗതി ഇല്ലല്ലോ” എന്നു പറഞ്ഞപ്പോൾ യേശു: “അപ്രകാരമല്ല, എന്നിൽനിന്നു ഒരു ശക്തി പുറപ്പെട്ടിരിക്കുന്നു എന്നു ഞാൻ അറിയുന്നു; ഒരാൾ എന്നെ തൊട്ടിട്ടുണ്ടു” എന്നു പറഞ്ഞു. കാൎയ്യം ഇനി മറെച്ചുവെപ്പാൻ സാധിക്കയില്ലെന്നു കണ്ടു ആ സ്ത്രീ വിറെച്ചുംകൊണ്ടു യേശുവിന്റെ കാല്ക്കൽ വീണു സകലത്തെയും അറിയിച്ചു. അപ്പോൾ അവൻ: “മകളേ, ധൈൎയ്യമായിരിക്ക, നി

ൻെറ വിശ്വാസം നിന്നെ രക്ഷിച്ചു; സമാധാനത്തോടെ പോക" എന്നു പറഞ്ഞു.

ഇങ്ങിനെ പറയുമ്പോൾ തന്നെ പ്രമാണിയുടെ വീട്ടിൽനിന്നു ഒരാൾ വന്നു: "നിൻെറ മകൾ മരിച്ചു പോയി, ഗുരുവിനെ അസഹ്യപ്പെടുത്തേണ്ട" എന്നു പറഞ്ഞു. യേശു അതു കേട്ടു യായിറോസിനോടു: "ഭയപ്പെടേണ്ട, വിശ്വസിക്ക മാത്രം ചെയ്യ" എന്നു പറഞ്ഞു, വീട്ടിലേക്കു ചെന്നു. എല്ലാവരും അവളെ കുറിച്ചു കരഞ്ഞു മുറയിടുന്നതു കണ്ടപ്പോൾ: "നിങ്ങൾ



കരയേണ്ട; അവൾ മരിച്ചിട്ടില്ല ഉറങ്ങുകയാകുന്നു" എന്നു പറഞ്ഞു. എങ്കിലും അവൾ മരിച്ചുപോയി എന്നു അവർ അറികയാൽ അവനെ പരിഹസിച്ചു. എന്നാൽ അവൻ പത്രോസിനെയും യോഹന്നാനെ

യും യാക്കോബിനെയും അവളുടെ മാതാപിതാക്കന്മാരെയും ഒഴികെ എല്ലാവരെയും പുറത്താക്കി, കുട്ടിയുടെ കൈ പിടിച്ചു: "ബാലേ, എഴുനീല്ക്ക" എന്നു കല്പിച്ചു ഉടനേ അവളുടെ ആത്മാവു തിരിച്ചു വന്നു അവൾ എഴുനീല്ക്കയും ചെയ്തു. പിന്നേ അവൾക്കു ഭക്ഷണം കൊടുപ്പാൻ അവൻ കല്പിച്ചു.

വേദോക്തം.

യേശുക്രിസ്തു ഇപ്പോൾ മരണത്തെ നീക്കി, സുവിശേഷംകൊണ്ടു ജീവനെയും കെടായ്മയെയും വിളങ്ങിച്ചു. ൨ തിമോ. ൧, ൧൦.

---

## ൧൨. സ്നാപകനായ യോഹന്നാന്റെ മരണം.

(മത്തായി ൧൧. ൧൪.)

1. ഹേരോദാരാജാവു അനുജനായ ഫീലിപ്പൊസിന്റെ ഭാൎയ്യയായ ഹെരോദ്യയെ അന്യായമായി പരിഗ്രഹിച്ചതു നിമിത്തം സ്നാപകനായ യോഹന്നാൻ രാജാവിനെ ശാസിച്ചു. അതുകൊണ്ടു ഹേരോദാ കോപിച്ചു അവനെ തടവിൽ ആക്കി. ഹെരോദ്യയോ അവനെ കൊല്ലുവാൻ തഞ്ചം അന്വേഷിച്ചു.

2. പിന്നേ യോഹന്നാൻ തടവിൽവെച്ചു ക്രിസ്തുവിന്റെ ക്രിയകളെ കേട്ടിട്ടു: "വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറെറാരുവനെ കാത്തിരിക്കയോ" എന്നു അവനോടു ചോദിപ്പാൻ രണ്ടു ശിഷ്യന്മാരെ പറഞ്ഞയച്ചു. യേശു അവരോടു ഉത്തരം പറഞ്ഞതു: "നിങ്ങൾ കേൾക്കകയും കാണുകയും ചെയ്യുന്നവ

യോഹന്നാനോടു ചെന്നു അറിയിപ്പിൻ. കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായ്ത്തീരുന്നു, ചെവിടർ കേൾക്കുന്നു, മരിച്ചവർ ഉയിൎക്കുന്നു, ദരിദ്രൎക്കു സുവിശേഷം അറിയിക്കപ്പെടുന്നു; എന്നാൽ എങ്കൽ ഇടറിപ്പോകാത്തവൻ ഭാഗ്യവാൻ".

3. പിന്നെ രാജാവു തന്റെ ജനനദിവസത്തിൽ പ്രഭുക്കൾക്കും മന്ത്രികൾക്കും സേനാപതികൾക്കും പ്രമാണികൾക്കും അത്താഴം കഴിക്കുമ്പോൾ ഹെരോദ്യയുടെ മകൾ രാജസന്നിധിയിങ്കൽനിന്നു നൃത്തം ചെയ്തു, രാജാവിനെയും വിരുന്നുകാരെയും പ്രസാദിപ്പിച്ചതുകൊണ്ടു രാജാവു അവളോടു: "നിണക്കു ഇഷ്ടമായതു ചോദിക്ക, രാജ്യത്തിന്റെ പകുതിയോളം ആയാലും തരും" എന്നു സത്യം ചെയ്തു.

അവൾ മാതാവോടു: "ഞാൻ എന്തു അപേക്ഷിക്കേണ്ടു" എന്നു ചോദിച്ചപ്പോൾ: "യോഹന്നാന്റെ തല ഒരു തളികയിൽ വെച്ചു തരേണം" എന്നു അവൾ പറഞ്ഞു. അപ്രകാരം മകൾ രാജാവോടു അപേക്ഷിച്ചപ്പോൾ അവൻ വളരേ വിഷാദിച്ചു എങ്കിലും ആണയേയും വിരുന്നുകാരേയും വിചാരിച്ചു അവളുടെ അപേക്ഷ തള്ളിക്കളവാൻ അവന്നു മനസ്സില്ലാഞ്ഞു. ഉടനെ യോഹന്നാന്റെ തലയെ വെട്ടിച്ചുകൊണ്ടു വരുത്തി ബാലെക്കു കൊടുപ്പിച്ചു അവൾ മാതാവിന്നും കൊടുത്തു.

സ്നാപകന്റെ ശിഷ്യന്മാർ ശവം എടുത്തു കല്ലറയിൽ അടക്കം ചെയ്തു വൎത്തമാനം യേശുവോടു അറിയിക്കയും ചെയ്തു.

വേദോക്തം.

കൎത്താവിൽ ചാകുന്ന മൃതന്മാർ ഇന്നു മുതൽ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു ആശ്വസിക്കേണ്ടതിന്നു തന്നേ; അവരുടെ ക്രിയകൾ അവൎക്കു പിഞ്ചെല്ലുകയും ചെയ്യുന്നു. വെളി. ൧൪, ൧൩.


---

## ൧൩. യേശു ചെയ്ത അത്ഭുതപ്രവൃത്തികൾ.

(തുടൎച്ച.)

(മത്തായി ൮. ൧൪. മാൎക്ക് ൬. യോഹ. ൬.)

1. യേശു ഒരു ദിവസം ശിഷ്യന്മാരോടു കൂടി ഒരു പടവിൽ കയറി, സരസ്സിന്റെ അക്കരെക്കു യാത്രയായി. അവർ വലിച്ചു കരവിട്ടു കുറെ ദൂരം പോയി



യേശു അമരത്തു ഉറങ്ങുകയായിരുന്നു. അപ്പോൾ കടലിൽ വലിയ ഓളം ഉണ്ടായി. പടകിൽ തിര

ററന്നു വീണു, അതു മുങ്ങുമാറായപ്പോൾ ശിഷ്യന്മാർ വളരേ ഭയപ്പെട്ടു: "ഗുരോ, ഗുരോ, ഞങ്ങൾ നശിപ്പാറായിരിക്കുന്നു, ഞങ്ങളെ രക്ഷിക്കേണമേ" എന്നു പറഞ്ഞു അവനെ ഉണൎത്തി. അവൻ എഴുനീറ്റു: "അല്പവിശ്വാസികളേ, നിങ്ങൾ എന്തിന്നു ഭയപ്പെടുന്നു" എന്നു പറഞ്ഞു കാററിനെയും കടലിനെയും ശാസിച്ചു, ഉടനെ മഹാശാന്തത ഉണ്ടായി. അതു കണ്ടിട്ടു കൂടെയുള്ളവർ വിസ്മയിച്ചു "കാററും കടലും കൂടി ഇവനെ അനുസരിക്കുന്നു; ഇവനാരാകുന്നു" എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.

അതിൻെറ ശേഷം അവർ അക്കരെ ഗദരദേശത്തിൽ എത്തി. പിശാചു ബാധിച്ച രണ്ടു ആളുകൾ അവിടെ ഉണ്ടായിരുന്നു. യേശു അവരെ സൌഖ്യമാക്കി. പിന്നെ സരസ്സു കടന്നു കപ്പൎന്നഹൂമിലേക്കു മടങ്ങിവരികയും ചെയ്തു.

2. പിന്നെ യേശു സരസ്സു കടന്നു ഒരു വനത്തിൽ പോയിരുന്നപ്പോൾ ജനങ്ങൾ പല ദിക്കിൽനിന്നു വന്നു തന്നെ അനുഗമിക്കുന്നതു കണ്ടപ്പോൾ: "ഇവർ ഇടയനില്ലാത്ത ആടുകളെ പോലെ ഇരിക്കുന്നു" എന്നു പറഞ്ഞു അവരെക്കുറിച്ചു മനസ്സലിഞ്ഞു അവരുടെ കൂടെ ഉണ്ടായിരുന്ന ദീനക്കാരെ സൌഖ്യമാക്കുകയും ദൈവരാജ്യസുവിശേഷം പ്രസംഗിക്കയും ചെയ്തു.

വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അടുക്കൽ ചെന്നു: "ഈ സ്ഥലം മരുഭൂമി ആകുന്നുവല്ലോ. നേരവും വൈകി. പുരുഷാരങ്ങൾ ഗ്രാമങ്ങളിൽ ചെന്നു തങ്ങൾക്കു ഭക്ഷണസാധനങ്ങൾ കൊള്ളേണ്ടതിന്നു

അവരെ പറഞ്ഞയക്കേണം" എന്നു പറഞ്ഞു. യേശു: "നിങ്ങൾ തന്നേ ഇവൎക്ക ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്നു ഉത്തരം പറഞ്ഞപ്പോൾ അവർ: "ഇരുന്നൂറു പണത്തിന്നു അപ്പം വാങ്ങിയാൽ തന്നേയും ഓരോരുത്തന്നു അല്പാല്പം കൊടുപ്പാൻ ഉണ്ടാകയില്ല; ഇവിടെ അഞ്ചു അപ്പവും രണ്ടു ചെറിയ മീനും മാത്രമേയുള്ളു" എന്നറിയിച്ചു. യേശുവോ അവരെ പുല്ലിന്മേൽ ഇരുത്തുവാൻ കല്പിച്ചു. അവർ നൂറും അമ്പതുമായിട്ടു നിരനിരയായി ഇരിക്കയും ചെയ്തു.



അപ്പോൾ യേശു അഞ്ചു അപ്പവും രണ്ടു മീനും വാങ്ങി സ്വൎഗ്ഗത്തേക്ക നോക്കി ദൈവത്തെ സ്തുതിച്ചു, അപ്പങ്ങളെ നുറുക്കി ശിഷ്യന്മാരുടെ പക്കൽ കൊടുത്തു, അവർ ജനങ്ങൾക്കും കൊടുത്തു. എല്ലാവരും

ഭക്ഷിച്ചു തൃപ്തന്മാരായി; കൎത്താവിൻെറ കല്പനപ്രകാരം കഷണങ്ങളെ ഒക്കയും കൂട്ടി. അതു പന്ത്രണ്ടു കൊട്ട നിറെച്ചുണ്ടായിരുന്നു. ഇങ്ങിനെ ഭക്ഷിച്ചു തൃപ്തന്മാരായവരുടെ എണ്ണം സ്ത്രീകളും പൈതങ്ങളും ഒഴികെ അയ്യായിരം ആയിരുന്നു.

യേശു ചെയ്ത അടയാളം കണ്ടവർ! "ലോകത്തിൽ വരുവാനുള്ള പ്രവാചകൻ ഇവനാകുന്നു" എന്നു പറഞ്ഞു. പിന്നെ രാജാവാക്കേണ്ടതിന്നു അവർ വന്നു തന്നെ പിടിച്ചുകൊണ്ടുപോവാൻ ഭാവിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്ക വാങ്ങിപ്പോയി പ്രാൎത്ഥിക്കയും ചെയ്തു.

3. സന്ധ്യ ആയപ്പോൾ ശിഷ്യന്മാർ അക്കരേ പോവാനായിട്ടു ഒരു പടവിൽ കയറി വലിച്ചപ്പോൾ കൊടുങ്കാററു അടിച്ചു കടലിൽ വലിയ ഓളം ഉണ്ടായി. യേശു അവരോടുകൂടെ ഉണ്ടായിരുന്നില്ല. എന്നാൽ രാത്രിയുടെ അന്ത്യയാമത്തിൽ യേശു കടലിന്മേൽ നടന്നു വരുന്നതു ശിഷ്യന്മാർ കണ്ടു ഒരു ഭൂതത്തിൻെറ വരവാകുന്നു എന്നു വിചാരിച്ചു ഭയപ്പെട്ടു നിലവിളിച്ചപ്പോൾ യേശു അവരോടു: "ഞാൻ തന്നേ ആകുന്നു, പേടിക്കേണ്ട" എന്നു പറഞ്ഞു. "കൎത്താവേ, നീ ആകുന്നെങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിൻെറ അടുക്കൽ വരേണ്ടതിന്നു കല്പിക്കേണം" എന്നു പത്രോസ് പറഞ്ഞതിന്നു: "വരിക" എന്നു യേശു കല്പിച്ചു. അവൻ പടവിൽനിന്നിറങ്ങി വെള്ളത്തിന്മേൽ നടക്കുമ്പോൾ ഒരു വലിയ കാററു വരുന്നതു കണ്ടു ഭയപ്പെട്ടു മുങ്ങുമാറായി: "കൎത്താവേ, എന്നെ രക്ഷിക്ക" എന്നു വിളിച്ചു. ഉടനെ യേശു കൈ

നീട്ടി അവനെ പിടിച്ചു: “അല്പവിശ്വാസിയേ, നീ എന്തിന്നു സംശയിച്ചു” എന്നു പറഞ്ഞു അവനോടു



കൂട പടവിൽ കയറിയ ഉടനെ കാറ്റു ശമിച്ചു. പടവിൽ ഉള്ളവർ: “നീ ദൈവപുത്രൻ ആകുന്നു” എന്നു പറഞ്ഞു അവനെ വന്ദിക്കയും ചെയ്തു.


വേദോക്തം.

എല്ലാവരുടെ കണ്ണുകളും നിന്നെ പാൎത്തിരിക്കുന്നു, നീയും തത്സമയത്തു താന്താന്റെ തീൻ അവൎക്കു നല്കുന്നു; തൃക്കൈയെ നീ തുറന്നു എല്ലാ ജീവിക്കും പ്രസാദതൃപ്തി വരുത്തുന്നു. സങ്കീ. ൧൪൫, ൧൫. ൧൬.

## ൧൪. മഹാപാപയായ സ്ത്രീയുടെയും സക്കായുടെയും മാനസാന്തരം.

(ലൂക്ക് ൭. ൧൯.)

1. പിന്നേ **ശിമോൻ** എന്നൊരു പരീശന്റെ വീട്ടിൽ യേശു ഭക്ഷണത്തിന്നിരിക്കുന്നു എന്നു ആ നഗരത്തിൽ ഒരു സ്ത്രീ കേട്ടു ഒരു ഭരണി പരിമളതൈലം കൊണ്ടുവന്നു പിറകിൽ അവന്റെ കാല്ക്കൽ കരഞ്ഞു നിന്നു കണ്ണുനീർകൊണ്ടു അവന്റെ കാലുകളെ



നനെച്ചുതുടങ്ങി. പിന്നെ തലമുടികൊണ്ടു തുടെച്ചു കാലുകളെ ചുംബിച്ചു തൈലം പൂശി.

അപ്പോൾ പരീശൻ: "ഇവൻ പ്രവാചകൻ ആയിരുന്നുവെങ്കിൽ ഇവളെ മഹാപാപയെന്നറിഞ്ഞു

തന്നെ തൊട്ടുവാൻ സമ്മതിക്കയില്ലയായിരുന്നു" എന്നു വിചാരിച്ചുകൊണ്ടിരുന്നു. അവന്റെ വിചാരം യേശു അറിഞ്ഞു: "ശിമോനേ, ഒരു ധനവാന്നു രണ്ടു കടക്കാരുണ്ടായിരുന്നു. ഒന്നാമൻ അഞ്ഞൂറു പണവും രണ്ടാമൻ അമ്പതു പണവും കൊട്ടപ്പാനുണ്ടായിരുന്നു. വീട്ടുവാൻ അവൎക്കു വകയില്ലായ്കകൊണ്ടു അവൻ ഇരുവൎക്കും ഇളെച്ചുകൊടുത്തു. എന്നാൽ ഇരുവരിൽ ആർ അവനെ അധികം സ്നേഹിക്കും?" എന്നു ചോദിച്ചപ്പോൾ: "അധികം ഇളെച്ചു കിട്ടിയവൻ" എന്നു ശിമോൻ ഉത്തരം പറഞ്ഞു; അതിന്നു യേശു: "നീ പറഞ്ഞതു സത്യം" എന്നു പറഞ്ഞ ശേഷം സ്ത്രീയുടെ നേരെ തിരിഞ്ഞു പരീശനോടു: "ഇവളെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽ വന്നപ്പോൾ എന്റെ കാൽ കഴുകേണ്ടതിന്നു നീ എനിക്കു വെള്ളം തന്നില്ല, ഇവളോ കണ്ണുനീർകൊണ്ടു കാൽ കഴുകി, തലമുടികൊണ്ടു തുവൎത്തി; നീ എനിക്കു ചുംബനം തന്നില്ല, ഇവളോ ഇടവിടാതെ എന്റെ കാലുകളെ ചുംബിച്ചു; നീ എണ്ണകൊണ്ടു എന്റെ തല പൂശിയില്ല, ഇവളോ പരിമളതൈലംകൊണ്ടു എന്റെ കാലുകളെ പൂശി. **ഇവളുടെ അനേകം പാപങ്ങളെ ക്ഷമിച്ചിരിക്കകൊണ്ടു ഇവൾ അധികം സ്നേഹിക്കുന്നു; അല്പം ക്ഷമ ലഭിച്ചവൻ അല്പം സ്നേഹിക്കുന്നു"** എന്നു പറഞ്ഞു. പിന്നെ സ്ത്രീയോടു: "നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു സമാധാനത്തോടെ പോക" എന്നു കല്പിക്കയും ചെയ്തു.

2. യേശു യരുശലേമിലേക്കുള്ള ഒടുക്കത്തേ യാത്ര

യിൽ യറിഹോപട്ടണത്തിൽ കൂടി കടന്നുപോകു മ്പോൾ ചുങ്കക്കാരിൽ ഒരു പ്രമാണിയും ധനവാനു മായ **സക്കായി** അവനെ കാണ്മാൻ ആഗ്രഹിച്ചു എങ്കിലും താൻ ചെറിയവൻ ആകകൊണ്ടു പുരു ഷാരം നിമിത്തം കഴിഞ്ഞില്ല. അതുകൊണ്ടു അവൻ മുമ്പോട്ടു ഓടി വഴി സമീപമുള്ള ഒരു കാട്ടത്തിവൃക്ഷ ത്തിന്മേൽ കയറിയിരുന്നു.

യേശു ആ സ്ഥലത്തു എത്തിയപ്പോൾ മേല്പെട്ടു നോക്കി അവനെ കണ്ടു: "സക്കായിയേ, നീ വേഗം ഇറങ്ങിവാ, ഞാൻ ഇന്നു നിൻെറ വീട്ടിൽ പാൎക്കേണ്ട താകുന്നു" എന്നു പറഞ്ഞു; അവനും ബദ്ധപ്പെട്ടു ഇറങ്ങിവന്നു സന്തോഷത്തോടെ അവനെ വീട്ടിൽ കൈക്കൊണ്ടു.

ഇതു കണ്ടവർ: "അവൻ പാപിയായ മനുഷ്യ നോടു കൂടെ പാൎപ്പാൻ പോയി" എന്നു ദുഷിച്ചു പ റഞ്ഞു. എന്നാറെ സക്കായി: "കൎത്താവേ, എൻെറ ദ്രവ്യങ്ങളിൽ പകുതി ഞാൻ ദരിദ്രൎക്കു കൊടുക്കുന്നു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ ആയതിൽ നാലിരട്ടി തിരികേ കൊടുക്കുന്നു" എന്നു പറഞ്ഞ പ്പോൾ യേശു: "ഇവനും അബ്രഹാമിൻെറ പുത്ര നാകകൊണ്ടു **ഇന്നു ഈ വീട്ടിന്നു രക്ഷ ഉണ്ടായി; കാണാതെ പോയതിനെ തിരഞ്ഞു രക്ഷി പ്പാൻ അല്ലോ മനുഷ്യപുത്രൻ വന്നതു**" എന്നു പറഞ്ഞു.

വേദോക്തം.

ഒരുത്തരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരത്തിലേ ക്കു വരുവാൻ ദൈവം ഇച്ഛിക്കുന്നു. ൨ പേത്രു. ൩, ൯.

## ൰൯. ദൈവരാജ്യത്തെ കുറിച്ചുള്ള ഏഴുപമകൾ

(ലൂക്ക് ൮. മത്തായി ൰൩. മാൎക്ക് ൪.)

യേശു ഒരു ദിവസം ഗലീലകടല്ക്കരയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു വലിയ പുരുഷാരം അവൻെറ അടുക്കൽ വന്നതുകൊണ്ടു അവൻ ഒരു പടവിൽ കയറി ഇരുന്നു ഉപമകളാൽ അവരെ ഉപദേശിച്ചതാവിതു:

1 "ഒരു **കൃഷിക്കാരൻ** വിതെക്കുമ്പോൾ ചില വിത്തുകൾ **വഴിയരികേ** വീണു പക്ഷികൾ വന്നു



അവറെറ തിന്നു കളഞ്ഞു. ചിലതു ഏറെ മണ്ണില്ലാത്ത **പാറസ്ഥലത്തു** വീണു, ക്ഷണത്തിൽ മുളെച്ചു എങ്കിലും വേർ താഴുവാൻ തരമില്ലായ്കയാൽ സൂൎയ്യൻെറ ചൂടു തട്ടിയപ്പോൾ അതു ഉണങ്ങിപ്പോയി. ചിലതു **മുള്ളുകളിൽ** വീണു, മുള്ളുകൾ മുളെച്ചു വള

ന്നു അതിനെ ഞെരുക്കിക്കളഞ്ഞു. ചിലതു **നല്ലനിലത്തിൽ** വീണു മുളെച്ച ചിലതു മുപ്പതും ചിലതു അറുപതും മററു ചിലതു നൂറും മേനിയായി വിളഞ്ഞു. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ” എന്നു പറഞ്ഞു.

പിന്നെ ശിഷ്യന്മാർ ഇതിൻെറ പൊരുൾ എന്തു എന്നു ചോദിച്ചപ്പോൾ അവൻ അവരോടു: “വിത്തു ദൈവവചനമാകുന്നു; ചിലർ ഈ വചനം കേട്ട ഉടനെ പിശാചു: അവർ വിശ്വസിച്ച രക്ഷ പ്രാപിക്കരുതു എന്നു വെച്ച അവരുടെ ഹൃദയത്തിൽ വീണിട്ടുള്ള വചനം എടുത്തുകളയുന്നു. ഇതു വഴിയരികെയുള്ള നിലത്തിന്നു തുല്യമായ ഹൃദയം ഉള്ളവരുടെ അവസ്ഥ. ചിലർ വചനം കേട്ട ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നു. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ ഉണ്ടായാലോ ആന്തരത്തിൽ വേരില്ലാത്ത ക്ഷണികന്മാരാകകൊണ്ടു അവർ വേഗത്തിൽ ഇടറി പിൻവാങ്ങിക്കളയുന്നു. ഇതു പാറപ്രദേശത്തിന്നു തുല്യമായ ഹൃദയം ഉള്ളവരുടെ അവസ്ഥ. ചിലർ വചനം കേട്ടശേഷം ചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി ഫലംകായ്ക്കാതിരിക്കുന്നു. ഇങ്ങിനെയാകുന്നു മുള്ളുകൾ ഉള്ള നിലത്തിന്നു തുല്യമായ ഹൃദയം ഉള്ളവരുടെ അവസ്ഥ. പിന്നേ വചനം കേട്ട ഗ്രഹിച്ച നല്ല മനസ്സിൽ വെച്ച സൂക്ഷിക്കുന്നവർ നല്ല നിലത്തിലേ വിതക്കു തുല്യന്മാരാകുന്നു. അവർ ക്ഷാന്തിയോടെ നൂറു മേനിയോളം ഫലം കായ്ക്കുന്നു.

2. സ്വൎഗ്ഗരാജ്യം തൻെറ വയലിൽ നല്ലവിത്തു

വിതെച്ച ഒരു മനുഷ്യനോടു തുല്യമാകുന്നു. എല്ലാവരും ഉറങ്ങുമ്പോൾ ശത്രു വന്നു **കോതമ്പിൻ ഇടയിൽ** കള വിതെച്ചു പോയ്ക്കളഞ്ഞു; ഞാറു വളൎന്നു കതിരായപ്പോൾ കളയും കാണപ്പെട്ടു. അപ്പോൾ പണിക്കാർ യജമാനന്റെ അരികേ ചെന്നു: "യജമാനനേ, നിന്റെ വയലിൽ നല്ല വിത്തല്ലയോ വിതെച്ചതു; പിന്നെ അതിൽ കള എവിടെനിന്നു വന്നു?" എന്നു ചോദിച്ചതിന്നു അവൻ: "ശത്രു ഇതു ചെയ്തു" എന്നു പറഞ്ഞു. "അവറ്റെ പറിച്ചുകളയട്ടെ" എന്നു ചോദിച്ചപ്പോൾ യജമാനൻ പറഞ്ഞു: "കള പറിക്കുമ്പോൾ പക്ഷേ ഞാറുംകൂടേ പൊരിഞ്ഞുപോകും; രണ്ടും കൂട കൊയ്ത്തോളം വളരട്ടെ. കൊയ്ത്തുകാലത്തു ഞാൻ മൂരുന്നവരോടു: മുമ്പെ കള പറിച്ചു ചുടേണ്ടതിന്നായി കെട്ടുകളായി കെട്ടുവിൻ എന്നും കോതമ്പം കളപ്പുരയിൽ കൂട്ടുവിൻ എന്നും കല്പിക്കും".

എന്നതു കേട്ടിട്ടു ശിഷ്യന്മാർ: "വയലിലെ കളയുടെ ഈ ഉപമ ഞങ്ങൾക്കു തെളിയിച്ചു തരേണം" എന്നപേക്ഷിച്ചപ്പോൾ അവൻ അവരോടു പറഞ്ഞു: "നല്ല വിത്തു വിതെക്കുന്നവൻ മനുഷ്യപുത്രൻ ആകുന്നു. വയൽ ലോകവും നല്ല വിത്തു രാജ്യത്തിന്റെ മക്കളും കള ദുഷ്ടന്റെ മക്കളും കള വിതെച്ച ശത്രു പിശാചും കൊയ്ത്തുകാലം ലോകാവസാനവും കൊയ്ത്തുകാർ ദൈവദൂതന്മാരും ആകുന്നു. കളയെ അഗ്നിയിൽ ഇട്ടു ചുടുന്നപ്രകാരം ലോകാവസാനത്തിങ്കൽ മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയച്ചു അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടൎച്ചകളേയും അധൎമ്മം പ്രവൃത്തിക്കുന്നവരേയും കൂട്ടി തിച്ചു

ളയിൽ ഇട്ടുകളയും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. എന്നാൽ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപോലെ പ്രകാശിക്കും. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ".

3. "സ്വൎഗ്ഗരാജ്യം ഒരു **കടുകിന്മണി**യോടു സമമാകുന്നു. അതു ഒരു മനുഷ്യൻ തന്റെ വയലിൽ വിതെച്ചു. അതു സകല വിത്തുകളിലും ചെറിയതാകുന്നെങ്കിലും അതു വളൎന്നു പക്ഷികൾ കൊമ്പുകളിൽ വസിപ്പാന്തക്കവണ്ണം ഒരു മരമായിത്തീരുന്നു".

4. "സ്വൎഗ്ഗരാജ്യം **പുളിച്ചമാവോടു** സദൃശമാകുന്നു; ഒരു സ്ത്രീ അതു എടുത്തു മൂന്നുപറമാവിൽ സകലവും പുളിക്കുവോളം അടക്കി വെച്ചു".

5. "സ്വൎഗ്ഗരാജ്യം ഒരു നിലത്തു **ഒളിച്ചുവെച്ച നിക്ഷേപത്തോടു** തുല്യമാകുന്നു. ആയതിനെ ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു സന്തോഷത്തോടെ പോയി സകലവും വിററു ആ നിലം വാങ്ങി".

6. "പിന്നെയും സ്വൎഗ്ഗരാജ്യം **നല്ല മുത്തുകളെ** അന്വേഷിക്കുന്ന വ്യാപാരിയോടു സമമാകുന്നു. അവൻ വിലയേറിയ ഒരു മുത്തു കണ്ടാറെ തനിക്കുള്ളതൊക്കെയും വിററു അതു വാങ്ങി".

7. "പിന്നെയും സ്വൎഗ്ഗരാജ്യം ഒരു **വലെക്കു** സമം; വല കടലിൽ ഇട്ടു പലവിധമുള്ള മത്സ്യങ്ങളകപ്പെട്ട ശേഷം കരെക്കു വലിച്ചു കരേററി നല്ലവററെ പാത്രങ്ങളിലാക്കി ആകാത്തവററെ ചാടുന്നു. അപ്രകാരം തന്നെ ദൈവദൂതർ ലോകാവസാനത്തിൽ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ

വേർതിരിച്ച് അഗ്നിച്ചൂളയിൽ ഇട്ടുകളയും; അവിടേ കരച്ചലും പല്ലുകടിയും ഉണ്ടാകും".

വേദോക്തം.

ദൈവരാജ്യം ഭക്ഷണവും പാനീയവും അല്ലല്ലോ; നീതിയും സമാധാനവും വിശുദ്ധാത്മാവിൽ സന്തോഷവും അത്രേ. റോമ. ൧൪, ൧൭.

---

## ൧൬. മുന്തിരിങ്ങാത്തോട്ടത്തിലേ കൂലിക്കാർ.

(മത്തായി ൨൦.)

യേശു വേറൊരു ഉപമ പറഞ്ഞു: "സ്വൎഗ്ഗരാജ്യം ഒരു വീട്ടെജമാനനോടു സമം; അവൻ പുലകാലെ പുറപ്പെട്ടു പണിക്കാരെ വിളിച്ച്, ആളൊന്നുക്ക ഓരോ പണം ദിവസക്കൂലി നിശ്ചയിച്ച്, മുന്തിരിങ്ങാത്തോട്ടത്തിൽ വേല ചെയ്വാനായി പറഞ്ഞയച്ചു. പിന്നേ ഒമ്പതു മണിക്ക പുറപ്പെട്ടു ചന്തസ്ഥലത്തു ചെന്നു ചിലർ മിനക്കെട്ടു നില്ക്കുന്നതു കണ്ടു: "നിങ്ങളും എന്റെ മുന്തിരിങ്ങാത്തോട്ടത്തിൽ പോയി വേല ചെയ്വിൻ; മൎയ്യാദപ്രകാരം കൂലി തരാം" എന്നു പറഞ്ഞു അവരേയും അയച്ചു.

പന്ത്രണ്ടു മണിക്കും മൂന്നു മണിക്കും അപ്രകാരം തന്നേ വേലക്കാരെ വിളിച്ചയച്ചു തോട്ടത്തിൽ പണി ചെയ്യിച്ചു. പിന്നേ അഞ്ചു മണിക്കും അവൻ പുറപ്പെട്ടു ചിലർ വെറുതേ നില്ക്കുന്നതു കണ്ടു: "നിങ്ങൾ പകൽ മുഴുവനേ ഇവിടേ വെറുതേ നില്ക്കുന്നതെന്തു" എന്നു ചോദിച്ചപ്പോൾ: "ആരും ഞങ്ങളെ വിളിക്കായ്കകൊണ്ടാകുന്നു" എന്നു അവർ പറഞ്ഞു. അതു കേട്ട അവൻ: "നിങ്ങളും എന്റെ മുന്തിരിങ്ങാത്തോട്ട

ത്തിൽ പോയി പണി എടുക്ക, ന്യായമുള്ളതു തരാം" എന്നു പറഞ്ഞു അവരേയും അയച്ചു.

വൈകുന്നേരത്തു യജമാനൻ തന്റെ കാൎയ്യസ്ഥനോടു: "നീ പണിക്കാരെ വിളിച്ചു എല്ലാവൎക്കും ഒരുപോലെ കൂലികൊടുക്ക" എന്നു കല്പിച്ചു. അഞ്ചുമണിക്കു വന്നവൎക്കു ഓരോ പണം കൊടുക്കുന്നതു രാവിലെ വന്നവർ കണ്ടപ്പോൾ തങ്ങൾക്കു അധികം കിട്ടും എന്നു വിചാരിച്ചു, എങ്കിലും നിശ്ചയിച്ച പ്രകാരം ഓരോ പണം മാത്രം തങ്ങൾക്കും കിട്ടി. അപ്പോൾ അവർ യജമാനനെ നോക്കി പിറുപിറുത്തു: "ഈ പിമ്പേ വന്നവർ ഒരു മണിക്കൂർ മാത്രം പണി എടുത്തിട്ടുള്ളു എങ്കിലും നീ ഇവരെ പകലത്തെ ഭാരവും വെയിലും സഹിച്ചിട്ടുള്ള ഞങ്ങളോടു സമമാക്കിയല്ലോ" എന്നു പറഞ്ഞാറെ അവൻ ഒരുത്തനോടു: "സ്നേഹിതാ, ഞാൻ നിണക്കു അന്ന്യായം ചെയ്യുന്നില്ല; ഞാൻ നിണക്കു ഒരു പണം അല്ലയോ കൂലി നിശ്ചയിച്ചതു? നിന്റെ കൂലി വാങ്ങി പോയ്ക്കൊൾക; നിണക്കു തന്നതുപോലെ പിൻവന്നവന്നും കൊടുക്കുന്നതു എന്റെ മനസ്സാകുന്നു; എനിക്കുള്ളവയെകൊണ്ടു എന്റെ ഇഷ്ടപ്രകാരം ചെയ്വാൻ എനിക്കു അധികാരമില്ലയോ; എന്റെ കൃപ നിമിത്തം നിണക്കു അസൂയ തോന്നുന്നുവോ?" എന്നു പറഞ്ഞു.

**ഇപ്രകാരം തന്നേ പിമ്പന്മാർ മുമ്പരും മുമ്പന്മാർ പിമ്പരും ആകും.**

വേദോക്തം.

കൃപയാൽ അല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷപ്പെട്ടവർ ആകുന്നു; അതു നിങ്ങളിൽനിന്നല്ല, ദൈവത്തിന്റെ ദാനമത്രെ; ആരും പ്രശംസിക്കായ്വാൻ ക്രിയകളിൽ നിന്നല്ല. എഫെ. ൨, ൮. ൯.

## ൰൯. പാപികളോടുള്ള ദൈവസ്നേഹത്തെ കുറിക്കുന്ന മൂന്നു ഉപമകൾ.

(ലൂക്ക് ൰൫.)

പിന്നേ പല ചുങ്കക്കാരും പാപികളും യേശുവിന്റെ ഉപദേശം കേൾപ്പാൻ വന്നപ്പോൾ പരീശന്മാരും ശാസ്ത്രികളും: "**ഇവൻ പാപികളെ കൈക്കൊണ്ടു അവരോടു കൂട ഭക്ഷിക്കുന്നു**" എന്നു ആക്ഷേപം പറഞ്ഞതിനാൽ അവരോടു ഈ ഉപമകൾ പറഞ്ഞു:

1. ഒരു മനുഷ്യന്നു നൂറു ആടുണ്ടായിരുന്നു, അവയിൽ ഒന്നു കാണാതെ പോയി. അപ്പോൾ അവൻ



തൊണ്ണൂറ്റൊമ്പതു ആട്ടിനേയും വിട്ടു കാണാതെപോയതിനെ കണ്ടെത്തുവോളം തിരഞ്ഞു നടന്നു. പിന്നേ കണ്ടു കിട്ടിയപ്പോൾ അവൻ സന്തോഷിച്ചു അ

തിനെ ചുമലിൽ എടുത്തു വീട്ടിലേക്ക കൊണ്ടു ചെന്നു സ്നേഹിതന്മാരെയും സമീപസ്ഥന്മാരെയും വിളിച്ചു: "ഈ കാണാതെപോയ ആട്ടിനെ കണ്ടു കിട്ടിയതിനാൽ എന്നോടു കൂടെ സന്തോഷിപ്പിൻ" എന്നു പറഞ്ഞു. **അപ്രകാരം തന്നേ മാനസാന്തരം കൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറെറാമ്പതു നീതിമാന്മാരെക്കാൾ മാനസാന്തരപ്പെടുന്ന ഏകപാപിയെ ചൊല്ലി സ്വൎഗ്ഗത്തിൽ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.**

2. പിന്നെ ഒരു സ്ത്രീക്ക **പത്തു വെള്ളിക്കാശു**ണ്ടായിരുന്നു അവററിൽ ഒന്നു കാണാതെപോയപ്പോൾ അവൾ ഒരു വിളക്ക കത്തിച്ചു വീടടിച്ചു വാരി അതു കണ്ടുകിട്ടുവോളം സൂക്ഷ്മത്തോടെ അന്വേഷിച്ചു. കണ്ടുകിട്ടിയ ശേഷം സ്നേഹിതമാരെയും അയൽക്കാരത്തികളെയും വിളിച്ചു: "കാണാതെപോയ വെള്ളിക്കാശു കണ്ടു കിട്ടിയതുകൊണ്ടു എന്നോടു കൂടെ സന്തോഷിപ്പിൻ" എന്നു പറഞ്ഞു. **അപ്രകാരം തന്നേ അനുതാപം ചെയ്യുന്ന ഒരു പാപിയെ കുറിച്ചു ദൈവദൂതന്മാരുടെ മുമ്പാകെ സന്തോഷം ഉണ്ടാകുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു.**

3. ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു; അവരിൽ ഇളയവൻ അച്ഛനോടു: "അച്ഛാ, മുതലിൽ എന്റെ ഓഹരി എനിക്ക തരേണം" എന്നു അപേക്ഷിച്ചപ്പോൾ അച്ഛൻ തന്റെ ധനം അവൎക്ക പകുത്തുകൊടുത്തു; അല്പകാലം കഴിഞ്ഞപ്പോൾ ഇള

യവൻ തന്റെ മുതൽ ഒക്ക എടുത്തു ദൂരദേശത്തു പോയി ദുൎന്നടപ്പുകൊണ്ടു സകലവും നഷ്ടമാക്കി.

പിന്നേ ആ ദേശത്തു മഹാക്ഷാമം വന്നതിനാൽ അവൻ വളരേ ഞെരുങ്ങി, ആ ദേശത്തുള്ള പൌരന്മാരിൽ ഒരുവനോടു ചേൎന്നു, ആയവൻ പന്നികളെ മേയ്പാൻ അവനെ വയലിൽ അയച്ചു. പന്നികൾ തിന്നുന്ന മരപ്പയറുകൊണ്ടു വയറു നിറെപ്പാൻ ആഗ്രഹിച്ചു എങ്കിലും അതും കൂടെ അവന്നു കിട്ടിയില്ല.



അങ്ങിനെ ഇരിക്കുമ്പോൾ അവൻ: "അച്ഛന്റെ എത്ര പണിക്കാൎക്ക ആഹാരം മതിയാവോളം ഉണ്ടു, ഞാനോ വിശപ്പുകൊണ്ടു നശിച്ചു പോകുന്നു; ഞാൻ അച്ഛന്റെ അടുക്കൽ പോയി, സ്വൎഗ്ഗത്തിന്നും നിണക്കും വിരോധമായി പാപം ചെയ്തിരിക്കുന്നു; ഇനിമേൽ മകൻ എന്നു എന്നെ വിളിപ്പാൻ ഞാൻ യോഗ്യനല്ല, വേലക്കാരിൽ ഒരുത്തനെ പോലെ എന്നെ വിചാരിക്ക എന്നു പറയും" എന്നു മനസ്സിൽ നിശ്ചയിച്ചു യാത്രയായി.

ദൂരത്തുനിന്നു അച്ഛൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു കെട്ടിപ്പിടിച്ചു ചുംബിച്ചപ്പോൾ അവൻ: "അച്ഛാ, സ്വൎഗ്ഗത്തിന്നും നിണക്കും വിരോധമായി ഞാൻ പാപം ചെയ്തിരിക്കുന്നു; ഇനിമേൽ എന്നെ മകനെന്നു വിളിപ്പാൻ ഞാൻ യോഗ്യനല്ല" എന്നു പറഞ്ഞു. അതു കേട്ടിട്ടു അ



ച്ഛൻ പണിക്കാരെ വിളിച്ചു: വേഗം മേത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ഉടുപ്പിപ്പിൻ! കൈവിരല്ക്കു മോതിരവും കാലുകൾക്കു ചെരിപ്പുകളും ഇടുവിൻ, തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ; നാം ഭക്ഷിച്ചു സന്തോഷിക്ക; ഈ എന്റെ മകൻ മരിച്ചവനായിരുന്നു തിരികെ ഉയിൎത്തു; കാണാതെ പോയവനായിരുന്നു കണ്ടുകിട്ടുകയും ചെയ്തുവല്ലോ എന്നു പറഞ്ഞു സന്തോഷിച്ചു തുടങ്ങി.

എന്നാൽ അവന്റെ മൂത്തമകൻ വയലിൽ ആ

യിരുന്നു. ആയവൻ വന്നു വീട്ടിനോടടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു ബാല്യക്കാരിൽ ഒരുത്തനെ വിളിച്ചു: "ഇതെന്തു?" എന്നു ചോദിച്ചു. "നിന്റെ സഹോദരൻ വന്നു, പിന്നേ നിന്റെ അച്ഛൻ അവനെ സൌഖ്യത്തോടെ കിട്ടിയതുകൊണ്ടു തടിപ്പിച്ച കന്നുകുട്ടിയെ അറുപ്പിച്ചു" എന്നു അവനോടു പറഞ്ഞപ്പോൾ അവൻ കോപിച്ചു അകത്തു ചെല്ലുവാൻ മനസ്സില്ലാതെ പുറത്തു നിന്നു. എന്നാൽ അച്ഛൻ പുറത്തു വന്നു അവനോടു അകത്തുചെല്ലുവാൻ അപേക്ഷിച്ചപ്പോൾ അവൻ അച്ഛനോടു: "കണ്ടാലും ഇത്ര വൎഷമായി ഞാൻ നിന്നെ സേവിക്കുന്നു, നിന്റെ കല്പന ഒരുനാളും ലംഘിച്ചിട്ടില്ല; ചങ്ങാതികളുമായി സന്തോഷിക്കേണ്ടതിന്നു നീ ഒരിക്കലും ഒരു ആട്ടിൻകുട്ടിയെ എനിക്കു തന്നിട്ടില്ല; വേശ്യമാരോടു കൂടി നിന്റെ മുതൽ തിന്നുകളഞ്ഞിട്ടുള്ള ഈ നിന്റെ മകൻ വന്നപ്പോഴേക്കോ തടിപ്പിച്ച കന്നുകുട്ടിയെ അവന്നു വേണ്ടി അറുത്തില്ലേ" എന്നുത്തരം പറഞ്ഞു. അപ്പോൾ അച്ഛൻ അവനോടു പറഞ്ഞു: "മകനേ, നീ എപ്പോഴും എന്നോടു കൂടയാകുന്നുവല്ലോ, എനിക്കുള്ളതെല്ലാം നിന്റേതാകുന്നു; ഈ നിന്റെ സഹോദരൻ മരിച്ചവനായിരുന്നു തിരികേ ഉയിൎത്തു; കാണാതെ പോയവനായിരുന്നു, കണ്ടു കിട്ടിയിരിക്കുന്നു. ആകയാൽ നാം സന്തോഷിക്കേണ്ടതല്ലയോ".

### വേദോക്തം.

സൌഖ്യമുള്ളവൎക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല ദീനക്കാൎക്കേയുള്ളു: നീതിമാന്മാരെ അല്ല, പാപികളെ അത്രേ മാനസാന്തരത്തിലേക്കു വിളിപ്പാൻ ഞാൻ വന്നിരിക്കുന്നു. ലൂക്ക് ൫, ൩൧. ൩൨.

---

## ൰൭. ധനവാനും ദരിദ്രനായ ലാസരും.

(ലൂക്ക് ൰൬.)

1. **ധനവാനായ ഒരു മനുഷ്യൻ** ഉണ്ടായിരുന്നു, അവൻ മോടിയുള്ള വസ്ത്രം ധരിച്ചു സുഖഭോഗങ്ങളിൽ രസിച്ചു ദിവസം കഴിച്ചുപോന്നു. **ലാസർ** എന്ന ഒരു ദരിദ്രനും ഉണ്ടായിരുന്നു. അവൻ സൎവ്വാംഗം വ്രണം നിറഞ്ഞവനായി, ധനവാൻെറ മേശയിൽനിന്നു വീഴുന്ന കഷണങ്ങൾകൊണ്ടു ഉപജീവനം കഴിക്കാമെന്നാഗ്രഹിച്ചു പടിപ്പുരക്കൽ കിടന്നു,



നായ്ക്കളും വന്നു അവൻെറ വ്രണങ്ങൾ നക്കിക്കൊണ്ടിരുന്നു.

പിന്നെ ആ ദരിദ്രൻ മരിച്ചു ദൈവദൂതന്മാർ അവനെ അബ്രഹാമിൻെറ മാൎവ്വിടത്തിലേക്കു കൊണ്ടുപോയി; ധനവാനും മരിച്ചു കുഴിച്ചിടപ്പെട്ടു.

2. അവൻ പാതാളത്തിൽ ദണ്ഡങ്ങളിൽ ഉൾപ്പെട്ട മഹാദുഃഖപരവശനായി മേല്പെട്ട നോക്കി അബ്രഹാമിനെയും അവൻെറ മാൎവ്വിടത്തിൽ ഇരിക്കുന്ന ലാസരെയും കണ്ടപ്പോൾ: "പിതാവായ അബ്രഹാമേ, കനിവുണ്ടാകേണമേ, ഞാൻ ഈ അഗ്നിജ്വാലയിൽ വേദനപ്പെടുന്നതുകൊണ്ടു ലാസർ തൻെറ വിരലിൻെറ അററം വെള്ളത്തിൽ മുക്കി എൻെറ നാവു തണുപ്പിക്കേണ്ടതിന്നു അവനെ അയക്കേണമേ" എന്നു വിളിച്ചു പറഞ്ഞപ്പോൾ അബ്രഹാം: "മകനേ, നിൻെറ ആയുസ്സിൽ നീ നന്മകളും ലാസർ അവ്വണ്ണം തിന്മകളും പ്രാപിച്ചു എന്നോൎക്ക; ഇപ്പോഴോ ഇവൻ ഇവിടെ ആശ്വാസപ്പെടുന്നു നീയോ വേദനപ്പെടുന്നു. അതു കൂടാതെ ഇവിടെനിന്നു അങ്ങോട്ടും അവിടെനിന്നു ഇങ്ങോട്ടും കടന്നു വരുവാൻ കഴിയാതവണ്ണം ഞങ്ങൾക്കും നിങ്ങൾക്കും നടുവെ വലിയ ഒരു പിളൎപ്പു വെച്ചിരിക്കുന്നു" എന്നു പറഞ്ഞു.

പിന്നെ അവൻ പറഞ്ഞു: "എന്നാൽ പിതാവേ, എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ടു, അവരും ഈ കഷ്ടസ്ഥലത്തു വരാതിരിക്കേണ്ടതിന്നു അവൎക്കു സാക്ഷ്യം പറവാൻ ലാസരെ എൻെറ അച്ഛൻെറ വീട്ടിൽ അയക്കേണമെന്നു അപേക്ഷിക്കുന്നു". അബ്രഹാം: "അവൎക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലൊ അവരെ കേട്ടനുസരിക്കട്ടെ" എന്നു പറഞ്ഞപ്പോൾ അവൻ: "അപ്രകാരമല്ല, മരിച്ചവരിൽനിന്നു ഒരുവൻ അവരുടെ അടുക്കൽ പോയാൽ അവർ അനുതാപം ചെയ്യും" എന്നു പറഞ്ഞു. അതു കേട്ടിട്ടു അബ്രഹാം പറഞ്ഞു! "മോശെയെയും പ്രവാച

**കന്മാരെയും അവർ കേട്ടനുസരിക്കാതിരുന്നാൽ മരിച്ചവരിൽനിന്നു ഒരുവൻ ഉയിൎത്തു എഴുന്നീറ്റാലും അവർ വിശ്വസിക്കയില്ല".**

വേദോക്തം.

തിരുവെഴുത്തുകളെ ശോധന ചെയ്യിൻ; അവറ്റിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ തന്നേ എനിക്കു സാക്ഷികൾ ആകുന്നു. യോഹ. ൫, ൩൯.

---

## ൧൯. യേശു കുഞ്ഞങ്ങളെ അനുഗ്രഹിച്ചതു.

(മത്താ. ൧൮. മാൎക്ക് ൧൦.)

1. ഒരു നാൾ ശിഷ്യന്മാർ യേശുവിന്റെ അടുക്കേ വന്നു: "സ്വൎഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ?" എന്നു ചോദിച്ചു. യേശു ഒരു ശിശുവെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി പറഞ്ഞിതു: **"ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയ്വരുന്നില്ലെങ്കിൽ സ്വൎഗ്ഗരാജ്യത്തിൽ കടക്കയില്ല.** ആകയാൽ ഈ ശിശുവെപോലേ തന്നേത്താൻ താഴ്ത്തുന്നവൻ ആരോ അവൻ സ്വൎഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങനേയുള്ള ഒരു ശിശുവെ എന്റെ നാമത്തിൽ ആരെങ്കിലും കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്നു. ഈ ചെറിയവരിൽ ഒന്നിനെ തുച്ഛീകരിക്കാതിരിപ്പാൻ നോക്കിക്കൊൾവിൻ; കാരണം സ്വൎഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ മുഖത്തെ സദാ കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു".

2. ഒരു ദിവസം യേശു അനുഗ്രഹിക്കേണ്ടതിന്നായി അവർ അവന്റെ അടുക്കൽ ശിശുക്കളെ കൊണ്ടു വന്നു; എന്നാൽ കുട്ടികളെ കൊണ്ടുവന്നവരെ ശിഷ്യന്മാർ വിലക്കി. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു പറഞ്ഞു: "ശിശുക്കളെ എന്റെ അടു



ക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുതു; ദൈവരാജ്യം ഇപ്രകാരമുള്ളവൎക്കല്ലോ ആകുന്നു. ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തെ ശിശു എന്ന പോലെ കൈക്കൊള്ളാത്തവൻ ആരും ഒരു നാളും അതിൽ കടക്കയില്ല". പിന്നെ അവൻ അവരെ അണെച്ചു അവരുടെ മേൽ കൈകളെ വെച്ചു അനുഗ്രഹിക്കയും ചെയ്തു.

### വേദോക്തം.

എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തനു ആരെങ്കിലും ഇടൎച്ച വരുത്തുകിൽ അവന്റെ കഴുത്തിൽ ഒരു തിരികല്ലു കെട്ടിത്തൂക്കി അവനെ പുറങ്കടലിൽ താഴ്ത്തിക്കളയുന്നതു അവന്നു നന്നു. മത്തായി ൧൮, ൬.

---

## ൨൦. ദയാലുവായ ശമൎയ്യക്കാരനും നിൎദ്ദയനായ ശുശ്രൂഷക്കാരനും.

(ലൂക്ക് ൧൦. മത്തായി ൧൮.)

1. ആ സമയത്തു ഒരു ശാസ്ത്രി യേശുവോടു: “ഗുരോ, നിത്യജീവന്നു അവകാശിയാവാൻ ഞാൻ എന്തു ചെയ്യേണം” എന്നു അവനെ പരീക്ഷിപ്പാൻ ചോദിച്ചു. “ധൎമ്മഗ്രന്ഥത്തിൽ എന്തെഴുതിയിരിക്കുന്നു?” എന്നു ചോദിച്ചപ്പോൾ ശാസ്ത്രി പറഞ്ഞു: “നിന്റെ ദൈവമായ കൎത്താവിനെ നിന്റെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണാത്മാവോടും പൂൎണ്ണശക്തിയോടും പൂൎണ്ണബുദ്ധിയോടും കൂടെ സ്നേഹിക്കേണമെന്നും നിന്റെ അയല്ക്കാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കേണം എന്നും തന്നെ”. എന്നതിന്നു യേശു: “നീ ശരിയായി ഉത്തരം പറഞ്ഞു; ഇപ്രകാരം ചെയ്ക, എന്നാൽ നീ ജീവിക്കും” എന്നു പറഞ്ഞു. അപ്പോൾ അവൻ തന്നെത്താൻ നീതീകരിപ്പാനായിട്ടു: “എന്റെ അയല്ക്കാരൻ ആർ?” എന്നു ചോദിച്ചു. യേശു അവനോടു പറഞ്ഞതാവിതു:

ഒരു മനുഷ്യൻ യരുശലേമിൽനിന്നു യറിഹോപട്ടണത്തിലേക്കു പോകുമ്പോൾ വഴിയിൽവെച്ചു കള്ള

ന്മാർ അവനെ പിടിച്ചടിച്ചു കുത്തിച്ചവിട്ടി വസ്ത്രമഴിച്ചു കൈക്കലുള്ളതു അപഹരിച്ചു അവനെ അൎദ്ധപ്രാണനാക്കി ഇട്ടു പോയ്ക്കളഞ്ഞു. പിന്നേ ഒരു **പുരോഹിതൻ** ആ വഴിക്കു വന്നു അവനെ കണ്ടു കടന്നുപോയി. അതിന്റെ ശേഷം ഒരു **ലേവ്യനും** അതിലേ വന്നു അവനെ കണ്ടു കടന്നുപോയി. ഒടുക്കം ഒരു **ശമൎയ്യക്കാരൻ** ആ സ്ഥലത്തു വന്നു അവനെ കണ്ടു മനസ്സലിഞ്ഞു അരികേ ചെന്നു മുറികളിൽ എണ്ണയും വീഞ്ഞും പകൎന്നു കെട്ടി തന്റെ കഴുതമേൽ കരേററി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി ശുശ്രൂഷിച്ചു. പിറേറ ദിവസം അവൻ പുറപ്പെട്ടു പോകുമ്പോൾ വഴിയമ്പലക്കാരൻപക്കൽ രണ്ടു വെള്ളിക്കാശു കൊടുത്തു: "ഇവനെ നല്ലവണ്ണം നോക്കി രക്ഷിക്കേണം, ഇതിൽ അധികം ചെലവായെങ്കിൽ മടങ്ങിവരുമ്പോൾ നിണക്കു തരാം" എന്നു പറഞ്ഞു പോകയും ചെയ്തു. "എന്നാൽ കള്ളന്മാരുടെ കൈക്കലകപ്പെട്ടവന്നു ഈ മൂവരിൽ ഏവൻ അയല്ക്കാരനായ്തീൎന്നു" എന്നു ചോദിച്ചപ്പോൾ ശാസ്ത്രി: "കരുണ കാണിച്ചവൻ" എന്നു പറഞ്ഞു. യേശു അവനോടു: "നീയും പോയി അപ്രകാരം ചെയ്ക" എന്നു പറഞ്ഞു.

2. പിന്നെ ഒരിക്കൽ മററുള്ളവരോടു കരുണ കാണിക്കേണം എന്നതിനെ പററി യേശു വേറെ ഒരു ഉപമ പറഞ്ഞു:

ഒരു **രാജാവു** ശുശ്രൂഷക്കാരുടെ കണക്കു നോക്കിയപ്പോൾ പതിനായിരം റാത്തൽ വെള്ളി കടപ്പെട്ട ഒരുവൻ വന്നു, പിന്നേ അവന്നു കടം തീ

 പ്പാൻ വകയില്ലായ്കകൊണ്ടു രാജാവു: "ഭാൎയ്യയെയും മക്കളെയും അവന്നുള്ള സൎവ്വത്തെയും വിററു കടം തീൎക്ക" എന്നു കല്പിച്ചു. എന്നാറെ അവൻ രാജാവിന്റെ കാല്ക്കൽ വീണു: "സകലവും തീൎപ്പാൻ വക ഉണ്ടാകുവോളം ക്ഷമിക്കേണം" എന്നു വളരേ അപേക്ഷിച്ചപ്പോൾ രാജാവിന്നു കൃപതോന്നി കടം എല്ലാം ഇളെച്ചു കൊടുത്തു അവനെ വിട്ടയക്കയും ചെയ്തു.

ആ ശുശ്രൂഷക്കാരൻ പുറത്തു ചെന്നു തനിക്കു നൂറു വെള്ളി കടംപെട്ട തന്റെ ഒരു കൂട്ടുവേലക്കാരനെ കഴുത്തു പിടിച്ചു ഞെക്കി: "നിന്റെ കടം തീൎക്ക" എന്നു പറഞ്ഞപ്പോൾ ആയവൻ കാല്ക്കൽ വീണു: "സകലവും തീൎപ്പാൻ വക ഉണ്ടാകുവോളം ക്ഷമിക്കേണം" എന്നു വളരെ അപേക്ഷിച്ചു. ആയതു കേൾക്കാതെ കടം തീൎക്കുവോളം അവനെ തടവിൽ ആക്കിച്ചു.

ഇതു മററേ ശുശ്രൂഷക്കാർ കണ്ടു വളരേ ദുഃഖിച്ചു രാജാവോടുണൎത്തിച്ചപ്പോൾ രാജാവു അത്യന്തം കോപിച്ചു: "ദുഷ്ടാ, നീ എന്നോടു അപേക്ഷിച്ചതുകൊണ്ടു ആ കടം എല്ലാം ഞാൻ നിണക്കു ഇളെച്ചു തന്നുവല്ലോ; അപ്രകാരം നിന്റെ കൂട്ടുശുശ്രൂഷക്കാരന്നു കൃപ ചെയ്വാൻ നിന്റെ മനസ്സിൽ തോന്നാഞ്ഞതു എന്തു" എന്നു കല്പിച്ചു അവനെ പിടിച്ചു കടം എല്ലാം തീൎക്കുവോളം തടവിൽ പാൎപ്പിച്ചു.

**"ഓരോരുത്തൻ താന്താന്റെ സഹോദരനോടു ഹൃദയപൂൎവ്വം ക്ഷമിക്കാഞ്ഞാൽ സ്വൎഗ്ഗ**

സ്ഥനായ എൻ പിതാവു ഇപ്രകാരം തന്നെ നിങ്ങളോടും ചെയ്യും".

വേദോക്തം.

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു ഒരുവൻ പറകയും തൻെറ സഹോദരനെ പകെക്കയും ചെയ്യുന്നെങ്കിൽ അവൻ അസത്യവാദിയാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ൧ യോഹ. ൪, ൨൦.

---

## ൨൧. പ്രാൎത്ഥനയും വിനയവും.

(ലൂക്ക് ൧൮. മത്താ. ൨൩. മാക്ക് ൧൨.)

1. പിന്നേ മടുത്തുപോകാതെ എപ്പോഴും പ്രാൎത്ഥിക്കേണം എന്നതിനെ പററി യേശു ഒരു ഉപമ പറഞ്ഞു:

ദൈവത്തെ ഭയവും മനുഷ്യരെ ശങ്കയും ഇല്ലാത്തൊരു **ന്യായാധിപൻ** ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരു **വിധവയും** ഉണ്ടായിരുന്നു. അവൾ അവൻെറ അടുക്കെ ചെന്നു: "എൻെറ പ്രതിയോഗിയോടു പ്രതിക്രിയ ചെയ്തു എന്നെ രക്ഷിക്കേണം" എന്നു പറഞ്ഞു. അവന്നു കുറെ സമയത്തേക്ക മനസ്സില്ലാഞ്ഞതിൻെറ ശേഷം: "ഞാൻ ദൈവഭയവും മനുഷ്യരെ ശങ്കയും ഇല്ലാത്തവൻ എങ്കിലും ഈ വിധവ എന്നെ അസഹ്യപ്പെടുത്തുന്നതുകൊണ്ടു അവൾക്കായി പ്രതിക്രിയ നടത്തും, അല്ലാഞ്ഞാൽ അവൾ എപ്പോഴും വന്നു എന്നെ മുഷിപ്പിക്കും" എന്നു പറഞ്ഞു. പിന്നെ കൎത്താവു പറഞ്ഞു:

"അനീതിയുള്ള ന്യായാധിപൻ പറയുന്നതു കേൾപ്പിൻ! ദൈവമോ താൻ തെരിഞ്ഞെടുത്തവർ രാപ്പകൽ തന്നോടു നിലവിളിക്കയിൽ അവരെ കുറിച്ചു ദീൎഘക്ഷമ ഉള്ളവൻ എങ്കിലും അവൎക്കായി പ്രതിക്രിയ ചെയ്കയില്ലയോ? വേഗത്തിൽ അവൎക്കായി പ്രതിക്രിയ നടത്തും എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാലോ മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?



2. തങ്ങളെ ഭക്തരെന്നു വിചാരിച്ചു അന്യന്മാരെ നിന്ദിച്ചുകൊണ്ടിരുന്ന ചിലരോടു യേശു ഒരുപമ പറഞ്ഞു.

ഒരു ദിവസം രണ്ടു മനുഷ്യർ പ്രാൎത്ഥിപ്പാൻ ദൈവാലയത്തിൽ കരേറിപ്പോയി. ഒരുത്തൻ **പരീശൻ**

മററവൻ**ചുങ്കക്കാരൻ.** പരീശൻ: "ദൈവമേ ഞാൻ പിടിച്ചുപറിക്കാർ നീതികെട്ടവർ വ്യഭിചാരികൾ മുതലായ മനുഷ്യരെ പോലെയോ ഈ ചുങ്കക്കാരനേ പോലെയോ അല്ലായ്കയാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. ആഴ്ചവട്ടത്തിൽ രണ്ടു പ്രാവശ്യം ഞാൻ ഉപവസിക്കുന്നു. എന്റെ വരവിൽനിന്നു പതാരം കൊടുത്തു വരുന്നു" എന്നു പ്രാൎത്ഥിച്ചു. ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ടു കണ്ണുകളെ ആകാശത്തേക്കു ഉയൎത്തുവാൻ പോലും തുനിയാതെ തന്റെ മാറത്തു അടിച്ചുകൊണ്ടു: "**ദൈവമേ, പാപിയായ എന്നോടു കരുണ ഉണ്ടാകേണമേ**"! എന്നു പ്രാൎത്ഥിച്ചു. ചുങ്കക്കാരൻ പരീശനെക്കാൾ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോകയും ചെയ്തു. കാരണം "**തന്നെത്താൻ ഉയൎത്തുന്നവൻ ഏവനും താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഏവനും ഉയൎത്തപ്പെടുകയും ചെയ്യും**" എന്നു ഞാൻ നിങ്ങളോടു പറയുന്നു".

3. പിന്നെ ഒരു ദിവസം കൎത്താവു ശ്രീഭണ്ഡാരത്തിൽ പണമിടുന്നവരെ നോക്കിക്കൊണ്ടിരുന്നു. ധനവാന്മാർ പലരും വന്നു വളരേ ദ്രവ്യമിട്ടുകൊണ്ടിരിക്കുമ്പോൾ ദരിദ്രയായ ഒരു **വിധവയും** വന്നു **രണ്ടു കാശു** മാത്രം ഇടുന്നതു കണ്ടു ശിഷ്യന്മാരോടു: "ഈ ഭണ്ഡാരത്തിലിട്ട ധനവാന്മാരെക്കാൾ ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു. അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്നു ഇട്ടു, ഇവളോ തന്റെ മഹാ ദാരിദ്ര്യത്തിൽനിന്നു തനിക്കുള്ളതൊക്കയും ഇട്ടു" എന്നു പറഞ്ഞു.

വേദോക്തം.

നിന്റെ ദാസനോട്ട ന്യായവിധിയിലേക്ക ചെല്ലരുതെ, തിരു മുമ്പിൽ ഒരു ജീവിയും നീതിമാനായി നില്ക്കയില്ലല്ലോ. സങ്കീൎത്തനം ൧൪൩, ൨.

---

## ൨൨. പത്രൊസിന്റെ സ്വീകാരവും യേശുവിന്റെ രൂപാന്തരവും.


(മത്തായി ൧൬. ൧൭.)

1. യേശു ഫീലിപ്പൊസിന്റെ കൈസൎയ്യയുടെ അംശങ്ങളിൽ ചെന്നെത്തി അവിടെ വെച്ച തന്റെ ശിഷ്യന്മാരോട്ട ചോദിച്ചിതു: "ജനങ്ങൾ മനുഷ്യപുത്ര നായ ഞാൻ ആർ എന്നാകുന്നു പറയുന്നതു?" അ വർ ഉത്തരം പറഞ്ഞു: "ചിലർ സ്നാപകനായ യോ ഹന്നാൻ എന്നും മറ്റു ചിലർ എലീയാ എന്നും, വേറെ ചിലർ യറമീയയോ പ്രവാചകന്മാരിൽ ഒരു ത്തനോ ആകുന്നു എന്നും പറയുന്നു".

അപ്പോൾ അവരോടു അവൻ: "നിങ്ങളോ ഞാൻ ആർ എന്നാകുന്നു പറയുന്നതു?" എന്നു ചോദിച്ച തിന്നു ശിമോൻ പത്രോസ് ഉത്തരം പറഞ്ഞിതു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആ കുന്നു". അപ്പോൾ യേശു അവനോട്ട പറഞ്ഞതു: "യോനായുടെ പുത്രനായ ശിമോനേ! നീ ഭാഗ്യവാ നാകുന്നു. ജഡരക്തങ്ങൾ അല്ല, സ്വൎഗ്ഗസ്ഥനായ എന്റെ പിതാവാകുന്നു ഇതു നിനക്ക വെളിപ്പെടു ത്തിയതു".

യേശു താൻ യരുശലേമിലേക്ക പോയി മൂപ്പ

ന്മാർ മഹാപുരോഹിതന്മാർ ശാസ്ത്രികൾ എന്നിവ രാൽ പലവും സഹിച്ചു കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിൎത്തെഴുന്നീല്ക്കയും വേണ്ടതു എന്നു തന്റെ ശിഷ്യന്മാൎക്ക അന്നുമുതൽ അറിയിച്ചു തുടങ്ങി.



2. ആറു ദിവസം കഴിഞ്ഞതിന്റെ ശേഷം യേശു പത്രൊസ് യാക്കോബ് യോഹന്നാൻ ഈ മൂന്നു ശിഷ്യന്മാരെ കൂട്ടി ഒരു ഉയൎന്ന മലമേൽ കൊണ്ടു പോയി. പിന്നെ അവരുടെ മുമ്പാകെ അവന്നു രൂപാന്തരം സംഭവിച്ചു, അവന്റെ മുഖം സൂൎയ്യനെപ്പോലെ പ്രകാശിച്ചു, വസ്ത്രങ്ങൾ വെളിച്ചം പോലെ വെണ്മയായി; മോശെയും എലീയാവും പ്രത്യക്ഷമായി, യരുശലേമിൽ വെച്ചു തനിക്ക സംഭവിക്കേണ്ടുന്ന മരണത്തെ കുറിച്ചു അവനോടു സംസാരിച്ചു.

അപ്പോൾ ശിഷ്യന്മാർ തളൎന്നുറങ്ങുകയായിരുന്നു; ഉണൎന്ന ഉടനെ അവൻെറ മഹത്വത്തെയും അവനോടു കൂട രണ്ടു പുരുഷന്മാർ നില്ക്കുന്നതിനെയും കണ്ടു: “കൎത്താവേ, നാം ഇവിടേ ഇരിക്കുന്നതു നല്ലതു, മനസ്സുണ്ടെങ്കിൽ നിണക്കും മോശെക്കും എലീയാവിന്നും ഇങ്ങിനെ മൂന്നു കൂടാരം ഉണ്ടാക്കാം” എന്നു പറയുമ്പോൾ തന്നെ പ്രകാശമുള്ളൊരു മേഘം അവരുടെ മീതെ നിഴലിച്ചു: “**ഇവൻ എൻെറ പ്രിയപുത്രനാകുന്നു, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു, ഇവനെ ചെവിക്കൊൾവിൻ**” എന്നു മേഘത്തിൽനിന്നു ഒരു ശബ്ദവുമുണ്ടായി. അതു കേട്ടു ശിഷ്യന്മാർ ഭയപ്പെട്ടു നിലത്തു വീണു. യേശു അവരെ തൊട്ടു: “എഴുന്നീല്പിൻ, ഭയപ്പെടേണ്ട” എന്നു പറഞ്ഞു. അവർ കണ്ണു ഉയൎത്തിയപ്പോൾ യേശുവെ അല്ലാതെ മററാരേയും കണ്ടില്ല.

പിന്നേ മലയിൽനിന്നു ഇറങ്ങുമ്പോൾ അവൻ അവരോടു: “മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു ജീവിച്ചെഴുന്നീല്ക്കും വരേ ഈ ദൎശനം ആരോടും പറയരുതു” എന്നു കല്പിച്ചു.

### വേദോക്തം.

വചനം ജഡമായി ഭവിച്ചു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാൎത്തു; അവൻെറ തേജസ്സു പിതാവിൽനിന്നു ഏകജാതനായവൻെറ തേജസ്സായിട്ടു ഞങ്ങൾ കാണുകയും ചെയ്തു. യോഹ. ൧, ൧൪.

## ൨൩. യേശു മൂന്നു പ്രാവശ്യം ബെത്ഥാന്യയിൽ വന്നതു.

(ലൂക്ക് ൧൦. യോഹ. ൧൧. ൧൨. മത്തായി ൨൬.)

1. യേശു യരുശലേംസമീപമുള്ള ബെത്ഥാന്യ ഗ്രാമത്തിൽ ദൈവഭക്തനായ **ലാസരെയും** സഹോദരിമാരായ **മറിയയെയും മാൎത്തയെയും** സ്നേഹിച്ചു പലപ്പോഴും അവരുടെ വീട്ടിൽ പോയി പാൎത്തിരുന്നു. അവൻ ഒരു ദിവസം അവിടേ ചെന്നപ്പോൾ മറിയ അവന്റെ കാല്ക്കലിരുന്നു വചനം കേട്ടു. മാൎത്തയോ പല ശുശ്രൂഷയാൽ കുഴങ്ങീട്ടു അരികിൽ ചെന്നു: "കൎത്താവേ, എന്റെ സഹോദരി പണി എടുപ്പാൻ എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിണക്കു വിചാരം ഇല്ലയോ? അതുകൊണ്ടു എന്നെ സഹായിപ്പാൻ അവളോടു കല്പിച്ചാലും" എന്നു പറഞ്ഞു. പിന്നെ കൎത്താവു: "മാൎത്തയേ, മാൎത്തയേ, നീ പലതിനെ പററി വിചാരപ്പെട്ടും നിന്റെ മനം കലങ്ങിയും ഇരിക്കുന്നു എന്നാൽ **ആവശ്യമായിട്ടു ഒന്നേയുള്ളു.** മറിയ നല്ല അംശം തെരിഞ്ഞെടുത്തു ആയതു അവളിൽനിന്നു എടുക്കപ്പെടുകയില്ല" എന്നു പറഞ്ഞു.

2. അല്പകാലം കഴിഞ്ഞശേഷം ബെത്ഥാന്യയിലെ ലാസർ ദീനക്കാരനായി കിടക്കുമ്പോൾ അവന്റെ രണ്ടു സഹോദരിമാർ യേശുവിന്റെ അടുക്കൽ ആളയച്ചു: "കൎത്താവേ, നിണക്കു പ്രിയനായവന്നു ദീനമായിരിക്കുന്നു" എന്നു പറയിച്ചു. യേശു: "രോഗം മരണത്തിന്നായിട്ടല്ല, ദൈവപുത്രൻ മഹ

ത്വപ്പെടേണ്ടതിന്നും ദൈവത്തിൻെറ മഹത്വത്തിന്നാ യിട്ടും ആകുന്നു" എന്നു പറഞ്ഞു രണ്ടു ദിവസം ആ സ്ഥലത്തിൽ താമസിച്ചു.

അതിൻെറ ശേഷം യേശു ശിഷ്യന്മാരോട്ടു: "നാം യഹൂദദേശത്തിലേക്ക പോക" എന്നു പറഞ്ഞ പ്പോൾ അവർ: "കത്താവേ, മുമ്പേ യഹൂദന്മാർ നി ന്നെ കല്ലെറിവാൻ ഭാവിച്ചുവല്ലോ, എന്നിട്ടും നാം അ വിടേക്ക പോക എന്നു പറയുന്നുവോ?" എന്നു ചോ ദിച്ചു. കത്താവു: "പകലിന്നു പന്ത്രണ്ടു മണിക്കൂർ ഇ ല്ലയോ? ഒരുത്തൻ പകലിൽ നടക്കുന്നുവെങ്കിൽ ഈ ലോകത്തിൻെറ വെളിച്ചം കാണുന്നതുകൊണ്ടു ഇട റുന്നില്ല. ഒരുത്തൻ രാത്രിയിൽ നടക്കുന്നെങ്കിലോ അവനിൽ വെളിച്ചം ഇല്ലായ്കകൊണ്ടു ഇടറുന്നു. പി ന്നെ നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുന്നു എങ്കിലും അവനെ ഉണത്തുവാൻ ഞാൻ പോകുന്നു" എന്നു പറഞ്ഞപ്പോൾ ഉറക്കിനെ കുറിച്ചു പറഞ്ഞു എ ന്നു ശിഷ്യന്മാർ വിചാരിച്ചു: "കത്താവേ, അവൻ ഉറ ങ്ങുന്നുവെങ്കിൽ സൌഖ്യം വരും" എന്നതിന്നു യേശു: "ലാസർ മരിച്ചുപോയി" എന്നു സ്പഷ്ടമായി പറഞ്ഞു.

പിന്നെ യേശു ശിഷ്യരുമായി പുറപ്പെട്ടു ബെത്ഥാ ന്യക്ക സമീപം എത്തിയപ്പോൾ ആ വത്തമാനം മാത്ത അറിഞ്ഞു ചെന്നെതിരേറ്റു: "കത്താവേ, നീ ഇവിടേ ഉണ്ടായിരുന്നുവെങ്കിൽ എൻെറ സഹോദരൻ മരിക്കയില്ലയായിരുന്നു" എന്നു പറഞ്ഞു. "നിൻെറ സഹോദരൻ എഴുന്നീല്ക്കും" എന്നു യേശു പറഞ്ഞു. അതു കേട്ടിട്ടു മാത്ത: "അവസാനദിവസത്തിലേ പു നരുത്ഥാനത്തിൽ അവൻ ഉയിത്തെഴുന്നീല്ക്കും എന്നു

ഞാൻ അറിയുന്നു" എന്നു പറഞ്ഞു. അതിന്നു യേശു: "ഞാൻ തന്നേ പുനരുത്ഥാനവും ജീവനുമാകുന്നു; എന്നെ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്നു എങ്കൽ വിശ്വസിക്കുന്നവൻ ഏവനും ഒരിക്കലും മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ" എന്നു ചോദിച്ചപ്പോൾ അവൾ: "ഉവ്വ കൎത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു" എന്നു പറഞ്ഞു. ഉടനേ ഓടിപ്പോയി മറിയയെ വിളിച്ചു കൎത്താവു വന്നിരിക്കുന്നു എന്നു പറഞ്ഞപ്പോൾ അവൾ വേഗം എഴുന്നീറ്റു മാൎത്തയുടെ പിന്നാലെ ചെന്നു യേശുവെ കണ്ടു കുമ്പിട്ടു: "കൎത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലയായിരുന്നു" എന്നു പറഞ്ഞു.

അവളുടെ കരച്ചലും അവളെ ആശ്വസിപ്പിപ്പാൻ കൂട വന്ന യഹൂദന്മാരുടെ വ്യസനവും കണ്ടപ്പോൾ യേശു ആത്മാവിൽ വ്യാകുലപ്പെട്ടു കണ്ണീർ വാൎത്തു യഹൂദന്മാർ കണ്ടു ചിലർ: "ഇവൻ അവനെ എത്ര സ്നേഹിച്ചിരിക്കുന്നു" എന്നും മററു ചിലർ: "കുരുടന്റെ കണ്ണുകളെ തുറന്ന ഇവന്നു അവനെ മരിക്കാതാക്കുവാൻ കഴികയില്ലയായിരുന്നുവോ" എന്നും പറഞ്ഞു.

യേശു: "നിങ്ങൾ അവനെ എവിടേ അടക്കം ചെയ്തു" എന്നു ചോദിച്ചതിന്നു അവർ: "കൎത്താവേ, വന്നു കാണ്ക" എന്നു പറഞ്ഞ ശേഷം അവൻ പ്രേതകല്ലറയുടെ അരികേ ചെന്നു അതിന്മേൽ വെച്ച

കല്ല നീക്കിക്കളവാൻ കല്പിച്ചു. അപ്പോൾ മാൎത്ത: "കൎത്താവേ നാററം വെച്ചുതുടങ്ങി നാലാം നാളാകുന്നുവല്ലോ" എന്നു പറഞ്ഞപ്പോൾ യേശു: "നീ വിശ്വസിച്ചാൽ ദൈവമഹത്വം കാണുമെന്നു ഞാൻ നിന്നോടു പറഞ്ഞിട്ടില്ലയോ" എന്നു ചോദിച്ചു.

അപ്പോൾ അവർ കല്ല നീക്കിക്കളഞ്ഞു. പിന്നെ യേശു തന്റെ കണ്ണുകളെ ഉയൎത്തി പ്രാൎത്ഥിച്ചു "പിതാവേ, നീ എന്നെ കേട്ടതുകൊണ്ടു ഞാൻ നിന്നെ സ്തുതിക്കുന്നു. നീ എപ്പോഴും എന്നെ കേൾക്കുന്നു എന്നു



ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചു എന്നു ചുററും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു ഞാൻ ഇതു പറഞ്ഞു". പിന്നേ: "ലാസരേ, പുറത്തുവാ" എന്നു ഉറക്കെ വിളിച്ചു;

അപ്പോൾ മരിച്ചവൻ ജീവിച്ചെഴുന്നീററു പുറത്തു വന്നു. യേശു: "അവനെ കെട്ടഴിച്ചു പോകുവാൻ വിടുവിൻ" എന്നു കല്പിച്ചു. അതു കണ്ടിട്ടു മറിയയുടെ അടുക്കെ വന്ന യഹൂദരിൽ പലരും അവനെ വിശ്വസിച്ചു; എങ്കിലും മഹാപുരോഹിതന്മാർ അന്നു മുതൽ അവനെ കൊല്ലുവാൻ തഞ്ചം നോക്കികൊണ്ടിരുന്നു.

3. പെസഹപ്പെരുന്നാൾക്കു ആറു ദിവസം മുമ്പേ യേശു പിന്നേയും ബെത്ഥാന്യയിൽ വന്നു **ശിമോൻ** എന്നവൻെറ വീട്ടിൽ ശിഷ്യന്മാരോടും ലാസരോടും കൂട ഭക്ഷണത്തിന്നിരുന്നപ്പോൾ മാൎത്ത ശുശ്രൂഷ ചെയ്തു; മറിയ വിലയേറിയ പരിമളതൈലം ഒരു റാത്തൽ കൊണ്ടുവന്നു യേശുവിൻെറ തലയിലും പാദങ്ങളിലും തേച്ചു, കാലുകളെ തൻെറ തലമുടി കൊണ്ടു തുവൎത്തി. ആ തൈലത്തിൻെറ സൌരഭ്യം കൊണ്ടു വീടുമുഴുവൻ നിറഞ്ഞു. എന്നാൽ അവനെ പിന്നീടു കാണിച്ചുകൊടുത്ത ഇഷ്കാൎയ്യോത്യനായ യഹൂദ: "മുന്നൂറു പണം വിലയുള്ള ഈ തൈലം വിററു ദരിദ്രൎക്കു കൊടുക്കാഞ്ഞതെന്തു" എന്നു ചോദിച്ചു. അവൻ ദരിദ്രരെ കുറിച്ചു വിചാരമുള്ളവനായിരുന്നതു കൊണ്ടല്ല കള്ളനാകകൊണ്ടും തൻെറ കൈവശം ഏല്പിച്ച മടിശ്ശീലയിൽനിന്നു കൂടെക്കൂടെ പണം അപഹരിക്കകൊണ്ടുമായിരുന്നു ഇതു പറഞ്ഞതു. മററു ചില ശിഷ്യന്മാരും അങ്ങിനെ തന്നെ പറഞ്ഞു. അപ്പോൾ യേശു: "നിങ്ങൾ ഈ സ്ത്രീയെ എന്തിന്നു ദുഃഖിപ്പിക്കുന്നു? അവൾ എന്നിൽ നല്ലൊരു ക്രിയ ചെയ്തിരിക്കുന്നു; ദരിദ്രർ എല്ലായ്പോഴും നിങ്ങൾക്കു

അടുക്കേ ഇല്ലയോ. മനസ്സുണ്ടെങ്കിൽ അവക്കു ധമ്മം ചെയ്യാം; ഞാൻ എപ്പോഴും നിങ്ങളുടെ കൂട ഇരിക്കയില്ല; ഇവൾ തന്നാൽ കഴിയുന്നതു ചെയ്തു. അവളെ വിടുക, എന്റെ ശവം അടക്കത്തിന്നായി അവൾ ഇതു സംഗ്രഹിച്ചിരുന്നു. ഈ സുവിശേഷം ലോകത്തിൽ ഘോഷിച്ചറിയിക്കുന്നേടത്തെല്ലാം ഇവൾ ചെയ്തതു ഇവളുടെ ഓൎമ്മക്കായി പ്രസ്താവിക്കും" എന്നു പറഞ്ഞു.

വേദോക്തം.

സ്വൎഗ്ഗങ്ങളിൽ എനിക്കു മററാർ ഉള്ളു? ഭൂമിയിൽ നിന്നെ ഒഴികേ ഞാൻ ആഗ്രഹിക്കുന്നതും ഇല്ല; എൻ ദേഹിയും ദേഹവും മാഴ്കി എന്നാലും ദൈവം എന്നും എന്റെ ഹൃദയപാറയും എൻ ഓഹരിയും തന്നേ. സങ്കീ. ൭൩, ൨൫. ൨൬.


---

## ൨൭. നഗരപ്രവേശനം.

(മത്ത. ൨൧. ലൂക്ക് ൧൯.)

1. പിറേറ ദിവസം യേശു യരുശലേമിലേക്കു യാത്രയായി ഒലീവുമലയുടെ അരികേയുള്ള ബെത്ഫാഗ ഗ്രാമത്തിൽ എത്തിയപ്പോൾ ശിഷ്യന്മാരിൽ രണ്ടാളെ വിളിച്ചു അവരോടു: "നിങ്ങൾ ഗ്രാമത്തിൽ ചെല്ലുവിൻ! അവിടേ കെട്ടിയിരിക്കുന്ന ഒരു കഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ കാണും, അവയെ അഴിച്ചുകൊണ്ടു വരുവിൻ, വല്ലവനും വിരോധം പറഞ്ഞാൽ കൎത്താവിന്നാവശ്യമെന്നു പറവിൻ, എന്നാൽ ഉടനേ വിട്ടയക്കും" എന്നു പറഞ്ഞു. "ഇതാ, നിന്റെ രാജാവു സൌമ്യനായും കഴുതപ്പു

റത്തു കരേറിയവനായും വരുന്നു എന്നു ചിയോൻ പുത്രിയോടു പറവിൻ" എന്നുള്ള പ്രവാചകവാക്യം നിവൃത്തിയാകേണ്ടതിന്നു ഇതൊക്കയും സംഭവിച്ചു.



പിന്നെ ശിഷ്യന്മാർ പോയി കർത്താവിൻെറ വചനപ്രകാരം കഴുതയേയും കുട്ടിയേയും കണ്ടു അഴിച്ചു കൊണ്ടുവന്നു, വസ്ത്രങ്ങളെ അതിന്മേലിട്ടു യേശു അതിന്മേൽ കയറി പോകുമ്പോൾ പുരുഷാരം വന്നു കൂടി. പലരും തങ്ങളുടെ വസ്ത്രങ്ങളെ വഴിയിൽ വിരിച്ചു. മററു ചിലർ മരങ്ങളുടെ കൊമ്പു വെട്ടി വഴിയിൽ ഇട്ടു. "ദാവിദ്പുത്രന്നു ഹോശന്ന, കർത്താവിൻെറ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ, അത്യുന്നതങ്ങളിൽ ഹോശന്ന" എന്നു എല്ലാവരും ആർത്തുകൊണ്ടിരുന്നു.

2. നഗരത്തിന്നടുത്തപ്പോൾ അവൻ അതു നോക്കി കരഞ്ഞു: “അല്ലയോ ഈ നാളിൽ നിന്റെ സമാധാനത്തെ സംബന്ധിച്ചവറ്റെ നീ അറിഞ്ഞെങ്കിൽ കൊള്ളായിരുന്നു, ഇപ്പോഴോ അവ നിന്റെ കണ്ണുകൾക്കു മറഞ്ഞിരിക്കുന്നു; നിന്റെ സന്ദൎശനകാലം നീ അറിയാഞ്ഞതുകൊണ്ടു ശത്രുക്കൾ നിണക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു എല്ലാഭാഗത്തും ഞെരുക്കിക്കൊണ്ടു നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലംപരിചാക്കി തീൎത്തു, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാത്ത നാളുകൾ നിണക്കു വരും” എന്നു പറഞ്ഞു.



3. പിന്നേ അവൻ യരുശലേമിൽ പ്രവേശിക്കുമ്പോൾ നഗരം എല്ലാം കുലുങ്ങി: “ഇവൻ ആർ”

എന്നു ചോദിച്ചു. പുരുഷാരങ്ങളോ: "ഇവൻ ഗലീലയിലേ നസറേത്തിൽനിന്നുള്ള പ്രവാചകനായ യേശു" എന്നു പറഞ്ഞു.

പിന്നെ യേശു ദൈവാലയത്തിലേക്കു ചെന്നപ്പോൾ അവിടേ ക്രയവിക്രയങ്ങൾ ചെയ്യുന്നവരെ കണ്ടു അവരെ പുറത്താക്കി, വാണിഭക്കാരുടെ മേശകളെ മറിച്ചിട്ടു, പ്രാക്കളെ വില്ക്കുന്നവരോടു അവററെ കൊണ്ടുപോവാൻ കല്പിച്ചു. "എന്റെ ഭവനം സകല ജാതികൾക്കും പ്രാൎത്ഥനാലയം എന്നു വിളിക്കപ്പെടും എന്നെഴുതിയിരിക്കുന്നു, നിങ്ങളോ അതു കള്ളന്മാരുടെ ഗുഹയാക്കി തീൎത്തു" എന്നു പറഞ്ഞു.

അപ്പോൾ ദൈവാലയത്തിൽനിന്നു കുട്ടികൾ: "ദാവിദ്പുത്രന്നു ഹോശന്ന" എന്നു വിളിക്കുന്നതു മഹാചാൎയ്യന്മാരും ശാസ്ത്രികളും കേട്ടു കോപിച്ചു: "ഇവർ പറയുന്നതു കേൾക്കുന്നുവോ" എന്നു ചോദിച്ചു. യേശു അവരോടു: "ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ സ്തുതിയെ ഒരുക്കിയിരിക്കുന്നു" എന്ന വേദവാക്യം നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ എന്നു പറഞ്ഞു. അവരെ വിട്ടു ബെത്ഥാന്യയിലേക്കു പോയി രാത്രിയിൽ പാൎത്തു.

4. രാവിലേ പട്ടണത്തിങ്കലേക്കു മടങ്ങിച്ചെല്ലുമ്പോൾ വിശന്നു; വഴിയരികേ ഒരു **അത്തിവൃക്ഷം** ഫലങ്ങൾ കൂടാതെ ഇലകൾ മാത്രം ഉള്ളതായി കണ്ടു: "ഇനിമേൽ ഒരുത്തനും നിന്നിൽനിന്നു ഫലം ഭക്ഷിക്കരുതു" എന്നു ശപിച്ചു ഉടനേ ആ വൃക്ഷം ഉണങ്ങിപ്പോകയും ചെയ്തു. ഈ മരം ഇലകൾ മാത്രം

ഉള്ളതും യാതൊരു ഫലം കായ്ക്കാത്തതും ആയ യഹൂദ ജാതിയുടെ ഒരു ദൃഷ്ടാന്തം.

വേദോക്തം.

എങ്ങിനേ എന്നാൽ ദൈവവാഗ്ദത്തങ്ങൾ എത്ര ആകിലും അവ ന്നിൽ ഉവ്വ എന്നു ആകുന്നു, ഞങ്ങളാൽ ദൈവത്തിന്നു മഹത്വം ഉണ്ടാകുമാറു അവനിൽ ആമെൻ എന്നും തന്നേ. ൨ കൊരി. ൧, ൨൦.

---

## ൨൫. മുന്തിരിത്തോട്ടവും രാജകല്യാണവും.

(മത്തായി ൨൧—൨൨.)

1. പിന്നേ ഒരു ദിവസം കൎത്താവു ദൈവാലയത്തിൽ വെച്ചു ജനങ്ങളെ പഠിപ്പിക്കുമ്പോൾ പ്രധാനാചാൎയ്യന്മാരും ശാസ്ത്രികളും ജനത്തിന്റെ മൂപ്പന്മാരും വന്നു അവനോടു ചില ചോദ്യങ്ങൾ കഴിച്ചു ശേഷം അവൻ അവരോടു ഈ ഉപമ പറഞ്ഞു: "ഒരു മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി ചുറ്റും വേലി കെട്ടി ഒരു ചക്കും കുഴിച്ചിട്ടു ഗോപുരവും പണിചെയ്തു സകലത്തെയും കുടിയാന്മാൎക്കു ഏല്പിച്ചു ദൂരദേശത്തു പോയി. തക്കസമയത്തു തോട്ടക്കാരോടു ഫലങ്ങളെ വാങ്ങുവാൻ ഭൃത്യന്മാരെ അയച്ചു. കുടിയാന്മാരോ അവരെ പിടിച്ചു ഒരുത്തനെ അടിച്ചു, വേറൊരുത്തനെ കൊന്നു, മറ്റൊരുത്തനെ കല്ലെറിഞ്ഞു, മറ്റു ചിലരെ പലപ്രകാരം ഹിംസിച്ചു വധിക്കയും ചെയ്തു. ഒടുവിൽ എന്റെ പുത്രനെ കണ്ടാൽ ശങ്കിക്കുമെന്നു വിചാരിച്ചു അവനെ പറഞ്ഞയച്ചു; കുടിയാന്മാർ പുത്രനെ കണ്ടപ്പോൾ: "ഇവൻ അവ

കാശിയാകുന്നു, അവകാശം നമുക്കാകേണ്ടതിന്നു ഇവനെ കൊല്ലേണം" എന്നു തമ്മിൽ പറഞ്ഞു അവനെ തോട്ടത്തിൽനിന്നു പുറത്താക്കി കൊന്നുകളഞ്ഞു. "ആകയാൽ മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാന്മാരോടു എന്തു ചെയ്യും" എന്നു ചോദിച്ചപ്പോൾ: "അവൻ വന്നു അവരെ നശിപ്പിച്ചു മുന്തിരിത്തോട്ടം തക്കസമയത്തു ഫലങ്ങളെ കൊടുക്കുന്ന കുടിയാന്മാൎക്ക ഏല്പിക്കും" എന്നു അവർ പറഞ്ഞു. അപ്പോൾ യേശു അവരോടു: "അപ്രകാരം തന്നേ **ദൈവരാജ്യം നിങ്ങളിൽനിന്നു എടുത്തു ഫലങ്ങളെ തരുന്ന ജാതികൾക്കു ഏല്പിക്കും"** എന്നു പറഞ്ഞു.

2. പിന്നേ വേറൊരു ഉപമ പറഞ്ഞു: "ഒരു രാജാവു പുത്രന്നു **കല്യാണം** കഴിപ്പാൻ ഭാവിച്ചു. കല്യാണക്കാരെ വിളിപ്പാൻ ഭൃത്യന്മാരെ പറഞ്ഞയച്ചാറെ അവൎക്ക വരുവാൻ മനസ്സില്ലായ്കയാൽ അവൻ വേറെ ഭൃത്യന്മാരെ അയച്ചു; "നിങ്ങൾ ക്ഷണിക്കപ്പെട്ടവരോടു: തടിച്ച ആടുമാടുകളെ കൊന്നു പാകം ചെയ്തു സകലവും ഒരുങ്ങിയിരിക്കുന്നു, വേഗം വരേണം എന്നു പറവിൻ" എന്നു കല്പിച്ചു. എന്നാൽ അവർ അതു കൂട്ടാക്കാതെ ഒരുത്തൻ തന്റെ വിളഭൂമി നോക്കേണ്ടതിന്നും മറെറാരുത്തൻ തന്റെ വ്യാപാരം ചെയ്യേണ്ടതിന്നും പോയ്ക്കളഞ്ഞു; ശേഷമുള്ളവർ രാജഭൃത്യന്മാരെ പിടിച്ചു അപമാനിച്ചു കൊന്നുകളഞ്ഞു.

അതു രാജാവു കേട്ടു കോപിച്ചു സൈന്യങ്ങളെ അയച്ചു ആ കുലപാതകന്മാരെ മുടിച്ചു അവരുടെ പട്ടണത്തെയും ചുട്ടുകളഞ്ഞു. പിന്നേ അവൻ

ഭൃത്യന്മാരോടു: "എല്ലാം ഒരുങ്ങിയിരിക്കുന്നെങ്കിലും ക്ഷണിക്കപ്പെട്ടവർ അതിന്നു യോഗ്യന്മാരായിരുന്നില്ല. നിങ്ങൾ പോയി വഴിക്കൽ കാണുന്നവരെ എല്ലാവരേയും വിളിപ്പിൻ" എന്നു കല്പിച്ചശേഷം അവർ പുറപ്പെട്ടു ദുഷ്ടന്മാരെയും ശിഷ്ടന്മാരെയും കൂട്ടിക്കൊണ്ടു വന്നു കല്യാണശാല കല്യാണക്കാരെക്കൊണ്ടു നിറകയും ചെയ്തു.



അപ്പോൾ കല്യാണക്കാരെ കാണ്മാൻ രാജാവു അകത്തു ചെന്നു, കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു: "സ്നേഹിതാ, കല്യാണവസ്ത്രം ധരിക്കാതെ നീ എങ്ങിനെ ഇവിടെ വന്നു?" എന്നു ചോദിച്ചു. എന്നാൽ അവന്നു വാക്കില്ലാതെപോയി. അപ്പോൾ രാജാവു ഭൃത്യന്മാരെ വിളിച്ചു: "ഇവൻെറ കൈ കാലുകൾ കെട്ടി ഏററം പുറത്തുള്ള ഇരുട്ടിൽ

തള്ളിക്കളവിൻ, അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും''എന്നു കല്പിച്ചു. "വിളിക്കപ്പെട്ടവർ അനേകർ തെരിഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കമത്രേ''.

വേദോക്തം.

പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു. യോഹ. ൩, ൩൬.

---

## ൩൬. അവസാനകാൎയ്യങ്ങളുടെ വിവരം.

(മത്തായി ൨൪. ലൂക്ക് ൨൧.)

1. അതിന്റെ ശേഷം യേശു ദൈവാലയത്തിൽ നിന്നു പുറപ്പെട്ടുപോകുമ്പോൾ ശിഷ്യന്മാർ അടുക്കേ ചെന്നു ദൈവാലയത്തിന്റെ പണികളെ കാണിച്ചപ്പോൾ അവൻ: "ഇവ എല്ലാം നിങ്ങൾ കാണുന്നില്ലയോ? ഇടിക്കാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല നിശ്ചയം.

"പിന്നെ യരുശലേം സേനകളാൽ വളഞ്ഞിരിക്കുന്നതു നിങ്ങൾ കാണുമ്പോൾ അതിന്റെ നാശം സമീപിച്ചിരിക്കുന്നു എന്നറിക, യഹൂദദേശത്തുള്ളവർ മലകളിലേക്കും പട്ടണത്തുള്ളവർ പുറത്തേക്കും ഓടിപ്പോയ്ക്കൊൾക; നാട്ടിലുള്ളവർ മടങ്ങിച്ചെല്ലരുതു; എഴുതിയിരിക്കുന്ന കാൎയ്യങ്ങൾക്കു നിവൃത്തി വരുത്തുന്ന കാലം അതു തന്നേ. ഈ ജനത്തിന്മേൽ ദൈവകോപം ഉഗ്രമായി ജ്വലിക്കകൊണ്ടു നാട്ടിൽ പലവിധ ഞെരുക്കവും അതിക്രമിച്ചുണ്ടാകും. ആ നാ

ളിൽ ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവൎക്കും ഹാ കഷ്ടം! ജനങ്ങൾ വാളിനാൽ വീഴും, പല രാജ്യങ്ങളിലും അടിമകളായി പോകേണ്ടി വരും. ജാതികളുടെ സമയം തികയുവോളം അവർ യരുശലേമിനെ ചവിട്ടിക്കളയും" എന്നു പറഞ്ഞു.

2. പിന്നേ അവൻ ഒലീവുമലയിൽ ഇരിക്കുമ്പോൾ പത്രൊസ് യോഹന്നാൻ യാക്കോബ് അന്ത്രയാവു എന്ന ഈ നാലു ശിഷ്യന്മാർ അടുക്കേ ചെന്നു: "നിൻെറ വരവിൻെറയും ലോകാവസാനത്തിൻെറയും അടയാളം എന്തു?" എന്നു ചോദിച്ചപ്പോൾ യേശു: "പലരും എൻെറ നാമത്തിൽ വന്നു ഞാൻ ക്രിസ്തുവാകുന്നെന്നു പറഞ്ഞു പലരെയും വഞ്ചിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കേൾക്കും; ജാതി ജാതിക്കും രാജ്യം രാജ്യത്തിന്നും വിരോധമായി എഴുന്നീല്ക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും; ദുഷ്ടജനങ്ങൾ നിങ്ങളെ ഹിംസിച്ചു കൊല്ലുകയും ചെയ്യും".

"സകല ജാതികൾക്കും സാക്ഷിയായിട്ടു സുവിശേഷം ഭൂമിയിൽ എല്ലാടവും ഘോഷിച്ചറിയിക്കപ്പെട്ടും; അപ്പോൾ അവസാനം വരും. ലോകാരംഭം മുതൽ ഇതുവരേയും സംഭവിക്കാത്തതും ഇനിമേൽ ഉണ്ടാവുരാത്തതുമായ മഹാ കഷ്ടങ്ങൾ ഉണ്ടാകും. അക്കാലത്തിങ്കൽ ഒരുത്തൻ: ഇന്നിന്ന ദിക്കിൽ ക്രിസ്തു ഉണ്ടു എന്നു പറഞ്ഞാൽ ആയതു വിശ്വസിക്കരുതു. മിന്നൽ കിഴക്കുനിന്നു പടിഞ്ഞാറോളം പ്രകാശിക്കുന്നതുപോലെ മനുഷ്യപുത്രൻെറ വരവായിരിക്കും; ശവം എവിടേയോ അവിടേ കഴുക്കൾ കൂട്ടും".

"ആ കഷ്ടകാലം കഴിഞ്ഞ ഉടനേ സൂൎയ്യചന്ദ്രാദി ഗ്രഹങ്ങൾ പ്രകാശിക്കാതെ ഇരുണ്ടു പോകും; നക്ഷത്രങ്ങൾ വീഴും; ആകാശത്തിലേ ശക്തികളും ഇളകും; അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ഊൎദ്ധ്വഭാഗത്തിങ്കൽ ശോഭിക്കും; ഭൂമിയിലെ ഗോത്രങ്ങൾ മനുഷ്യപുത്രൻ വളരേ ശക്തിയോടും മഹത്വത്തോടും കൂടി മേഘങ്ങളിൽ വരുന്നതിനെ കണ്ടു പ്രലപിക്കും. അവൻ ഭൂമിയിൽ സൎവ്വദിക്കിൽനിന്നും താൻ തെരിഞ്ഞെടുത്തവരെ കൂട്ടിച്ചേൎക്കേണ്ടതിന്നു ദൂതന്മാരെ കാഹളത്തോടു കൂട അയക്കും. എന്നാൽ ആ നാളിനേയും നാഴികയേയും കുറിച്ചു എന്റെ പിതാവു മാത്രമല്ലാതെ ആരും ദൈവദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. നിങ്ങളുടെ കൎത്താവു എപ്പോൾ വരുമെന്നു അറിയായ്കകൊണ്ടു നിങ്ങൾ എപ്പോഴും ഉണൎന്നു ഒരുങ്ങിയിരിപ്പിൻ" എന്നു പറഞ്ഞു.

### വേദോക്തം.

എന്തെന്നാൽ താൻ നിയമിച്ച പുരുഷനെക്കൊണ്ടു ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ ദൈവം ഒരു ദിവസത്തെ നിശ്ചയിച്ചു, അവനെ മരിച്ചവരിൽനിന്നു എഴുന്നീല്പിച്ചതിനാൽ എല്ലാവൎക്കും അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു. നടപ്പു. ൧൭, ൩൧.

## ൨൯. പത്തുകന്യകമാരും താലന്തുകളും ന്യായവിധിവൎണ്ണനയും.

(മത്തായി ൨൫.)

1. പിന്നെ യേശു പറഞ്ഞു: "സ്വൎഗ്ഗരാജ്യം തങ്ങളുടെ ദീപങ്ങളെ എടുത്തു മണവാളനെ എതിരേല്പാൻ പുറപ്പെട്ട പത്തു കന്യകമാരോടു സമമാകുന്നു". അവരിൽ അഞ്ചു പേർ ബുദ്ധിയുള്ളവരും അഞ്ചു പേർ ബുദ്ധിയില്ലാത്തവരുമായിരുന്നു. ബുദ്ധിയില്ലാത്തവർ തങ്ങളുടെ ദീപങ്ങളെ എടുത്തപ്പോൾ എണ്ണ എടുത്തില്ല; ബുദ്ധിയുള്ളവർ ദീപങ്ങളും എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കകൊണ്ടു അവരെല്ലാവരും ഉറങ്ങിപ്പോയി.

അൎദ്ധരാത്രിയിൽ: "മണവാളൻ വരുന്നു, അവനെ എതിരേല്പാൻ പുറപ്പെടുവിൻ"! എന്നൊരു വിളിയുണ്ടായി; അപ്പോൾ അവരെല്ലാവരും എഴുന്നീറ്റു ദീപങ്ങളെ തെളിയിച്ചു. ബുദ്ധിയില്ലാത്തവർ മററവരോടു: "ഞങ്ങളുടെ ദീപങ്ങൾ കെട്ടുപോകുന്നതുകൊണ്ടു നിങ്ങളുടെ എണ്ണയിൽനിന്നു ഞങ്ങൾക്ക തരുവിൻ" എന്നപേക്ഷിച്ചപ്പോൾ ബുദ്ധിയുള്ളവർ: "ഞങ്ങൾക്കും നിങ്ങൾക്കും മുട്ടുണ്ടാകാതിരിപ്പാൻ നിങ്ങൾ തന്നേ പോയി വാങ്ങിക്കോൾവിൻ"! എന്നു പറഞ്ഞു.

അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു, ഒരുങ്ങിയിരിക്കുന്നവർ അവനോടു കൂട പോയി കല്യാണശാലയിൽ പ്രവേശിച്ചു, വാതിലടെച്ച ശേഷം മറേറവരും വന്നു: "കൎത്താവേ, കൎത്താവേ, തുറക്കേണമേ" എന്നപേക്ഷിച്ചു. അതിന്നു അവൻ:

"ഞാൻ നിങ്ങളെ അറിയുന്നില്ല" എന്നു പറഞ്ഞു. "ആകയാൽ മനുഷ്യപുത്രൻ വരുന്ന നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ"!

2. "പിന്നെ സ്വർഗ്ഗരാജ്യം ഭൃത്യന്മാരെ വിളിച്ചു സമ്പത്തുകളെ അവൎക്ക ഏല്പിച്ചു ദൂരദേശത്തേക്കു യാത്രയായ ഒരു മനുഷ്യനു സമം; അവൻ അവരവരുടെ പ്രാപ്തിപോലെ ഒരുത്തനു അഞ്ചും മറെറാരുത്തനു രണ്ടും മറെറാരുത്തനു ഒന്നും റാത്തൽ ദ്രവ്യം കൊടുത്തു യാത്ര പുറപ്പെട്ടു. പിന്നെ അഞ്ചു റാത്തൽ ലഭിച്ചവൻ പോയി വ്യാപാരം ചെയ്തു വേറെ അഞ്ചു റാത്തൽ സമ്പാദിച്ചു; രണ്ടു റാത്തൽ ലഭിച്ചവനും അപ്രകാരം ചെയ്തു വേറെ രണ്ടു റാത്തൽ നേടി. ഒരു റാത്തൽ ലഭിച്ചവനോ പോയി അതു ഭൂമിയിൽ കുഴിച്ചിട്ടു യജമാനൻെറ ദ്രവ്യം മറെച്ചുവെച്ചു.

വളരെ കാലം കഴിഞ്ഞശേഷം അവരുടെ യജമാനൻ വന്നു കണക്കു നോക്കിയപ്പോൾ അഞ്ചു റാത്തൽ വാങ്ങിയവൻ വേറെ അഞ്ചു റാത്തൽ കൂടി കൊണ്ടുവന്നു: "കൎത്താവേ, എനിക്കു അഞ്ചു റാത്തൽ തന്നുവല്ലോ; ഞാൻ വ്യാപാരം ചെയ്തു അതുകൊണ്ടു അഞ്ചു റാത്തൽ സമ്പാദിച്ചു" എന്നു പറഞ്ഞതു കേട്ടു, കൎത്താവു: "നന്നു നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ പലതിന്മേൽ ആക്കി വെക്കും, നിൻെറ കൎത്താവിൻെറ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്നു പറഞ്ഞു. അപ്രകാരം രണ്ടു റാത്തൽ വാങ്ങിയവനും വന്നു: "കൎത്താവേ, നീ രണ്ടു

റാത്തൽ എനിക്കു തന്നുവല്ലോ; ഇതാ ഞാൻ വേറെ രണ്ടു റാത്തൽ നേടി" എന്നു പറഞ്ഞപ്പോൾ കൎത്താവു പ്രസാദിച്ചു: "നല്ലവനും വിശ്വസ്തനുമായ ദാസനേ! നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ പലതിന്മേൽ ആക്കിവെക്കും; നിന്റെ കൎത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്നു പറഞ്ഞു. പിന്നെ ഒരു റാത്തൽ വാങ്ങിയവൻ വന്നു, കൎത്താവേ, "നീ വിതെക്കാത്ത ഇടത്തിൽ കൊയ്യുന്നവനും വിതറാത്ത ഇടത്തിൽനിന്നു ചേൎക്കുന്നവനും ആയ കഠിനമനുഷ്യനാകുന്നു എന്നു ഞാൻ അറിഞ്ഞു പേടിച്ചു, നീ തന്ന ദ്രവ്യം ഭൂമിയിൽ മറെച്ചു വെച്ചു; നിന്റെ ദ്രവ്യം ഇതാ" എന്നു പറഞ്ഞു.

അപ്പോൾ കൎത്താവു കോപിച്ചു പറഞ്ഞു: "ദുഷ്ടനും മടിയനുമായ ദാസനേ, ഞാൻ വിതെക്കാതേടത്തിൽ കൊയ്യുന്നവനും വിതറാത്ത ഇടത്തിൽനിന്നു ചേൎക്കുന്നവനും ആകുന്നു എന്നു നീ അറിഞ്ഞെങ്കിൽ നീ എന്റെ ദ്രവ്യം പൊൻവാണിഭക്കാൎക്കു കൊടുത്തു ലാഭം ഉണ്ടാക്കേണ്ടതായിരുന്നുവല്ലോ"! എന്നു പറഞ്ഞു. അവനിൽനിന്നു ആ ദ്രവ്യം എടുത്തു പത്തു റാത്തൽ ഉള്ളവന്നു കൊടുപ്പാനും നിസ്സാരനായ ഭൃത്യനെ അന്ധകാരത്തിലേക്കു തള്ളിക്കളവാനും കല്പിച്ചു; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.

3. "പിന്നേ മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വന്നു തന്റെ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടി വരുത്തും. ഇടയൻ

കോലാട്ടുകളിൽനിന്നു ചെമ്മരിയാട്ടുകളെ വേർതിരിക്കുന്ന പ്രകാരം അവൻ അവരെ വേർതിരിച്ചു ചെമ്മരിയാട്ടുകളെ തന്റെ വലത്തും കോലാട്ടുകളെ ഇടത്തും നിൎത്തും. വലത്തുള്ളവരോടു: "എന്റെ **പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ! ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാകുവിൻ.** കാരണം വിശന്നിരുന്നപ്പോൾ നിങ്ങൾ എനിക്കു ഭക്ഷണം തന്നു, ദാഹിച്ചിരുന്നപ്പോൾ കുടിപ്പാനും തന്നു, അതിഥിയായിരുന്നു എന്നെ ചേൎത്തുകൊണ്ടു, നഗ്നനായിരുന്നു എന്നെ ഉടുപ്പിച്ചു, രോഗിയും തടവുകാരനുമായിരുന്നു നിങ്ങൾ എന്നെ വന്നു കണ്ടു" എന്നു പറയും. അപ്പോൾ നീതിമാന്മാർ: "കൎത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ ഇപ്രകാരം ശുശ്രൂഷിച്ചു"? എന്നതിന്നു രാജാവു: "എന്റെ **ഈ ഏററം ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തതെല്ലാം എനിക്കു ചെയ്തു"** എന്നു കല്പിക്കും.

പിന്നെ അവൻ ഇടത്തുള്ളവരോടു: "ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാൎക്കും ഒരുക്കിയിരിക്കുന്ന നിത്യനരകാഗ്നിയിലേക്കു പോകുവിൻ! വിശന്നിരുന്നപ്പോൾ നിങ്ങൾ എനിക്കു ഭക്ഷണം തന്നില്ല, ദാഹിച്ചിരുന്നു എനിക്കു കുടിപ്പാൻ തന്നില്ല, അതിഥിയായിരുന്നു എന്നെ ചേൎത്തില്ല, നഗ്നനായിരുന്നു എന്നെ ഉടുപ്പിച്ചില്ല, രോഗിയും തടവുകാരനുമായിരുന്നു നിങ്ങൾ എന്നെ വന്നു കണ്ടില്ല" എന്നു പറയും. അപ്പോൾ അവർ:

“കൎത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ ഇങ്ങിനെയുള്ളവനായി കണ്ടു ശുശ്രൂഷ ചെയ്യാതെ ഇരുന്നു” എന്ന ചോദ്യത്തിന്നു രാജാവു: “എന്റെ ഈ ഏററം ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാഞ്ഞതു എനിക്കാകുന്നു ചെയ്യാഞ്ഞതു എന്നു ഉത്തരം പറയും. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാരോ നിത്യജീവങ്കലേക്കും പോകും” എന്നു കല്പിച്ചു.

### വേദോക്തം.

ദൈവം തന്നെ സ്നേഹിക്കുന്നവൎക്കു ഒരുക്കിയവ കൺ കാണാത്തതും ചെവി കേളാത്തതും മനുഷ്യഹൃദയത്തിൽ ഏറാത്തതുമായവയത്രേ. ൧ കൊരി. ൨, ൯.

# III. യേശുവിന്റെ കഷ്ടാനുഭവചരിത്രം.

## ൨൭. പെസഹാഭോജനം.

(മാൎക്ക് ൧൪. മത്തായി ൨൬. യോഹന്നാൻ ൧൩. ൧൮.)

1. പിന്നെ പെസഹ എന്ന പെരുന്നാൾ അടുത്തപ്പോൾ കൎത്താവു തന്റെ ശിഷ്യന്മാരോടു: "രണ്ടു ദിവസം കഴിഞ്ഞാൽ പെസഹ ഉണ്ടാകുമെന്നറിയുന്നുവല്ലോ! അന്നു മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാൻ ഏല്പിക്കപ്പെടും" എന്നു പറഞ്ഞു. അപ്പോൾ തന്നേ മഹാപുരോഹിതന്മാരും ശാസ്ത്രികളും ജനത്തിന്റെ മൂപ്പന്മാരും കൂടി യേശുവെ ഉപായംകൊണ്ടു പിടിച്ചു കൊല്ലുവാൻ നിരൂപിച്ചു. പിന്നേ യൂദാ ഇഷ്കാൎയ്യോത്ത് അവരെ ചെന്നു കണ്ടു: "ഞാൻ അവനെ നിങ്ങൾക്കു കാണിച്ചുതരാം, നിങ്ങൾ എനിക്കു എന്തു തരും?" എന്നു ചോദിച്ചപ്പോൾ അവർ അവന്നു മുപ്പതു വെള്ളിക്കാശു കൊടുത്തു. അന്നു മുതൽ കൎത്താവിനെ കാണിച്ചുകൊടുപ്പാൻ യൂദാ തക്കം അന്വേഷിച്ചു.

പിന്നേ ഉത്സവത്തിന്റെ ഒന്നാം ദിവസത്തിൽ ശിഷ്യന്മാർ യേശുവോടു: "നിണക്കു പെസഹാഭക്ഷണം എവിടേ ഒരുക്കേണം?" എന്നു ചോദിച്ചപ്പോൾ അവൻ പത്രോസിനോടും യോഹന്നാനോടും പറഞ്ഞതു: "നിങ്ങൾ പട്ടണത്തിലേക്കു ചെല്ലുവിൻ.

അവിടെ ഒരു കുടം വെള്ളം ചുമന്ന ഒരു മനുഷ്യൻ നിങ്ങളെ എതിരേല്ക്കും, അവൻ പോകുന്ന വീട്ടിലേക്ക നിങ്ങളും ചെന്നു യജമാനനോടു: എന്റെ സമയം സമീപിച്ചിരിക്കുന്നു, ശിഷ്യന്മാരോടു കൂട പെസഹ ഭക്ഷണം കഴിപ്പാനുള്ള മുറി എവിടേ എന്നു ഗുരു നിന്നോടു ചോദിക്കുന്നു എന്നു പറവിൻ! അപ്പോൾ അവൻ നിങ്ങൾക്ക ഒരു വലിയ മാളികമുറി കാണിച്ചുതരും; അവിടേ നമുക്ക വേണ്ടി ഒരുക്കുവിൻ!" ഇപ്രകാരം പറഞ്ഞിട്ടു കൎത്താവു അവരെ അയച്ചു; അവർ പോയി കൎത്താവിന്റെ വചനപ്രകാരം കണ്ടു പെസഹാഭക്ഷണം ഒരുക്കി. വൈകുന്നേരം യേശു പന്ത്രണ്ടു ശിഷ്യന്മാരോടു കൂടി നഗരത്തിലേക്ക പോയി.

2. അത്താഴം കഴിച്ചശേഷം യേശു എഴുനീററു വസ്ത്രങ്ങളെ ഊരിവെച്ചു ഒരു ശീല എടുത്തു തന്റെ അരക്ക കെട്ടി പാത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യന്മാരുടെ കാലുകളെ കഴുകുവാനും അരെക്ക കെട്ടിയ ശീലകൊണ്ടു തുവൎത്തുവാനും തുടങ്ങി. പത്രൊസിന്റെ അരികേ വന്നപ്പോൾ അവൻ: "കൎത്താവേ, നീ എന്റെ കാലുകളെ കഴുകുകയോ?" എന്നു ചോദിച്ചു. കൎത്താവു: "ഞാൻ ചെയ്യുന്നതു എന്തെന്നു നീ ഇപ്പോൾ അറിയുന്നില്ല, പിന്നെ അറിയും" എന്നു പറഞ്ഞു. അതിന്നു പത്രൊസ്: "കൎത്താവേ, നീ എന്റെ കാലുകളെ കഴുകുവാൻ ഞാൻ ഒരുനാളും സമ്മതിക്കയില്ല എന്നു വിരോധിച്ച ശേഷം: "ഞാൻ നിന്നെ കഴുകാഞ്ഞാൽ നിണക്ക എന്നിൽ ഓഹരിയില്ല" എന്നു യേശു പറഞ്ഞപ്പോൾ പത്രൊസ്: "കൎത്താവേ, എന്റെ കാലുകളെ മാത്രമല്ല, കൈകളെയും തല

യെയും കൂട കഴുകേണം!" എന്നു അപേക്ഷിച്ചു. യേശു: "കുളിച്ചിരിക്കുന്നവന്നു കാലുകൾ അല്ലാതെ കഴുകുവാൻ ആവശ്യമില്ല; അവൻ സൎവ്വാംഗം ശുദ്ധൻ ആകുന്നു. നിങ്ങൾ ശുദ്ധന്മാരാകുന്നു, എല്ലാ




വരുമല്ല താനും" എന്നു യേശു ഉത്തരം പറഞ്ഞു. തന്നെ കാണിച്ചു കൊടുക്കുന്നവനെ അറിഞ്ഞതു കൊണ്ടാകുന്നു "എല്ലാവരും ശുദ്ധിയുള്ളവരല്ല" എന്നു പറഞ്ഞതു.

അതിന്റെ ശേഷം യേശു വസ്ത്രം ഉടുത്തു ഇരുന്നു ശിഷ്യന്മാരോടു: "ഞാൻ ചെയ്തതു ഗ്രഹിച്ചുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കൎത്താവെന്നും വിളിക്കുന്നു; നന്നു, ഞാൻ അപ്രകാരം ആകയാൽ നിങ്ങൾ ഇങ്ങിനെ വിളിക്കുന്നതു ശരി തന്നേ. കൎത്താവും ഗുരു

വുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകി എന്നു വരികിൽ നിങ്ങളും അന്യോന്യം കാലുകളെ കഴുകേണ്ടതാകുന്നു; ഞാൻ ചെയ്ത പ്രകാരം നിങ്ങളും ചെയ്യേണ്ടതിനാകുന്നു ഈ ദൃഷ്ടാന്തം കാണിച്ചതു. ദാസൻ തന്റെ യജമാനനെക്കാളും ദൂതൻ തന്നെ അയച്ചവനെക്കാളും വലിയവനല്ല; ഈ കാൎയ്യങ്ങളെ അറിഞ്ഞു അപ്രകാരം ചെയ്താൽ നിങ്ങൾ ഭാഗ്യവാന്മാരാകും" എന്നു പറഞ്ഞു.

3. പിന്നെ യേശു ശിഷ്യന്മാരോടു "കഷ്ടപ്പെടും മുമ്പെ ഈ പെസഹ നിങ്ങളോടു കൂടെ ഭക്ഷിപ്പാൻ ഞാൻ വാഞ്ഛയോടെ ആഗ്രഹിച്ചു. എങ്കിലും നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും നിശ്ചയം" എന്നു വ്യാകുലനായി പറഞ്ഞപ്പോൾ അവർ വളരേ ദുഃഖിച്ചു, ആരെക്കൊണ്ടു പറഞ്ഞു എന്നു വിചാരിച്ചു തമ്മിൽ തമ്മിൽ നോക്കി "ഞാനോ?" "ഞാനോ?" എന്നു ചോദിച്ചുതുടങ്ങി. "ഞാൻ ആൎക്ക അപ്പഖണ്ഡം മുക്കി കൊടുക്കുന്നുവോ അവൻ തന്നേ" എന്നു കൎത്താവു പറഞ്ഞു, ഖണ്ഡം മുക്കി ഇഷ്കൎയ്യോത്താവായ യൂദാവിന്നു കൊടുത്തു: "മനുഷ്യപുത്രൻ തന്നെ കുറിച്ചു എഴുതിയിരിക്കുന്നപ്രകാരം പോകുന്നു, എങ്കിലും അവനെ കാണിച്ചുകൊടുക്കുന്നവന്നു ഹാ കഷ്ടം! അവൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളായിരുന്നു" എന്നു പറഞ്ഞു. പിന്നേ അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പത്തെ എടുത്തു ദൈവത്തിന്നു സ്തോത്രം പറഞ്ഞു നുറുക്കി ശിഷ്യന്മാൎക്ക കൊടുത്തു: "വാങ്ങി ഭക്ഷിപ്പിൻ! ഇതു നിങ്ങൾക്കു വേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരമാകുന്നു, എന്റെ

ഓൎമ്മെക്കായി ഇതിനെ ചെയ്വിൻ!" അപ്രകാരം പാനപാത്രവും എടുത്തു ദൈവത്തിന്നു സ്തോത്രം പറഞ്ഞു അവൎക്കു കൊടുത്തു: "നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ! ഇതു എന്റെ രക്ത



ത്തിലെ പുതുനിയമമാകുന്നു; ഇതു നിങ്ങൾക്കും അനേകൎക്കും വേണ്ടി പാപമോചനത്തിന്നായി ഒഴിച്ച എന്റെ രക്തം; ഇതു കുടിക്കുമ്പോൾ ഒക്കയും എന്റെ ഓൎമ്മെക്കായി ചെയ്വിൻ! ഇതു മുതൽ എൻ പിതാവിന്റെ രാജ്യത്തിൽ വെച്ചു നിങ്ങളോടു കൂടി പുതുതായി കുടിക്കുംവരേ ഞാൻ ഇതിൽനിന്നു കുടിക്കയില്ല എന്നു പറകയും ചെയ്തു.

### ഭേവദോക്തം.

നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യുമ്പോഴൊക്കയും കൎത്താവു വരുവോളത്തിന്നു അവൻെറ മരണത്തെ പ്രസ്താവിക്കുന്നു. ൧ കൊരി. ൧൧, ൨൬.


---

## ൨൯. ഗതശമനയിലെ പോരാട്ടം.

(മത്തായി ൨൬. മാൎക്ക് ൧൪.)

1. പിന്നേ അവർ സങ്കീൎത്തനം (സങ്കീ. 115-118) പാടി സ്തുതിച്ചു; യേശു മററും പല വചനങ്ങളെ പറഞ്ഞു (യോഹ. ൧൪—൧൭.) പ്രാൎത്ഥിച്ച ശേഷം കിദ്രോൻ തോടു കടന്നു ഒലിവുമലയിൽ കയറി. അപ്പോൾ ശിഷ്യന്മാരോടു: “ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറിപ്പോകും. ഞാൻ ഇടയനെ വെട്ടും, കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും എന്ന പ്രവാചകവാക്യം നിവൃത്തിയാകും. ഞാൻ ഉയിൎത്തെഴുനീററ ശേഷമോ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകും” എന്നു അരുളിച്ചെയ്തു. അതിന്നു പത്രൊസ് “എല്ലാവരും നിങ്കൽ ഇടറിപ്പോയാലും ഞാൻ ഒരു നാളും ഇടറുകയില്ല” എന്നു പറഞ്ഞു. അപ്പോൾ യേശു അവനോടു: “ഈ രാത്രിയിൽ പൂവൻകോഴി രണ്ടു വട്ടം കൂകും മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും” എന്നു പറഞ്ഞു. എന്നാൽ പത്രൊസും മററുള്ള ശിഷ്യന്മാരും “നിന്നോടു കൂടി മരിക്കേണ്ടി വന്നാലും ഞങ്ങൾ നിന്നെ തള്ളിപ്പറകയില്ല” എന്നു പറഞ്ഞു.

2. പിന്നേ ഗതശമന എന്ന സ്ഥലത്തെത്തിയപ്പോൾ യേശു അവരോടു: "ഞാൻ പോയി പ്രാൎത്ഥിച്ച വരുവോളം നിങ്ങൾ ഇവിടേ ഇരിപ്പിൻ!" എന്നു പറഞ്ഞു പത്രൊസിനെയും യോഹന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു പോയി "എൻെറ ദേഹി മരണത്തോളം ദുഃഖപ്പെട്ടിരിക്കുന്നു, നിങ്ങൾ ഇവിടെ പാൎത്തു ഉണൎന്നിരിപ്പിൻ" എന്നു മഹാദുഃഖത്തോടും വിറയലോടും കൂടെ പറഞ്ഞു.



പിന്നേ ഒരു കല്ലേറു ദൂരം പോയി മുട്ടുകുത്തി നിലത്തു വീണു: "അബ്ബാ, പിതാവേ! സകലവും നിണക്കു കഴിയും, ഈ പാനപാത്രം എന്നിൽനിന്നു നീക്കേണമേ! എന്നാൽ എൻെറ ഇഷ്ടം പോലെ അല്ല, നിൻെറ ഇഷ്ടം പോലെ ആകട്ടെ" എന്നു പ്രാൎത്ഥിച്ചശേഷം മടങ്ങി വന്നു ശി

ഷ്യന്മാർ ഉറങ്ങുന്നതു കണ്ടു, പത്രോസിനോടു: "നിങ്ങൾക്കു ഒരു മണിക്കൂർ പോലും എന്നോടു കൂടി ഉണന്നിരിപ്പാൻ കഴികയില്ലയോ? പരീക്ഷയിൽ അകപ്പെടായ്വാൻ ഉണന്നും പ്രാൎത്ഥിച്ചും കൊണ്ടിരിപ്പിൻ! ആത്മാവു മനസ്സോരുക്കമുള്ളതു തന്നേ, ജഡം ബലഹീനമത്രെ" എന്നു പറഞ്ഞു.

പിന്നേ രണ്ടാമതും പോയി; "എന്റെ പിതാവേ, ഇതു ഞാൻ കുടിക്കാതെ നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം പോലെ ഭവിക്കട്ടെ" എന്നു പ്രാൎത്ഥിച്ചശേഷം വന്നു ശിഷ്യന്മാർ പിന്നെയും ഉറങ്ങുന്നതു് കണ്ടു. അവൻ അവരെ വിട്ടു മൂന്നാമതും പോയി മുമ്പേത്തപ്പോലെ തന്നേ പ്രാൎത്ഥിച്ചപ്പോൾ സ്വൎഗ്ഗത്തിൽനിന്നു ഒരു ദൈവദൂതൻ പ്രത്യക്ഷനായി അവനെ ശക്തിപ്പെടുത്തി. പിന്നെ അവൻ അത്യാസന്നത്തിലായി അതിശ്രദ്ധയോടെ പ്രാൎത്ഥിച്ചു. അവന്റെ വിയൎപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളികൾ കണക്കെയായി.

അവൻ പിന്നെ എഴുന്നീററു ശിഷ്യരുടെ അരികേ വന്നു: "ഇനി ഉറങ്ങി ആശ്വസിച്ചു കൊൾവിൻ! മതി, സമയം അടുത്തു, മനുഷ്യപുത്രൻ പാപിഷ്ഠരുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു; എഴുന്നീല്പിൻ, നാം പോക, എന്നെ കാണിച്ചുകൊടുക്കുന്നവൻ സമീപിച്ചിരിക്കുന്നു" എന്നു പറഞ്ഞു.

വേദോക്തം.

അവൻ നമ്മുടെ രോഗങ്ങളെ വഹിച്ചു ഇങ്ങേ വേദനകളെ ചുമന്നു സത്യം; നമ്മുടെ ശാന്തിക്കുള്ള ദണ്ഡനം അവന്മേലായി അവന്റെ അടിപ്പിണരാൽ നമുക്കു സൌഖ്യം വന്നു. യശാ. ൫൩, ൪. ൫.

## ൫൦. യൂദാവിൻെറ ദ്രോഹവും പത്രൊസിൻെറ വീഴ്ചയും.

(മത്തായി ൨൬. മാൎക്ക് ൧൪.)

1. അതിൽ പിന്നെ അവൻെറ ശിഷ്യനായ യൂദാവും അവനോടു കൂട രോമപട്ടാളക്കാരും മഹാപുരോഹിതർ മൂപ്പന്മാർ എന്നിവരുടെ ഭൃത്യക്കൂട്ടവും ദീപങ്ങളോടും വാളുവടികളോടും കൂട വന്നു. യേശു തനിക്ക വരുവാനുള്ളതൊക്കയും അറിഞ്ഞു പുറത്തു ചെന്നു അവരോടു: "നിങ്ങൾ ആരെ അന്വേഷിക്കുന്നു?" എന്നു ചോദിച്ചു. "നസറയനായ യേശുവിനെ" എന്നു അവർ പറഞ്ഞപ്പോൾ അവൻ; "ഞാൻ തന്നെ" എന്നു പറഞ്ഞ ഉടനെ അവർ പിൻവാങ്ങി നിലത്തു വീണു. യേശു രണ്ടാമതും: "നിങ്ങൾ ആരെ അന്വേഷിക്കുന്നു?" എന്നു ചോദിച്ചപ്പോൾ: "നസറയനായ യേശുവിനെ" എന്നു പിന്നെയും പറഞ്ഞു. "ഞാൻ തന്നേ ആകുന്നു എന്നു പറഞ്ഞുവല്ലോ. എന്നെ അന്വേഷിക്കുന്നെങ്കിൽ ഇവരെ വിടുവിൻ!" എന്നു കൎത്താവു പറഞ്ഞു. യൂദാ "ഞാൻ ചുംബിക്കുന്നവനെ പിടിച്ചു കൊൾവിൻ!" എന്നു ലക്ഷണം അവൎക്കു കൊടുത്തിരുന്നു. അതുകൊണ്ടു യൂദാ ഉടനേ അടുത്തു ചെന്നു യേശുവോടു: "ഗുരോ, സലാം!" എന്നു പറഞ്ഞു ചുംബിച്ചു. യേശു: "സ്നേഹിതാ, നീ എന്തിന്നു വന്നു; യൂദാവേ, നീ ചുംബനംകൊണ്ടോ മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്നതു?" എന്നു ചോദിച്ചു. ഉടനെ അവർ അടുത്തു വന്നു യേശുവിനെ പിടിച്ചു.

അതു ശിഷ്യന്മാർ കണ്ടപ്പോൾ യേശുവോടു: "കൎത്താവേ വാൾകൊണ്ടു വെട്ടേണമോ?" എന്നു ചോദിച്ച ഉടനേ പത്രൊസ് വാൾ ഊരി പ്രധാനാചാൎയ്യന്റെ ഭൃത്യനായ മല്കൂൻ എന്നവനെ വെട്ടി വലത്തെ ചെവി അറുത്തു കളഞ്ഞു. അപ്പോൾ യേശു: "ഇത്രക്ക വിട്ടുവിൻ!" എന്നു കല്പിച്ചു; അവന്റെ ചെവിയെ തൊട്ടു സൌഖ്യമാക്കി. പിന്നെ പത്രൊസിനോടു: വാൾ ഉറയിൽ ഇടുക, വാളെടുക്കുന്നവരെല്ലാം വാളിനാൽ വീഴും; എൻ പിതാവു എനിക്ക തന്ന പാനപാത്രം ഞാൻ കുടിക്കാതിരിക്കുമോ?" എന്നു പറഞ്ഞ ഉടനെ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ടോടിപ്പോയി.

2. പിന്നെ അവർ യേശുവിനെ പിടിച്ചു കെട്ടി ആചാൎയ്യന്മാരും ശാസ്ത്രികളും മൂപ്പന്മാരും കൂടിയിരിക്കുന്ന മഹാപുരോഹിതന്റെ അരമനയിലേക്ക കൊണ്ടു പോയി. കൎത്താവിനെ ഒരുനാളും വിടുകയില്ലെന്നു താൻ പറഞ്ഞ വാക്കോൎത്തു പത്രൊസും ദൂരേ അവന്റെ പിന്നാലെ കാൎയ്യത്തിപ്പു അറിയേണ്ടതിന്നു അരമനയിൽ പ്രവേശിച്ചു. ശീതം നിമിത്തം തീ കാഞ്ഞുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ചെന്നു ഇരുന്നു.

അപ്പോൾ ഒരു വേലക്കാരത്തി അവനോടു: "പക്ഷെ നീയും അയാളുടെ ശിഷ്യരിൽ കൂടിയവനോ?" എന്നു ചോദിച്ചപ്പോൾ അവൻ: "അല്ല" എന്നു മറുത്തു പറഞ്ഞു. പിന്നെ പടിപ്പുരയിലേക്ക പുറപ്പെട്ടുമ്പോൾ പൂവൻകോഴി കൂകി.

അപ്പോൾ വേറെ ഒരു വേലക്കാരത്തി അവനെ

കണ്ടു അവിടെയുള്ളവരോടു: "ഇവൻ ആ കൂട്ടത്തിലുള്ളവനത്രേ" എന്നു പറഞ്ഞപ്പോൾ അവൻ: "അല്ല ഞാൻ അവനെ അറിയുന്നില്ല" എന്നു ആണയിട്ടുകൊണ്ടു തള്ളിപ്പറഞ്ഞു.



പിന്നെ അല്പനേരം കഴിഞ്ഞ ശേഷം അരികേ നിന്നവർ: "നീ അവരിൽ ഒരുത്തൻ ആകുന്നു സത്യം; നീ ഗലീലക്കാരൻ തന്നെ, നിന്റെ ഉച്ചാരണം കൂടെ നിന്നെ വെളിവാക്കുന്നുവല്ലോ!" എന്നു പറഞ്ഞപ്പോൾ പത്രൊസ്: "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല!" എന്നു ശപിക്കയും ആണയിടുകയും ചെയ്തുതുടങ്ങി. ഉടനെ പൂവൻകോഴി രണ്ടാമതും കൂകി. കർത്താവു തിരിഞ്ഞു പത്രൊസിനെ ഒന്നു നോക്കി, "പൂവൻകോഴി രണ്ടുവട്ടം കൂകും മുമ്പെ മൂന്നുവട്ടം നീ എന്നെ തള്ളിപ്പറയും" എന്നു യേശു തന്നോടു പറഞ്ഞ വാക്കു പത്രൊസ് ഓർത്തു പുറപ്പെട്ടുപോയി കൈപ്പോടെ കരകയും ചെയ്തു.

### വേദോക്തം.

വിശുദ്ധാത്മാവിൽ അല്ലാതെ യേശുവിനെ കർത്താവെന്നു പറവാൻ ആർക്കും കഴിക ഇല്ല. ൧ കൊരി. ൧൨, ൩.

## ൬൰. സുനേദ്രിയസംഘത്തിന്റെ വിസ്താരവും യൂദാവിന്റെ അവസാനവും.

(യോഹന്നാൻ ൰൮. മത്തായി ൨൰൬.)

1. പിന്നെ മഹാപുരോഹിതനായ ഹന്നാ യേശുവോടു അവന്റെ ശിഷ്യരെയും ഉപദേശത്തെയും കുറിച്ചു ചോദിച്ചു. യേശു: "ഞാൻ പരസ്യത്തിൽ ലോകത്തോടു സംസാരിച്ചുവല്ലോ! യഹൂദന്മാർ കൂടുന്ന പള്ളികളിലും ദൈവാലയത്തിലും വെച്ചു ഞാൻ ഉപദേശിച്ചു; രഹസ്യമായി ഒന്നും പറഞ്ഞിട്ടില്ല; നീ എന്നോടു ചോദിക്കുന്നതു എന്തിന്നു? കേട്ടവരോടു ഞാൻ എന്തു പറഞ്ഞു എന്നു ചോദിക്ക; ഞാൻ പറഞ്ഞ കാൎയ്യങ്ങൾ അവർ അറിയുന്നുവല്ലോ" എന്നു പറഞ്ഞപ്പോൾ അരികെ നില്ക്കുന്ന ഒരു സേവകൻ: "നീ പ്രധാനാചാൎയ്യനോടു ഇപ്രകാരം ഉത്തരം പറയുന്നുവോ?" എന്നു ചോദിച്ചും കൊണ്ടു യേശുവിന്റെ കവിൾക്കൊന്നടിച്ചു. അപ്പോൾ യേശു: "ഞാൻ ദോഷമായി സംസാരിച്ചിട്ടുണ്ടെങ്കിൽ ദോഷം എന്നതിന്നു തുമ്പുണ്ടാക്ക അല്ലെങ്കിൽ എന്നെ തല്ലുന്നതെന്തിന്നു?" എന്നു പറഞ്ഞു.

അതിന്റെ ശേഷം മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും യേശുവിനെ കൊല്ലേണ്ടതിന്നു കള്ളസ്സാക്ഷ്യം അന്വേഷിച്ചു, അനേകം കള്ളസ്സാക്ഷിക്കാർ വന്നിട്ടും അവർ പറഞ്ഞ സാക്ഷ്യം ഒത്തുവന്നില്ല. അപ്പോൾ മഹാപുരോഹിതൻ എഴുന്നീറ്റു യേശുവിനോടു: "നീ ഒരു ഉത്തരവും പറയുന്നില്ലയോ? ഇവർ നിന്റെ നേരെ എന്തെല്ലാം

സാക്ഷ്യം പറയുന്നു" എന്നു ചോദിച്ചപ്പോൾ യേശു മിണ്ടാതെനിന്നു.

പിന്നെയും മഹാപുരോഹിതൻ അവനോട്ടു: **"നീ ദൈവപുത്രനായ ക്രിസ്തുവാകുന്നുവോ എന്നു ഞങ്ങളോട്ടു പറയേണ്ടതിന്നു ജീവനുള്ള ദൈവത്തെ ആണയിട്ടു ഞാൻ നിന്നോട്ടു ചോദിക്കുന്നു"** എന്നതിന്നു: **"നീ പറഞ്ഞുവല്ലോ! ഞാൻ ആകുന്നു; ഇന്നു മുതൽ മനുഷ്യപുത്രൻ സൎവ്വശക്തിയുടെ വലഭാഗത്തു ഇരിക്കുന്നതും വാനത്തിൻെറ മേഘങ്ങളിന്മേൽ വരുന്നതും നിങ്ങൾ കാണും"** എന്നു കൎത്താവു പറഞ്ഞു.

ഉടനെ മഹാപുരോഹിതൻ വസ്ത്രങ്ങളെ കീറി: "ഇവൻ ദൈവത്തെ ദൂഷിച്ചു, ഇനി സാക്ഷികളെ കൊണ്ടു എന്താവശ്യം? ഇവൻെറ ദൈവദൂഷണം കേട്ടുവല്ലോ? നിങ്ങൾക്കു എന്തു തോന്നുന്നു?" എന്നു ചോദിച്ചപ്പോൾ: **"അവൻമരണശിക്ഷെക്കു യോഗ്യൻ"** എന്നു എല്ലാവരും വിധിച്ചു.

പിന്നെ യേശുവിനെ പിടിച്ച ആളുകൾ അവനെ പരിഹസിച്ചു, മുഖത്തു തുപ്പി, കണ്ണുമൂടികെട്ടി അടിച്ചു: "ക്രിസ്തുവേ, നിന്നെ അടിച്ചവൻ ആരെന്നു പ്രവചിക്ക!" എന്നും മറ്റും പല വിധേന അപമാനിച്ചു.

പുലകാലമായപ്പോൾ മഹാപുരോഹിതന്മാരും ന്യായാധിപസംഘം ഒക്കെയും കൂടി യേശുവിനെ കൊല്ലേണ്ടതിന്നു നിരൂപിച്ചു അവനെ കെട്ടിക്കൊണ്ടു പോയി നാടുവാഴിയായ പിലാത്തന്നു ഏല്പിച്ചു.

2. അപ്പോൾ അവന്നു മരണശിക്ഷ വിധിച്ചു

എന്നു യൂദാ കണ്ടു അനുതപിച്ചു, ആ ൩൦ വെള്ളി ക്കാശു പ്രധാനാചാൎയ്യന്മാൎക്കും മൂപ്പന്മാൎക്കും മടക്കി കൊണ്ടുവന്നു: "കുററമില്ലാത്ത രക്തം കാണിച്ചുകൊ ടുത്തതിനാൽ ഞാൻ ദോഷം ചെയ്തു" എന്നു പറഞ്ഞു. അവർ: "അതു ഞങ്ങൾക്കു എന്തു? നീ തന്നേ നോ ക്കിക്കൊൾക!" എന്നു ഉത്തരം പറഞ്ഞു. അപ്പോൾ അവൻ ആ വെള്ളിക്കാശു എടുത്തു ദൈവാലയത്തിൽ ചാടി പോയി ഞാന്നു മരിച്ചു. മഹാപുരോഹിത ന്മാർ ആ ദ്രവ്യമെടുത്തു: "ഇതു രക്തവിലയാകകൊണ്ടു ശ്രീഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല" എന്നു പറഞ്ഞു അതിനെക്കൊണ്ടു പരദേശികളുടെ ശ്മശാ നത്തിന്നായിട്ടു കുശവന്റെ നിലം വാങ്ങി. അതി നാൽ ആകുന്നു ആ നിലത്തിന്നു രക്തനിലമെന്നു പേർ പറഞ്ഞു വരുന്നതു.

വേദോക്തം.

ദൈവം ലോകത്തിന്നു അവരുടെ പിഴകളെ കണക്കിടാതെ നിരപ്പിൻ വചനത്തെ ഞങ്ങളിൽ സമൎപ്പിച്ചുംകൊണ്ടു ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചതു. ൨ കൊരി. ൫, ൧൯.

---

## ൩൨. പിലാത്തനും ഹെരോദാവും യേശുവിനെ വിസ്തരിച്ചതു.

(മത്താ. ൨൭. യോഹ. ൧൮. ലൂക്ക് ൨൩.)

1. പിന്നെ നേരം പുലരാറായപ്പോൾ യഹൂദർ യേശുവിനെ കെട്ടി കയഫാവിന്റെ അരമനയിൽനി ന്നു ആസ്ഥാനത്തിലേക്കു കൊണ്ടുപോയി, എങ്കിലും

അതു പെസഹാ തിന്നേണ്ടുന്ന ദിവസമായിരുന്നതിനാൽ തീണ്ടിപ്പോകാതിരിക്കേണ്ടതിന്നു ആസ്ഥാനത്തിലേക്ക പ്രവേശിക്കാതെ പുറത്തുനിന്നു. അതുകൊണ്ടു **പിലാത്തൻ** പുറത്തു വന്നു: "ഈ മനുഷ്യന്റെ നേരെ എന്തു കുററം ബോധിപ്പിക്കുന്നു?" എന്നു ചോദിച്ചു. അപ്പോൾ മഹാപുരോഹിതന്മാരും മൂപ്പന്മാരും: "ഇവൻ താൻ രാജാവായ ക്രിസ്തു ആകുന്നു എന്നും ചക്രവൎത്തിക്കു വരിപ്പണം കൊടുക്കേണ്ടാ എന്നും പറഞ്ഞു ജനത്തെ കലഹിപ്പിക്കുന്നതു ഞങ്ങൾ കേട്ടു" എന്നു കുററം ചുമത്തി തുടങ്ങി.

അപ്പോൾ പിലാത്തൻ യേശുവിനെ വിളിച്ചു അവനോടു: "നീ യഹൂദരാജാവു തന്നെയോ?" എന്നു ചോദിച്ചതിന്നു യേശു: "എന്റെ രാജ്യം ഈ ലോകത്തിൽനിന്നുള്ളതല്ല, ഐഹികമെങ്കിൽ എന്നെ യഹൂദരിൽ ഏല്പിക്കാതിരിക്കേണ്ടതിന്നു എന്റെ ഭൃത്യന്മാർ പൊരുതുമായിരുന്നു, ആകയാൽ എന്റെ രാജ്യം ഐഹികമല്ല" എന്നു പറഞ്ഞു. പിലാത്തൻ: "എന്നാൽ നീ രാജാവാണല്ലോ" എന്നു ചോദിച്ച ശേഷം: ഞാൻ രാജാവു തന്നേ; ഞാൻ ഇതിന്നായിട്ടു ജനിച്ചു; സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഈ ലോകത്തിലേക്കു വന്നു; സത്യത്തിൽനിന്നുള്ളവനെല്ലാം എന്റെ ശബ്ദം കേൾക്കുന്നു" എന്നു പറഞ്ഞപ്പോൾ പിലാത്തൻ: "സത്യം എന്തു?" എന്നു ചോദിച്ചു പുറത്തു പോയി യഹൂദരോടു: "ഈ മനുഷ്യനിൽ ഞാൻ ഒരു കുററവും കാണുന്നില്ല" എന്നു പറഞ്ഞു. അപ്പോൾ അവർ: "ഇവൻ ഗലീലദേശം മുതൽ ഇവിടം വരെയും യഹൂദയിൽ എല്ലാടവും ഉപദേശിച്ചു ജന

ങ്ങളെ ഇളക്കുന്നവൻ ആകുന്നു" എന്നു പറഞ്ഞതു കേട്ട പിലാത്തൻ: "ഇവൻ ഗലീലക്കാരനോ?" എന്നു ചോദിച്ചു. ഹെരോദാരാജാവിന്റെ അധികാരത്തിൽ ഉള്ളവനെന്നറിഞ്ഞു അന്നു യരുശലേമിൽ പാൎത്തുവരുന്ന ഹെരോദാവിന്റെ അടുക്കലേക്കു യേശുവിനെ അയക്കുയും ചെയ്തു.

2. ഹെരോദാ യേശു ചെയ്ത അതിശയങ്ങളെ കുറിച്ചു മുമ്പെ കേട്ടതിനാൽ അവനെ കാണ്മാൻ ആശിച്ചിരുന്നു; അതുകൊണ്ടു അവനെ കണ്ടപ്പോൾ വല്ല അത്ഭുതവും അവൻ കാട്ടുമെന്നു വിചാരിച്ചു സന്തോഷിച്ചു, അവനോടു വളരേ ചോദിച്ചുവെങ്കിലും യേശു ഒന്നും മിണ്ടായ്കകൊണ്ടു തന്റെ ആയുധക്കാരോടു കൂടി അവനെ നിന്ദിച്ചു പരിഹാസത്തിന്നായി വെള്ളവസ്ത്രം ഉടുപ്പിച്ചു പിലാത്തന്നു തിരിച്ചയച്ചു. മുമ്പേ അന്യോന്യം വൈരികളായ പിലാത്തനും ഹെരോദാവും അന്നു സ്നേഹിതന്മാരായിതീൎന്നു.

3. പെസഹാ ഉത്സവം തോറും ജനങ്ങളുടെ അപേക്ഷപ്രകാരം തടവുകാരിൽ ഒരുത്തനെ നാടുവാഴി വിട്ടുകൊടുക്ക പതിവായിരുന്നു. അതുകൊണ്ടു അന്നു പിലാത്തൻ ജനങ്ങളോടു: "ഏവനെ വിടുവിക്കേണം, ബറബ്ബാവെയോ യഹൂദരാജാവായ യേശുവിനെയോ?" എന്നു ചോദിച്ചു. ബറബ്ബാ എന്നവനോ മത്സരക്കാരനും കുലപാതകനുമായിരുന്നതുകൊണ്ടു തടവിലാക്കപ്പെട്ടിരുന്നു.

പിലാത്തൻ പിന്നെ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാൎയ്യ ആളയച്ചു: "നീയും ആ നീതിമാനുമായി ഇടപെടരുതെ; അവൻ നിമിത്തം

ഞാൻ ഇന്നു സ്വപ്നത്തിൽ വളരേ പാടുപെട്ടുപോയി" എന്നു അപേക്ഷിച്ചു.

മഹാപുരോഹിതന്മാരും മൂപ്പന്മാരും ജനങ്ങളെ വശീകരിച്ചുത്സാഹിപ്പിച്ചതുകൊണ്ടു: "യേശുവിനെ കൊന്നു, ബറബ്ബാവിനെ വിടുവിക്കേണം" എന്നു എല്ലാവരും ഒന്നിച്ചു നിലവിളിച്ചു പറഞ്ഞു. പിലാത്തനോ യേശുവിനെ വിട്ടയപ്പാൻ ഭാവിച്ചു, "യേശുവിനെ ഞാൻ എന്തുചെയ്യേണ്ടു?" എന്നു ചോദിച്ചതിന്നു: "അവനെ ക്രൂശിൽ തറെക്ക" എന്നു അവർ ആൎത്തപ്പോൾ പിലാത്തൻ: "അവൻ ചെയ്ത ദോഷം എന്തു?" എന്നു ചോദിച്ചു. അവർ: "അവനെ ക്രൂശിൽ തറെക്ക" എന്നു അധികം നിലവിളിച്ചതുകൊണ്ടു, ഒന്നും സാധിക്കയില്ല, കലഹമധികമായ്പോകുമെന്നു കണ്ടിട്ടു പിലാത്തൻ വെള്ളമെടുത്തു ജനങ്ങളുടെ മുമ്പാകെ കൈകളെ കഴുകി: "ഈ നീതിമാന്റെ രക്തം ചൊരിയിക്കുന്നതിൽ ഞാൻ കുററക്കാരനല്ല. നിങ്ങൾ തന്നേ നോക്കുവിൻ!" എന്നു ഉരെച്ചപ്പോൾ ജനസംഘമെല്ലാം: "അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയും മേൽ വരട്ടെ!" എന്നു വിളിച്ചു പറഞ്ഞു.

### വേദോക്തം.

ക്രിസ്തു നിങ്ങൾക്കു വേണ്ടി കഷ്ടപ്പെട്ടു, നിങ്ങൾ അവന്റെ കാൽവടുക്കളിൽ പിഞ്ചെല്ലുവാനായി ഒരു പ്രമാണം വെച്ചു വിട്ടിരിക്കുന്നു. ൧ പേത്രു ൨, ൨൧.

## ൩൩. യേശുവിൻെറ മരണവിധി.

(യോഹ. ൧൯. ലൂക്ക് ൨൩.)

1. അപ്പോൾ പിലാത്തൻ യേശുവിനെ കെട്ടി, ചമ്മട്ടികൊണ്ടു അടിപ്പിച്ച ശേഷം ആയുധക്കാർ അവൻെറ വസ്ത്രങ്ങളെ നീക്കി ചുവന്ന അങ്കിയെ ഉടുപ്പിച്ചു മുള്ളുകൾകൊണ്ടു ഒരു കിരീടം മെടഞ്ഞു അവൻെറ തലമേൽ വെച്ചു, വലകൈയിൽ ഒരു കോലും കൊടുത്തു അവൻെറ മുമ്പാകെ മുട്ടുകുത്തി:



"യെഹൂദരാജാവേ, ജയ! ജയ!" എന്നു പരിഹസിച്ചു പറഞ്ഞു കവിൾക്കടിച്ചു മുഖത്തു തുപ്പി കോൽകൊണ്ടു തലമേൽ അടിക്കയും ചെയ്തു.

പിന്നേ പിലാത്തൻ പുറത്തു വന്നു: "ഇതാ, ഞാൻ അവനിൽ ഒരു കുററവും കാണുന്നില്ല എന്നു

നിങ്ങൾ അറിയേണ്ടതിന്നു അവനെ നിങ്ങളുടെ അ ടുക്കലേക്ക പുറത്തു കൊണ്ടുവരുന്നു" എന്നു പറഞ്ഞു. യേശു മുൾക്കിരീടവും ചുവന്ന അങ്കിയും ധരിച്ചും കൊണ്ടു പുറത്തുവന്നു. അപ്പോൾ പിലാത്തൻ അ വരോടു: "ആ മനുഷ്യൻ ഇതാ!" എന്നു പറഞ്ഞു. മഹാപുരോഹിതന്മാരും സേവകരും യേശുവിനെ ക ണ്ടപ്പോൾ: "അവനെ ക്രൂശിൽ തറെക്ക!" എന്നു നിലവിളിച്ചു. അപ്പോൾ പിലാത്തൻ: "അവനെ കൊണ്ടുപോയി ക്രൂശിൽ തറെപ്പിൻ, ഞാൻ അവ നിൽ ഒരു കുററവും കാണുന്നില്ല" എന്നു പറഞ്ഞു. അതു കേട്ടിട്ടു യഹൂദന്മാർ: "ഞങ്ങൾക്ക ഒരു ധമ്മം ഉണ്ടു: തന്നെത്താൻ ദൈവപുത്രനാക്കിയതിനാൽ അവൻ ആ ധമ്മപ്രകാരം മരിക്കേണം" എന്നു പ റഞ്ഞു. അതു കേട്ടിട്ടു പിലാത്തൻ അത്യന്തം ഭയപ്പെ ട്ടു, പിന്നേയും ആസ്ഥാനത്തിലേക്ക പോയി യേശു വിനോടു: "നീ എവിടേനിന്നാകുന്നു?" എന്നു ചോദി ച്ചപ്പോൾ യേശു അവനോടു ഒരു ഉത്തരവും പറ ഞ്ഞില്ല. "നീ എന്നോടു പറകയില്ലയോ? നിന്നെ ക്രൂശിൽ തറെപ്പാനും വിട്ടുവിപ്പാനും എനിക്ക അധി കാരമുണ്ടെന്നു നീ അറിയുന്നില്ലയോ?" എന്നു പറ ഞ്ഞതു കേട്ടു യേശു: "മേലിൽനിന്നു തന്നിട്ടില്ലെങ്കിൽ എൻെറ മേൽ നിണക്ക ഒരധികാരവും ഇല്ല. അതു കൊണ്ടു എന്നെ നിണക്ക ഏല്പിച്ചവന്നു അധികം പാപം ഉണ്ടു" എന്നു പറഞ്ഞു. അന്നു തൊട്ടു പി ലാത്തൻ അവനെ വിട്ടുവിപ്പാൻ നോക്കി: അതു കൊണ്ടു യഹൂദർ: "ഇവനെ വിട്ടുവിച്ചാൽ നീ ചക്ര വത്തിയുടെ സ്നേഹിതനല്ല, തന്നെത്താൻ രാജാവാക്ക

ന്നവനെല്ലാം ചക്രവൎത്തിയോടു മറുക്കുന്നുവല്ലോ" എന്നു തിണ്ണം വിളിച്ചു പറഞ്ഞതു കേട്ടു പിലാത്തനു അവരുടെ ഇഷ്ടപ്രകാരം ചെയ്വാൻ മനസ്സായി, ബറബ്ബാവിനെ വിട്ടു കൊടുത്തു യേശുവിനെ ക്രൂശിൽ തറക്കേണ്ടതിന്നു വിധിച്ചു.



2. അനന്തരം യേശു തന്റെ ക്രൂശു ചുമന്നു കൊണ്ടു കപാലസ്ഥലം എന്നൎത്ഥമുള്ള ഗൊല്ഗോഥാവിലേക്കു പുറപ്പെട്ടു പോയി. പിന്നേ വയലിൽനിന്നു

വന്നു കടന്നു പോകുന്ന കുറേനയിലേ ശീമോൻ എന്നവനെ യേശുവിൻെറ ക്രൂശിനെ ചുമപ്പാൻ നിൎബ്ബന്ധിച്ചു.

വലിയ ജനസമൂഹവും അവനെ ചൊല്ലി തൊഴിച്ചു മുറയിടുന്ന സ്ത്രീകളും അവൻെറ പിന്നാലെ നടന്നു. യേശു തിരിഞ്ഞു അവരെ നോക്കി പറഞ്ഞു: "യരുശലേം പുത്രിമാരേ! എന്നെ ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും വിചാരിച്ചു കരവിൻ! പച്ചമരത്തിൽ ഇങ്ങിനെ ചെയ്താൽ ഉണക്കവൃക്ഷത്തിൽ എന്തെല്ലാം ചെയ്യും!"

വേദോക്തം.

അവൻ എത്ര വലെക്കപ്പെട്ടിട്ടും വായി തുറക്കാതെ കീഴടങ്ങി കുലെക്കു കൊണ്ടുപോകുന്ന കുഞ്ഞാടുപോലയും കത്രിക്കുന്നവൻ മുമ്പാകെ മിണ്ടാത്ത പെണ്ണാടുപോലെയും വായി തുറക്കാതെ നിന്നു. യശായ ൫൩, ൭.


---

## ൩൪. യേശുവിൻെറ മരണം.

(മത്തായി ൨൭. മാൎക്ക് ൧൫. ലൂക്ക് ൨൩. യോഹ. ൧൯.)

1. പിന്നേ അവർ ഗൊല്ഗോഥാ എന്ന സ്ഥലത്തു എത്തിയശേഷം പിത്തം കലക്കിയ വീഞ്ഞു കുടിപ്പാൻ കൊടുത്തപ്പോൾ യേശു വാങ്ങിയില്ല. അവിടേ വെച്ചു ൯ മണിസമയത്തു അവനെയും അവൻെറ ഇരുപുറവും രണ്ടു കള്ളന്മാരെയും ക്രൂശിൽ തറെച്ചു. അപ്പോൾ "അവൻ അതിക്രമക്കാരോടു കൂട എണ്ണപ്പെട്ടും" എന്നുള്ള വേദവാക്യം നിവൃത്തിയായി. അന്നേരം യേശു: "പിതാവേ, ഇവർ

ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു ഇവൎക്കു ക്ഷമിച്ചു വിടേണമേ!" എന്നു പ്രാൎത്ഥിച്ചു.




2. അതിന്റെ ശേഷം ആയുധക്കാർ അവന്റെ വസ്ത്രങ്ങളെ എടുത്തു, ഓരോരുത്തന്നു ഓരോ അംശം വരേണ്ടതിന്നു നാലംശമായി വിഭാഗിച്ചു. കുപ്പായം തൈക്കാതെ മുഴുവനും നെയ്തു തീൎത്തതാകകൊണ്ടു അവർ: "നാം ഇതു കീറാതെ ആൎക്കു വരുമെന്നറിവാനായി ചീട്ടിടേണം" എന്നു പറഞ്ഞു; അങ്ങിനെ ആയുധക്കാർ ചെയ്തു.

എന്നാൽ പിലാത്തൻ: "നസറയനായ യേശു യഹൂദന്മാരുടെ രാജാവു" (I. N. R. I.), എന്നു എബ്രായ യവന റോമ ഭാഷകളിൽ അവന്റെ അപരാധസൂചകമായ ഒരു പരസ്യം എഴുതി ക്രൂശിന്മേൽ

പതിപ്പിച്ചു; ആയതു ജനങ്ങൾ നോക്കിക്കൊണ്ടു നിന്നു.

ആ വഴിയായി വന്നവർ തലകുലുക്കി പരിഹസിച്ചു: "നീ ദൈവപുത്രനാകുന്നുവെങ്കിൽ ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങി വാ! എന്നാൽ ഞങ്ങൾ നിന്നെ വിശ്വസിക്കും" എന്നു പറഞ്ഞു. ഒരുമിച്ചു തൂക്കിയ കള്ളന്മാരിൽ ഒരുവനും കൂടെ "നീ ക്രിസ്തു ആകുന്നു എങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക!" എന്നു പരിഹസിച്ചപ്പോൾ മററവൻ: "ഈ ശിക്ഷയിലകപ്പെട്ടിട്ടുപോലും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാം ചെയ്ത ക്രിയകൾക്കു തക്കവണ്ണം ഇതു അനുഭവിക്കേണ്ടിവന്നു, ഇവനോ അന്യായമായിട്ടുള്ളതൊന്നും ചെയ്തില്ല" എന്നു അവനെ ശാസിച്ചു. പിന്നെ യേശുവിനോടു: "കൎത്താവേ! നിൻെറ രാജ്യത്തു നീ വരുമ്പോൾ എന്നെ ഓൎക്കേണമെ!" എന്നു അപേക്ഷിച്ചാറെ യേശു: "**ഇന്നു തന്നെ നീ എന്നോടു കൂടി പരദീസിൽ ഇരിക്കും**" എന്നു പറഞ്ഞു.

വിശേഷിച്ചു യേശുവിൻെറ അമ്മയും അവളുടെ സഹോദരിയായ സലോമയും മഗ്ദലമറിയയും അവൻെറ ക്രൂശിന്നരികേ നിന്നുകൊണ്ടിരുന്നു. അപ്പോൾ യേശു തൻെറ അമ്മയെയും താൻ സ്നേഹിച്ച ശിഷ്യനെയും അരികേ നില്ക്കുന്നതു കണ്ടു, അമ്മയോടു: "**സ്ത്രീയേ, ഇതാ നിൻെറ മകൻ!**" എന്നും ശിഷ്യനോടു: "**ഇതാ നിൻെറ അമ്മ!**" എന്നും പറഞ്ഞു. ആ ദിവസം മുതൽ ആ ശിഷ്യൻ അവളെ തൻെറ വീട്ടിൽ ചേൎത്തുകൊണ്ടു.

പന്ത്രണ്ടു മണി തുടങ്ങി മൂന്നുമണിയോളവും ആ

നാട്ടിലെങ്ങും **അന്ധകാരം** ഉണ്ടായി, സൂൎയ്യനും ഇരുണ്ടുപോയി. മൂന്നു മണി നേരത്തു യേശു: "**എൻ ദൈവമേ, എൻ ദൈവമേ, എന്നെ കൈവിട്ടതെന്തിന്നു!**" എന്നു നിലവിളിച്ചു.

അതിന്റെ ശേഷം സകലവും നിവൃത്തിയായെന്നറിഞ്ഞു "**എനിക്കു ദാഹിക്കുന്നു**" എന്നു പറഞ്ഞു. അപ്പോൾ അവർ ഒരു സ്പോംഗിൽ ചുറുക്ക നിറെച്ചു ഈസോപ്പുതണ്ടിന്മേൽ കെട്ടി അവന്റെ വായ്ക്കു നീട്ടി കൊടുത്തു, യേശു വാങ്ങി കുടിച്ചശേഷം "**നിവൃത്തിയായി**"; "**പിതാവേ! നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു**", എന്നു ഉറക്കെ വിളിച്ചു പറഞ്ഞു തല ചായിച്ചു പ്രാണനെ വിടുകയും ചെയ്തു.

3. അപ്പോൾ ദൈവാലയത്തിലെ തിരശ്ശീല രണ്ടായി ചീന്തിപ്പോയി, ഭൂമിയും ഇളകി, പാറകൾ പിളൎന്നു, ശവക്കുഴികളും തുറന്നു, ഉറങ്ങിയിരുന്ന വിശുദ്ധർ ക്രിസ്തു ഉയിൎത്തെഴുനീററ ശേഷം കല്ലറകൾ വിട്ടു വിശുദ്ധപട്ടണത്തിൽ പോയി പലൎക്കും പ്രത്യക്ഷമായി.

ശതാധിപനും തന്നോടു കൂട യേശുവിനെ കാത്തിരുന്നവരും ഭൂകമ്പവും അവൻ ഇപ്രകാരം നിലവിളിച്ചു പ്രാണനെ വിട്ടതും മററും കണ്ടു ഏററവും ഭയപ്പെട്ടു: "ഈ മനുഷ്യൻ നീതിമാനും ദൈവപുത്രനുമായിരുന്നു സത്യം" എന്നു പറഞ്ഞു ദൈവത്തെ സ്തുതിച്ചു.

കൂടിയിരുന്ന പുരുഷാരം സംഭവിച്ചതു കണ്ടപ്പോൾ മാറത്തു അടിച്ചുകൊണ്ടു തിരിച്ചുപോകയും ചെയ്തു.

### വേദോക്തം.

പിതൃപാരമ്പൎയ്യത്താലെ നിസ്സാരമായ നടപ്പിൽനിന്നു നിങ്ങളെ മേടിച്ചു വിടുവിച്ചതു പൊൻ വെള്ളി മുതലായ അനിത്യവസ്തുക്കളെ കൊണ്ടല്ല, നിൎദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്നൊത്ത ക്രിസ്തുവിന്റെ വിലയേറിയ രക്തംകൊണ്ടത്രെ എന്നറിയുന്നുവല്ലൊ. ൧ പേത്രു ൧, ൧൮. ൧൯.

---

## ൩൯. യേശുവിന്റെ ശവസംസ്കാരം.

(യോഹ. ൧൯. മത്തായി ൨൭.)

1. അന്നു (വെള്ളിയാഴ്ച) ഒരുമ്പാടു ദിവസവും വരുന്ന ശബ്ബത്ത് നാൾ വലിയതുമാകകൊണ്ടു ശവങ്ങൾ ക്രൂശിൽ ഇരിക്കരുതെന്നു വെച്ചു കാലുകളെ ഒടിച്ചു ശവങ്ങളെ ഇറക്കി എടുക്കേണ്ടതിന്നു യഹൂദർ പിലാത്തനോടു അപേക്ഷിച്ചു.

പടയാളികൾ വന്നു യേശുവിനോടു കൂടെ ക്രൂശിൽ തറെച്ച അതിക്രമക്കാരുടെ കാലുകളെ ഒടിച്ചു കളഞ്ഞു. യേശുവിന്റെ അരികേ വന്നു അവൻ മരിച്ചുവെന്നു കണ്ടിട്ടു കാലുകളെ ഒടിച്ചില്ല; ഒരുത്തൻ കുന്തംകൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി ഉടനെ രക്തവും വെള്ളവും പുറത്തു വന്നു. "അവന്റെ അസ്ഥികളിൽ ഒന്നും ഒടിക്കയില്ല" എന്നുള്ള വേദവാക്യം ഇതിനാൽ നിവൃത്തിയായി.

2. അനന്തരം നീതിമാനും ദൈവരാജ്യത്തെ കാത്തിരുന്നവനും യഹൂദരെ ഭയപ്പെട്ടതിനാൽ യേശുവിന്റെ ഗൂഢശിഷ്യനും അവരുടെ ദുരാലോചനകളിൽ യോജിക്കാത്തവനുമായ അറിമത്ഥ്യയിലേ യോസേഫ് എന്നൊരു പ്രമാണി ധൈൎയ്യം പൂണ്ടു വൈകുന്നേരത്തു പിലാത്തനെ ചെന്നു കണ്ടു യേശുവിന്റെ

ശരീരം എടുത്തുകൊണ്ടു പോവാൻ അനുവാദം ചോദിച്ചു. യേശു വേഗത്തിൽ മരിച്ചു എന്നു പിലാത്തൻ കേട്ടു ആശ്ചൎയ്യപ്പെട്ടു. ശതാധിപനെ വിളിച്ചു "അവൻ മരിച്ചിട്ടു അധികം നേരമായോ" എന്നു ചോദിച്ചറിഞ്ഞു, ശരീരം യോസേഫിന്നു കൊടുക്കേണം എന്നു കല്പിച്ചു. പിന്നെ യോസേഫ് ശുദ്ധ ശീല വാങ്ങി ഉടൽ ഇറക്കി.



മുമ്പേ ഒരു സമയം രാത്രിയിൽ യേശുവിനെ കാണ്മാൻ വന്ന നിക്കോദേമനും എത്തി കണ്ടിവെണ്ണയും അകിലും വിരകിയ കൂട്ടു ഏകദേശം ൧൦൦ റാത്തൽ കൊണ്ടുവന്നു.

യേശുവിൻ ശരീരം എടുത്തു യഹൂദർ ശവങ്ങളെ മറെക്കുന്ന മൎയ്യാദപ്രകാരം അതു സുഗന്ധവൎഗ്ഗങ്ങളും ചേൎത്തു തുണി ചുററി കെട്ടി. ആ സ്ഥലത്തു ഒരു

തോട്ടവും അതിൽ യോസേഫ് തനിക്കായി പാറ വെട്ടി തീൎപ്പിച്ചൊരു പുതിയ കല്ലറയും ഉണ്ടായിരുന്നു. ആ കല്ലറ സമീപം ആകകൊണ്ടു അവർ ഉടനേ യേശുവിന്റെ ശരീരം അതിൽ വെച്ചു, ഒരു വലിയ കല്ലു ഉരുട്ടി ഗുഹയുടെ മുഖത്തുവെച്ചു.

ഗലീലയിൽനിന്നു അവനോടു കൂട പോന്ന സ്ത്രീകളും പിഞ്ചെന്നു കല്ലറയും അവന്റെ ഉടൽ വെച്ച പ്രകാരവും നോക്കിയ ശേഷം മടങ്ങിപ്പോയി സുഗന്ധവൎഗ്ഗങ്ങളും തൈലങ്ങളും ഒരുക്കി ശബ്ബത്തിൽ സ്വസ്ഥമായി പാൎത്തു.

3. പിറേറ നാൾ മഹാപുരോഹിതന്മാരും പറീശന്മാരും പിലാത്തന്റെ അടുക്കൽ വന്നു അവനോടു: "യജമാന, ആ ചതിയൻ ജീവിച്ചിരിക്കുന്ന സമയം മൂന്നു ദിവസത്തിന്നകം ഞാൻ ഉയിൎത്തെഴുനീല്ക്കുമെന്നു പറഞ്ഞതു ഞങ്ങൾ ഓൎക്കുന്നു. അതുകൊണ്ടു അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു, ആ ശവം കട്ടുകൊണ്ടുപോയി ജനങ്ങളോടു: അവൻ ജീവിച്ചെഴുന്നീററു എന്നു പറഞ്ഞാൽ ഒടുക്കത്തെ ചതി മുമ്പിലേത്തതിനെക്കാൾ വിഷമമായ്തീരും എന്നു വരാതിരിക്കേണ്ടതിന്നു മൂന്നു ദിവസത്തോളം ഗുഹയെ കാപ്പാൻ നീ കല്പിക്കേണം" എന്നപേക്ഷിച്ചു. പിലാത്തൻ: "നിങ്ങൾക്കു കാവല്ക്കാരുണ്ടല്ലോ, കഴിയുന്നേടത്തോളം അതിന്നു ഉറപ്പു വരുത്തുവിൻ" എന്നു പറഞ്ഞതു കേട്ടു അവർ പോയി കല്ലിന്നു മുദ്രയിട്ടു, കാവല്ക്കാരെയും വെച്ചു ഉറപ്പുവരുത്തുകയും ചെയ്തു.

### വേദോക്തം.

പാപത്തിന്റെ ശമ്പളം മരണമത്രെ; ദൈവത്തിൻ കൃപാവരമോ, നമ്മുടെ കൎത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ, രോമ. ൬, ൨൩.

# IV. യേശുവിന്റെ പുനരുത്ഥാനവും സ്വൎഗ്ഗാരോഹണവും.

## ൯൰൬. ക്രിസ്തുവിന്റെ പുനരുത്ഥാനം.

(മത്താ. ൨൰൮. മാൎക്ക് ൰൬. യോഹ. ൨൰. ലൂക്ക് ൨൰൪.)

1. ശബ്ബത്തുദിവസത്തിന്റെ പിറേറ നാൾ ഉഷസ്സിങ്കൽ കൎത്താവിന്റെ ദൂതൻ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങി വന്നു കല്ലറവാതുക്കൽ വെച്ചു കല്ലു ഉട്ടിക്കളഞ്ഞു അതിന്മേൽ ഇരുന്നു. അപ്പോൾ ഒരു മഹാ ഭൂകമ്പമുണ്ടായി; ആ ദൂതന്റെ മുഖം മിന്നൽ പോലെയും ഉടുപ്പു ഉറച്ചു മഞ്ഞുപോലെയും വെണ്മയായിരുന്നു. കാവല്ക്കാർ അവനെ കണ്ടു ഭയപ്പെട്ടു വിറെച്ചു മരിച്ചവരെ പോലെ ആയിത്തീൎന്നു. കാവൽക്കൂട്ടത്തിൽ ചിലർ നഗരത്തിൽ വന്നു ഉണ്ടായതു എല്ലാം മഹാപുരോഹിതന്മാരോടു അറിയിച്ചു. അവർ മൂപ്പന്മാരുമായി ഒന്നിച്ചു കൂടി നിരൂപിച്ചുകൊണ്ടു പടയാളികൾക്കു വേണ്ടുവോളം പണംകൊടുത്തു പറഞ്ഞു: "അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു, ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടു പോയി എന്നു പറവിൻ. അതു നാടുവാഴിയുടെ സന്നിധാനത്തിൽ ഉണൎത്തിച്ചു എങ്കിലോ ഞങ്ങൾ അവനെ സമ്മതിപ്പിച്ചു നിങ്ങളെ രക്ഷിക്കും". അവർ പണം വാങ്ങി ആവശ്യപ്രകാരം ചെയ്തു.

2. പിന്നെ മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മയായ മറിയയും ശലോമെയും അവ

ൻെറ ശരീരത്തിന്മേൽ സുഗന്ധവൎഗ്ഗം പൂശേണ്ടതിന്നായി കല്ലറയുടെ അരികേ വന്നു: "അറവാതില്ക്കൽനിന്നു കല്ലു ആർ ഉരുട്ടികളയും?" എന്നു തമ്മിൽ തമ്മിൽ പറഞ്ഞു; ചെന്നു നോക്കിയപ്പോഴോ കല്ലുരുട്ടികളഞ്ഞതായി കണ്ടു.



മഗ്ദലക്കാരത്തിയായ മറിയ മടങ്ങി ചെന്നു പത്രോസിനെയും യോഹന്നാനെയും കണ്ടു: "കൎത്താവിൻെറ ശരീരം ആരോ ഗുഹയിൽനിന്നെടുത്തു എവിടേയോ വെച്ചു" എന്നു അവരോടു പറഞ്ഞു.

മറേറ സ്ത്രീകൾ അകത്തു കടന്നു നോക്കി, യേശുവിൻെറ ശരീരം കാണാതെ വിഷാദിച്ചു നില്ക്കുമ്പോൾ മിന്നുന്ന വസ്ത്രങ്ങൾ ധരിച്ച രണ്ടു പുരുഷന്മാരെ കണ്ടു വളരേ ഭയപ്പെട്ടു. അപ്പോൾ ആ ദൂതന്മാരിൽ ഒരു

ത്തൻ അവരോടു: "ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞപ്രകാരം ഉയിൎത്തെഴനീററിരിക്കുന്നു; ഇതാ, അവൻ കിടന്ന സ്ഥലം; നിങ്ങൾ വേഗം പോയി ഈ കാൎയ്യം അവൻെറ ശിഷ്യന്മാരോടറിയിപ്പിൻ!" എന്നു പറഞ്ഞു. അവർ ഭയവും മഹാസന്തോഷവും പൂണ്ടു ശിഷ്യന്മാരോടു കാൎയ്യത്തെ അറിയിപ്പാനായിട്ടു ഗുഹയെ വിട്ടോടിപ്പോകയും ചെയ്തു.

3. അതിൻെറ ശേഷം പത്രൊസും യോഹന്നാനും പുറപ്പെട്ടു കല്ലറയുടെ അരികിൽ എത്തി അകത്തു പ്രവേശിച്ചു, ശീലകൾ ഒരു സ്ഥലത്തു ചുരുട്ടിവെച്ചതു കണ്ടു; ശരീരം കണ്ടില്ല താനും. "ഞാൻ മരിച്ചവരിൽനിന്നു മൂന്നാം നാൾ എഴനീല്ക്കും" എന്നു യേശു പറഞ്ഞ വാക്കു അവർ ഓൎത്തു പട്ടണത്തിലേക്കു മടങ്ങിച്ചെന്നു.

എന്നാൽ മഗ്ദലക്കാരത്തി മറിയ കല്ലറെക്കൽ കരഞ്ഞുകൊണ്ടു നിന്നു. പിന്നെ അവൾ അകത്തു കുനിഞ്ഞു നോക്കി യേശുവിൻെറ ശരീരം വെച്ച സ്ഥലത്തു വെള്ളവസ്ത്രങ്ങളെ ധരിച്ചവരായ രണ്ടു ദൈവദൂതന്മാർ തലെക്കലും കാല്ക്കലും ഇരിക്കുന്നതു കണ്ടു. അവർ അവളോടു: "സ്ത്രീയേ, നീ എന്തിന്നു കരയുന്നു?" എന്നു ചോദിച്ചു. "അവർ എൻെറ കൎത്താവിനെ എടുത്തു കൊണ്ടുപോയി എവിടെ വെച്ചു എന്നറിയായ്കകൊണ്ടാകുന്നു" എന്നു അവൾ പറഞ്ഞു. പിന്നെ തിരിഞ്ഞു നോക്കിയപ്പോൾ യേശുവിനെ

കണ്ടു, എന്നാൽ യേശു ആകുന്നു എന്നറിഞ്ഞില്ല. "സ്ത്രീയേ, നീ കരയുന്നതു എന്തു? ആരെ അന്വേഷിക്കുന്നു?" എന്നു യേശു അവളോടു ചോദിച്ചു. അവൻ തോട്ടക്കാരനെന്നു മറിയ വിചാരിച്ചു അവനോടു: "യജമാനനേ, നീ എന്റെ കൎത്താവിനെ എടുത്തു കൊണ്ടുപോയിട്ടുണ്ടെങ്കിൽ എവിടെവെച്ചു എന്നു പറഞ്ഞാൽ ഞാൻ ചെന്നു അവനെ എടുത്തുകൊള്ളാം" എന്നു അവൾ പറഞ്ഞു. യേശു: "മറിയയേ" എന്നു വിളിച്ചു; ഉടനേ അവൾ തിരിഞ്ഞു നോക്കി: "ഗുരോ, എന്നൎത്ഥമുള്ള റബ്ബൂനി!" എന്നു വിളിച്ചു. യേശു അവളോടു: "എന്നെ തൊടരുതു, ഞാൻ ഇതുവരെ എന്റെ പിതാവിന്നടുക്കൽ കരേറീട്ടില്ല, നീ എന്റെ സഹോദരന്മാരെ ചെന്നു കണ്ടു: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കൽ ഞാൻ കരേറിപ്പോകുന്നു എന്നു അവരോടു അറിയിക്ക എന്നു പറഞ്ഞു അവളെ അയച്ചു.

പിന്നേ മറിയയും മറ്റുള്ള സ്ത്രീകളും കണ്ടു കേട്ടതു ശിഷ്യന്മാരോടറിയിക്കേണ്ടതിന്നു പോകുമ്പോൾ യേശു അവൎക്കു പ്രത്യക്ഷനായി: "സലാം!" എന്നു പറഞ്ഞു. ഉടനേ അവർ കാല്ക്കൽ വീണു നമസ്കരിച്ചു. സംഭവിച്ചതെല്ലാം ഭ്രമത്തോടും സന്തോഷത്തോടും കൂടെ ശിഷ്യന്മാരോടു അറിയിച്ചപ്പോൾ അവർ വിശ്വസിച്ചില്ല.

വേദോക്തം.

ക്രിസ്തു നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണത്തിന്നായി ഉയിൎക്കപ്പെട്ടും ഇരിക്കുന്നു. റോമ. ൪, ൨൫.

---


## ൩൯. എമ്മവുസ്സിലേക്കു രണ്ടു ശിഷ്യന്മാരുടെ പ്രയാണവും യേശു ശിഷ്യന്മാൎക്കു പ്രത്യക്ഷനായി വന്നതും.

(ലൂക്ക് ൨൪.)

1. ആ ദിവസത്തിൽ തന്നേ യേശു ആശ്വാസത്തിന്നു അത്യാവശ്യമുള്ള പത്രൊസിന്നു പ്രത്യക്ഷനായി വന്നു.

അന്നു തന്നേ രണ്ടു ശിഷ്യന്മാർ യരുശലേമിൽ നിന്നു എട്ടു നാഴിക വഴിദൂരമുള്ള എമ്മവുസ്സിലേക്കു പോയി; യരുശലേമിൽ സംഭവിച്ചതൊക്കെയും വിചാരിച്ചു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ യേശുവും അണഞ്ഞു അവരോടൊന്നിച്ചു നടന്നു; എന്നാൽ അവൻ യേശു ആകുന്നു എന്നു അവർ അറിഞ്ഞില്ല. അപ്പോൾ അവൻ: "നിങ്ങൾ വിഷാദത്തോടെ എന്താകുന്നു സംസാരിക്കുന്നതു?" എന്നു ചോദിച്ചപ്പോൾ ക്ലെയോഫാ എന്നവൻ: "യരുശലേമിൽ പാൎക്കുന്ന പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടേ സംഭവിച്ച കാൎയ്യം അറിയാതിരിക്കുന്നുവോ?" എന്നു പറഞ്ഞശേഷം: "ഏതു കാൎയ്യം?" എന്നു യേശു ചോദിച്ചു. അപ്പോൾ ക്ലെയോഫാ പറഞ്ഞു: "നസറായക്കാരനായ യേശുവിന്നു സംഭവിച്ചതു തന്നേ. അവൻ ദൈവത്തിന്റെയും സൎവ്വജനങ്ങളുടെയും മുമ്പാകെ ക്രിയയിലും വചനത്തിലും ശക്തിയുള്ള പ്രവാചകനായിരുന്നു; നമ്മുടെ മഹാപുരോഹിതന്മാരും മൂപ്പന്മാരും അവനെ മരണശിക്ഷെക്കു ഏല്പിച്ചു ക്രൂശിൽ തറെപ്പിച്ചു; ഞങ്ങളൊ ഇസ്ര

യേല്യരെ ഉദ്ധരിക്കുന്നവൻ അവൻ ആകുന്നു എന്നു ആശിച്ചിരുന്നു. ഇതൊക്കയും സംഭവിച്ചിട്ടു ഇന്നേക്കു മൂന്നു ദിവസമായി. ഞങ്ങളുടെ സ്ത്രീകളിൽ ചിലർ അതികാലത്തു അവന്റെ കല്ലറയുടെ അടുക്കേ ചെന്നു അവന്റെ ശരീരം കാണാതെ മടങ്ങിവന്നു: അവൻ ജീവിച്ചിരിക്കുന്നു എന്നു പറയുന്ന സ്വൎഗ്ഗീയ ദൂതന്മാരെ കണ്ടു എന്നു അവർ പറഞ്ഞു ഞങ്ങളെ



ഭ്രമിപ്പിച്ചു; ഞങ്ങളിൽ ചിലർ കല്ലറയുടെ അരികേ ചെന്നു സ്ത്രീകൾ പറഞ്ഞപ്രകാരം കണ്ടു, കൎത്താവിനെ കണ്ടില്ലതാനും" എന്നു പറഞ്ഞു.

അതു കേട്ടു കൎത്താവു: "പ്രവാചകന്മാർ അറിയിച്ചതു വിശ്വസിക്കേണ്ടതിന്നു വിവേകഹീനരും മന്ദബുദ്ധികളുമായുള്ളോരേ, ക്രിസ്തു ഇപ്രകാരം കഷ്ടമനു

ഭവിച്ചിട്ട തന്റെ മഹത്വത്തിലേക്ക പ്രവേശിക്കേണ്ടു താകുന്നുവല്ലോ!" എന്നു പറഞ്ഞു, മോശെ മുതലായ സകല പ്രവാചകന്മാരുടെ എഴുത്തുകളിൽ തന്നെ കുറിച്ചു പറഞ്ഞതിനെ ഒക്കെയും തെളിയിച്ചുകൊടുത്തു.

അവർ എമ്മാവുസ്സെന്ന ഗ്രാമത്തിന്നു സമീപിക്കുമ്പോൾ കർത്താവു മുമ്പോട്ട പോകുന്ന ഭാവം കാണിച്ചപ്പോൾ, അവർ: "നേരം വൈകി, അസ്തമിപ്പാറായി, ഞങ്ങളോട്ട കൂട പാൎക്ക!" എന്നു വളരെ അപേക്ഷിച്ച ശേഷം അവൻ അകത്തു ചെന്നു. പിന്നെ അവരോട്ട കൂട പന്തിയിലിരുന്നപ്പോൾ അപ്പമെടുത്തു സ്തോത്രംചൊല്ലി നുറുക്കി അവൎക്ക കൊടുത്തു ഉടനെ അവരുടെ കണ്ണുകൾ തുറന്നു അവർ അവനെ അറിഞ്ഞു അവൻ ക്ഷണനേരത്തിൽ മറകയും ചെയ്തു. പിന്നേ അവർ: "വഴിയിൽ വെച്ചു അവൻ നമ്മോട്ട സംസാരിച്ചു വേദവാക്യങ്ങളെ തേളിയിക്കുമ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലയോ?" എന്നു തമ്മിൽ തമ്മിൽ പറഞ്ഞു. പിന്നേ അവർ എഴുന്നീറ്റു യരുശലേമിലേക്ക തിരിച്ചുപോയി, ശിഷ്യന്മാരെയും അവരോട്ട കൂടെയുള്ളവരേയും കണ്ടു കർത്താവു തങ്ങൾക്ക പ്രത്യക്ഷനായ വിവരം അവരോട്ട അറിയിച്ചു".

2. ഇവ പറയുമ്പോൾ തന്നെ യേശു അവരുടെ നടുവിൽനിന്നു: "**നിങ്ങൾക്കു സമാധാനം**" എന്നു പറഞ്ഞു. അവർ ഞെട്ടി ഭയപ്പെട്ട ഒരാത്മാവിനെ കണ്ടു എന്നു അവൎക്ക തോന്നി. അപ്പോൾ അവൻ: "നിങ്ങൾ എന്തിന്നു ചഞ്ചലപ്പെടുന്നു, നിങ്ങളുടെ ഹൃദയങ്ങളിൽ സംശയം തോന്നുന്നതു എന്തു? ഞാൻ തന്നേ ആകുന്നു, എന്റെ കൈകാലുകളെ നോക്കി,

എന്നെ തൊട്ടറിവിൻ, എങ്കൽ കാണുന്ന പ്രകാരം ഒരു ആത്മാവിന്നു മാംസവും അസ്ഥിയും ഇല്ലല്ലോ!" എന്നു പറഞ്ഞു തന്റെ കൈകളും കാലുകളും അവൎക്കു കാണിച്ചു.

എന്നിട്ടും അവരുടെ ഭ്രമവും സംശയവും തീരായ്കയാൽ അവൻ: "ഭക്ഷിപ്പാൻ വല്ലതും ഉണ്ടോ?" എന്നു ചോദിച്ചപ്പോൾ അവർ വറുത്ത മീനും തേങ്കട്ടയും കൊടുത്തു; അവൻ വാങ്ങി അവർ കാണ്കെ ഭക്ഷിക്കയും ചെയ്തു. പിന്നെ അവൻ അവരോടു: "സമാധാനം നിങ്ങൾക്കു ഭവിക്കട്ടെ! പിതാവു എന്നെ അയച്ച പ്രകാരം ഞാൻ നിങ്ങളെ അയക്കുന്നു" എന്നു പറകയും അവരുടെ മേൽ ഊതി: "പരിശുദ്ധാത്മാവിനെ വാങ്ങിക്കൊൾവിൻ!" എന്നു അരുളുകയും ചെയ്തു.

വേദോക്തം.

രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ ഒരുമിച്ചു കൂടിയാലും അവിടെ ഞാൻ അവരുടെ നടുവിൽ ഉണ്ടു. മത്താ. ൧൮, ൨൦.

---


## ൭൮. യേശു തോമാവിന്നും ഗനേസരത്ത് സരസ്സിന്റെ കരയിലും പ്രത്യക്ഷനായ്വന്നതു.

(യോഹ. ൨൦. ൨൧.)

1. യേശു മുമ്പെ ശിഷ്യന്മാൎക്കു പ്രത്യക്ഷനായപ്പോൾ **തോമാവു** അവരോടു കൂട ഇല്ലായിരുന്നു. പിന്നേ അവർ അവനോടു: "ഞങ്ങൾ കൎത്താവിനെ കണ്ടു!" എന്നു പറഞ്ഞപ്പോൾ അവൻ: "ഞാൻ

അവൻെറ കൈകളിൽ ആണിപ്പഴുത്തു കണ്ടു അതിൽ എൻെറ വിരൽ ഇട്ടു അവൻെറ പാൎശ്വത്തിൽ എൻ കൈ വെച്ചിട്ടല്ലാതെ ഞാൻ വിശ്വസിക്കയില്ല" എന്നു പറഞ്ഞു.

എട്ടു ദിവസം കഴിഞ്ഞ ശേഷം ശിഷ്യന്മാർ വീണ്ടും യഹൂദരെ കുറിച്ചുള്ള ഭയംനിമിത്തം വാതിൽ പൂട്ടി ഒരു വീട്ടിന്നകത്തു കൂടിയിരിക്കുമ്പോൾ തോമാവും അവരുടെ കൂടെ ഉണ്ടായിരുന്നു. പെട്ടെന്നു



യേശു വന്നു മദ്ധ്യേ നിന്നു: "നിങ്ങൾക്കു സമാധാനം ഉണ്ടാക!" എന്നു അരുളി തോമാവിനെ നോക്കി: "നിൻെറ വിരൽ ഇങ്ങോട്ടു നീട്ടി എൻെറ കൈകളെ തൊട്ടു നോക്കു, നിൻെറ കൈ എൻെറ പാൎശ്വത്തിലിടുക; അവിശ്വാസിയാകാതെ വിശ്വാസിയായി

രിക്ക!" എന്നു കല്പിച്ചു. ഉടനെ തോമാവു: "എൻ കൎത്താവും ദൈവവുമായോനേ!" എന്നു വിളിച്ചു. യേശു: "തോമാവേ, നീ എന്നെ കണ്ടതിനാലാകുന്നു വിശ്വസിക്കുന്നതു, **കാണാതെകണ്ടു വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ!"** എന്നു പറഞ്ഞു.

2. തോമാവും യേശുവിനെ കണ്ട ശേഷം ശിഷ്യന്മാർ യേശുവിന്റെ കല്പന പ്രകാരം ഗലീലയിലേക്കു മടങ്ങിപ്പോയി. അവിടെ യേശു അവൎക്കു ഗനേസരേത്ത് സരസ്സിന്റെ തീരത്തു പ്രത്യക്ഷനായ്വന്നു, അതു ഇവ്വണ്ണമായിരുന്നു: ഒരു ദിവസം പത്രൊസ്: "ഞാൻ മീൻ പിടിപ്പാൻ പോകുന്നു" എന്നു പറഞ്ഞപ്പോൾ മറേറ ആറു ശിഷ്യന്മാർ "ഞങ്ങളും കൂടെ വരാം" എന്നു ചൊല്ലി എല്ലാവരും ഒരുമിച്ചു ഒരു പടവിൽ കയറി രാത്രിമുഴുവനും അദ്ധ്വാനിച്ചു എങ്കിലും ഒന്നും കിട്ടീട്ടില്ല. ഉദയകാലത്തു യേശു കരയിൽനിന്നു അവരെ നോക്കി: "പൈതങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ?" എന്നു ചോദിച്ചപ്പോൾ: "ഇല്ല" എന്നു അവർ ഉത്തരം പറഞ്ഞു. എന്നാൽ: "പടവിന്റെ വലത്തു ഭാഗത്തു വീശിയാൽ കിട്ടും" എന്നു യേശു പറഞ്ഞതു അനുസരിച്ചു അവർ വീശി ൧൫൩ വലിയ മത്സ്യങ്ങളെ പിടിച്ചു. ഈ അതിശയം കണ്ടപ്പോൾ യോഹന്നാൻ പത്രൊസിനോടു: "അവൻ കൎത്താവു ആകുന്നു" എന്നു പറഞ്ഞു; കൎത്താവാകുന്നു എന്നു പത്രൊസ് കേട്ട ഉടനെ കടലിലേക്കു ചാടി യേശുവിന്റെ അടുക്കലേക്കു നീന്തി, മറേറവർ പടവിൽ തന്നേ വന്നു.

അവർ കരക്കിറങ്ങിയപ്പോൾ തീക്കനലും അതിന്മേൽ മീൻ വെച്ചിരിക്കുന്നതും അപ്പവും കണ്ടു.

പിന്നെ കൎത്താവു അവരോടു: "വന്നു പ്രാതൽ കഴിച്ചു കൊൾ്വിൻ!" എന്നു പറഞ്ഞപ്പോൾ അവൻ കൎത്താവാകുന്നു എന്നു എല്ലാവൎക്കും ബോധ്യമായി.

പ്രാതൽ കഴിഞ്ഞ ശേഷം യേശു പത്രൊസിനെ നോക്കി: "യോനാവിൻെറ പുത്രനായ ശീമോനേ, ഇവരെക്കാൾ നീ എന്നെ അധികം സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചപ്പോൾ: "കൎത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ തന്നേ അറിയുന്നുവല്ലോ!" എന്നു അവൻ ഉത്തരം പറഞ്ഞാറെ: "എൻെറ കുഞ്ഞാടുകളെ മേയ്ക്ക!" എന്നു യേശു കല്പിച്ചു. പിന്നെ കൎത്താവു രണ്ടാമതും: "നീ എന്നെ സ്നേഹിക്കുന്നുവോ?" എന്നു ചോദിച്ചതിന്നു പത്രൊസ്: "ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ തന്നേ അറിയുന്നുവല്ലോ!" എന്നു പറഞ്ഞ ശേഷം കൎത്താവു: "എൻെറ ആടുകളെ പാലിക്ക!" എന്നു കല്പിച്ചു. പിന്നെ കൎത്താവു മൂന്നാം പ്രാവശ്യവും "നീ എന്നെ സ്നേഹിക്കുന്നുവോ" എന്നു ചോദിക്കയാൽ പത്രൊസ് ദുഃഖിച്ചു: "കൎത്താവേ, നീ സകലവും അറിയുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നും നീ അറിയുന്നു" എന്നു പറഞ്ഞപ്പോൾ കൎത്താവു: എൻെറ ആടുകളേ മേയ്ക്ക, നീ ഇളംപ്രായക്കാരനായിരുന്നപ്പോൾ നീ തന്നെ അരകെട്ടി നിണക്കിഷ്ടമുള്ള സ്ഥലത്തു നടന്നു പോന്നു, വൃദ്ധനായാലോ നീ കൈ നീട്ടി മററൊരുത്തൻ നിന്നെ കെട്ടി ഇഷ്ടമല്ലാത്ത സ്ഥലത്തു കൊണ്ടുപോകും!" എന്നു പറഞ്ഞു. പത്രൊസ് ഏതു വിധം മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തും എന്നു കാണിക്കേണ്ടതിന്നായിരുന്നു കൎത്താവു ഇങ്ങിനെ പറഞ്ഞതു.

വേറെ ഒരു സമയവും ഒരു സ്ഥലത്തിൽ അഞ്ഞൂ
ററിൽ പരം ശിഷ്യന്മാർ കൂടിയിരിക്കുമ്പോൾ യേശു
അവൎക്കു പ്രത്യക്ഷനായ്വന്നു. ഇപ്രകാരം കൎത്താവി
ന്റെ പുനരുത്ഥാനത്തിന്നു വളരേ സാക്ഷികൾ
ഉണ്ടു.

വേദോക്തം.

നാം കാഴ്ചകൊണ്ടല്ല, സാക്ഷാൽ വിശ്വാസംകൊണ്ടു നടക്കുന്നവ
രായി ഇരിക്കുന്നു. ൨ കൊരി. ൫, ൭.

---

## ൩൯. തിരുസ്നാനസ്ഥാപനവും സ്വൎഗ്ഗാരോഹണവും.

(മത്തായി ൨൮. മാൎക്ക് ൧൬. നടപ്പുകൾ ൧.)

1. യേശു കല്പിച്ചപ്രകാരം പതിനൊന്നു ശിഷ്യ
ന്മാർ ഗലീലയിലേ ഒരു മലമേൽ പോയപ്പോൾ യേശു
പ്രത്യക്ഷനായി അവരോടു ഇപ്രകാരം കല്പിച്ചു: "സ്വ
ൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എ
നിക്കു നല്കപ്പെട്ടിരിക്കുന്നു; ആകയാൽ നിങ്ങൾ
പുറപ്പെട്ടു പിതാ പുത്രൻ വിശുദ്ധാത്മാവു എ
ന്നീ നാമത്തിലേക്കു സ്നാനം ഏല്പിച്ചും ഞാൻ
നിങ്ങളോടു കല്പിച്ചവ ഒക്കയും സൂക്ഷിപ്പാൻ
തക്കവണ്ണം ഉപദേശിച്ചും ഇങ്ങിനെ സകലജാ
തികളേയും ശിഷ്യരാക്കിക്കൊൾ്വിൻ! ഞാനോ
ഇതാ യുഗസമാപ്തിയോളം എല്ലാനാളും നിങ്ങ
ളോടു കൂടെ ഉണ്ടു. എന്നാൽ വിശ്വസിച്ചവരെ ഈ
അടയാളങ്ങൾ പിഞ്ചെല്ലും: അവർ എന്റെ നാമ
ത്തിൽ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സം

സാരിക്കും, സൎപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായത്തു യാതൊന്നു കുടിച്ചാലും അവൎക്കു ഹാനി വരികയില്ല; ദീനക്കാരുടെ മേൽ കൈകളെ വെച്ചാൽ അവൎക്കു സൌഖ്യം വരും.

2. ഇങ്ങിനേ കൎത്താവു മരിച്ചവരിൽനിന്നു ജീവിച്ചെഴുനീററശേഷം ൪൦ ദിവസം കൂടക്കൂട തന്റെ ശിഷ്യന്മാരോടു സംസാരിച്ചും ഉപദേശിച്ചുംകൊണ്ടു പാൎത്തതിൽ പിന്നെ അവരെ ഒലീവമലമേൽ വരുത്തി: “നിങ്ങൾ യരുശലേം പട്ടണം വിട്ടുപോകാതെ പിതാവു വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിന്നായി കാത്തിരിക്കേണം” എന്നു കല്പിച്ചു. അന്നു അവർ: “കൎത്താവേ, നീ ഇക്കാലത്തു ഇസ്രയേലിന്നു രാജത്വത്തെ യഥാസ്ഥാനപ്പെടുത്തി കൊടുക്കുമോ?” എന്നു ചോദിച്ചതിന്നു അവൻ: “പിതാവു തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളേയും സമയങ്ങളേയും അറിയുന്നതു നിങ്ങൾക്കുള്ളതല്ല; നിങ്ങൾ പരിശുദ്ധാത്മാവിനെ ലഭിച്ചു ശക്തന്മാരായി യരുശലേമിലും യഹൂദയിലും ഭൂമിയുടെ അററത്തോളവും എന്റെ സാക്ഷികളായിരിക്കും” എന്നു അരുളിച്ചെയ്തു.

അതിന്റെ ശേഷം അവൻ തന്റെ കൈകളെ ഉയൎത്തി അവരെ അനുഗ്രഹിക്കയിൽ തന്നേ അവൻ അവർ കാണ്കെ സ്വൎഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ഒരു മേഘം അവനെ കൈക്കൊണ്ടു; അവൻ ആകാശത്തുകൂടി കരേറിപ്പോകുന്നതു അവർ സൂക്ഷിച്ചു നോക്കികൊണ്ടിരിക്കുമ്പോൾ ഇതാ, വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അടുക്കേ വന്നു: “ഗലീലപുരുഷ

ന്മാരേ, നിങ്ങൾ ആകാശത്തിലേക്ക നോക്കി നില്ക്കു ന്നതെന്തു? ഈ യേശു ഇപ്പോൾ സ്വൎഗ്ഗത്തിലേക്കു കരേറുന്നപ്രകാരം പിന്നേയു വരും" എന്നു



പറഞ്ഞു. അപ്പോൾ അവർ സന്തോഷത്തോടെ യരുശലേമിലേക്ക തിരിച്ചു പോയി.

## വേദോക്തം.

ദൈവം ക്രിസ്തുവിനെ ഏറെ ഉയൎത്തി, സകല നാമത്തിന്നും മേലായ നാമം സമ്മാനിച്ചു: സ്വൎഗ്ഗസ്ഥൎക്കും ഭൂമിസ്ഥൎക്കും അധോലോകൎക്കും ഉള്ള മുഴങ്കാൽ ഒക്കയും യേശു നാമത്തിൽ മടങ്ങുകയും എല്ലാ നാവും "യേശു ക്രിസ്തു കൎത്താവു" എന്നു പിതാവായ ദൈവത്തിൻ തേജസ്സിന്നായി ഏററുപറകയും ചെയ്യേണ്ടതിന്നത്രെ. ഫിലി. ൨, ൯—൧൧.

# V. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ.

## ൧൦. പെന്തെകൊസ്ത പെരുനാൾ.


(നടപ്പ. ൨. ൨.)

1. യേശു സ്വൎഗ്ഗാരോഹണമായ ശേഷം ശിഷ്യന്മാർ കൎത്താവിന്റെ കല്പനപ്രകാരം പരിശുദ്ധാത്മാവിനെ പ്രാപിപ്പാനായി യരുശലേമിൽ കാത്തിരുന്നു. ഇഷ്കാൎയ്യോത്തനായ യൂദാവിന്റെ സ്ഥാനത്തു മത്ഥിയാ എന്നവനെ നിശ്ചയിച്ചു ശേഷമുള്ള വിശ്വാസികളോടു കൂട പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ എണ്ണം അന്നു ൧൨൦ ആയിരുന്നു.

2. പെസഹപ്പെരുന്നാൾ കഴിഞ്ഞിട്ടു അമ്പതു ദിവസമായപ്പോൾ (യേശു സ്വൎഗ്ഗാരോഹണം ചെയ്തിട്ടു പത്തുനാൾ കഴിഞ്ഞപ്പോൾ തന്നെ) പെന്തെകൊസ്ത പെരുനാളായി. അന്നു അവർ എല്ലാവരും ഒന്നിച്ചു ഏകമനസ്സോടെ പ്രാൎത്ഥിക്കുമ്പോൾ പെട്ടന്നു ആകാശത്തുനിന്നു കാറേറാട്ടം പോലെ ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്ന ഭവനം മുഴവനും നിറഞ്ഞു, അഗ്നിപോലേ പിളൎന്ന നാവുകൾ അവൎക്കു കാണായി, എല്ലാവരും പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞിട്ടു ആത്മാവു അവൎക്കു ഉച്ചരിപ്പാൻ നല്കിയ പ്രകാരം മറുഭാഷകളിൽ സംസാരിച്ചു തുടങ്ങി.

ആ സമയത്തു സകലദേശങ്ങളിൽനിന്നു വന്ന

ദൈവഭക്തിയുള്ള യഹൂദർ യരുശലേമിൽ താമസിക്കു ന്നുണ്ടായിരുന്നു. ഈ ശബ്ദമുണ്ടായപ്പോൾ പുരുഷാരം വന്നു കൂടി ചഞ്ചലപ്പെട്ടു, ഓരോരുത്തൻ താന്താൻെറ ഭാഷയിൽ അവർ സംസാരിക്കുന്നതിനെ കേട്ടു അമ്പരന്നുപോയി: "ഈ സംസാരിക്കുന്ന എല്ലാവരും ഗലീലക്കാരല്ലയോ? നാം ഓരോരുത്തൻ ജനിച്ച



നമ്മുടെ സ്വന്ത ഭാഷയിൽ കേൾക്കുന്നതു എങ്ങിനെ!" എന്നു വിസ്മയിച്ചു പറഞ്ഞു. പലരും "അവർ വീഞ്ഞു കുടിച്ചു ലഹരിയായിരിക്കുന്നു" എന്നു പറഞ്ഞു പരിഹസിച്ചു.

അപ്പോൾ പത്രൊസ് പതിനൊന്നു പേരോടു കൂട എഴുനീററു വിളിച്ചു പറഞ്ഞു: "യഹൂദന്മാരും യരുശലേമിൽ പാക്കുന്ന എല്ലാ പുരുഷന്മാരുമായു

ള്ളോരേ, എൻെറ വചനങ്ങളെ കേൾപ്പിൻ! നിങ്ങൾ വിചാരിക്കുന്നപ്രകാരം ഇവർ ലഹരിപിടിച്ചവരല്ല; പകൽ ഒമ്പതു മണിനേരം മാത്രമേ ആയിട്ടുള്ളു. **അവസാനനാളുകളിൽ ഇപ്രകാരം ഉണ്ടാകും: ഞാൻ സകലജഡത്തിന്മേലും എൻെറ ആത്മാവിൽനിന്നു പകരും**; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും ദീൎഘദൎശനം പറയും; നിങ്ങളുടെ ബാലന്മാർ ദൎശനങ്ങളെയും മൂപ്പന്മാർ സ്വപ്നങ്ങളെയും കാണും. ആ നാളുകളിൽ എൻെറ ദാസീദാസന്മാരുടെ മേൽ ഞാൻ എൻെറ ആത്മാവിനെ പകരുമ്പോൾ അവർ ദീൎഘദൎശനം പറയും, പിന്നെ കൎത്താവിൻ നാമത്തെ വിളിക്കുന്നവനെല്ലാം രക്ഷപ്പെടും എന്നു ദൈവം യോവേൽ പ്രവാചകൻ മുഖാന്തരം അറിയിച്ചപ്രകാരം ഇന്നു സംഭവിച്ചിരിക്കുന്നു. ഇസ്രയേല്യരേ, ഈ വചനത്തെ കേൾപ്പിൻ! നസറായക്കാരനായ യേശു എന്ന ദൈവമനുഷ്യനെ നിങ്ങൾ അറിയുമല്ലോ. ദൈവം അവൻ മുഖാന്തരം നിങ്ങളുടെ ഇടയിൽ ചെയ്ത അതിശയപ്രവൃത്തികളാലും അത്ഭുതങ്ങളാലും അവനെ കുറിച്ചു സാക്ഷ്യം തന്നിരിക്കുന്നു. നിങ്ങളോ അവനെ പിടിച്ചു ക്രൂശിൽ തറെച്ചുകൊന്നു, എങ്കിലും ദൈവം അവനെ ഉയിൎപ്പിച്ചതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. ആകയാൽ അവൻ ദൈവശക്തിയാൽ ഉന്നതപ്പെട്ടിരിക്കകൊണ്ടു ഞങ്ങളിൽ പരിശുദ്ധാത്മാവിനെ പകൎന്നു; ഇതിൻെറ നിശ്ചയം നിങ്ങൾ കണ്ടു കേട്ടുവല്ലോ; ഈ യേശുവിനെ ദൈവം കൎത്താവും ക്രിസ്തുവും ആക്കിവെച്ചിരിക്കുന്നു എന്നു സൎവ്വ ഇസ്രയേലും അറിഞ്ഞുകൊള്ളട്ടേ!"

എന്നതു കേട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു; "അയ്യോ, സഹോദരന്മാരേ, രക്ഷെക്കായി ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്നു ചോദിച്ചപ്പോൾ പത്രൊസ്: "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി നിങ്ങളിൽ ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുവിൻ; എന്നാൽ പരിശുദ്ധാത്മാവാകുന്ന ദാനം ലഭിക്കും. കാരണം ഈ വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ കൎത്താവായ ദൈവം വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവൎക്കും ഉള്ളതാകുന്നു" എന്നു പറഞ്ഞു.

3. ഈ വാക്യം സന്തോഷത്തോടെ കൈക്കൊണ്ടവരൊക്കയും സ്നാനം അംഗീകരിച്ചു. ആ ദിവസത്തിൽ ഏകദേശം മൂവായിരം ആത്മാക്കൾ വിശ്വസിച്ചു സഭയോടു ചേൎന്നുവന്നു. പിന്നെ അവർ അപ്പൊസ്തലരുടെ ഉപദേശത്തിലും അപ്പം നുറുക്കുന്നതിലും പ്രാൎത്ഥനയിലും സ്ഥിരപ്പെട്ടിരുന്നു; ധനവാന്മാർ തങ്ങളുടെ സമ്പത്തുകളെ ദരിദ്രൎക്കു വിഭാഗിച്ചു കൊടുത്തു. ആ വിശ്വാസികൾ സകലജനങ്ങൾക്കും ഇഷ്ടന്മാരായിത്തീൎന്നു; കൎത്താവു ദിവസേന സഭയെ വൎദ്ധിപ്പിക്കയും ചെയ്തു.


### വേദോക്തം.

പിതാവു എൻ നാമത്തിൽ അയപ്പാനുള്ള വിശുദ്ധാത്മാവു എന്ന കാൎയ്യസ്ഥനായവൻ നിങ്ങൾക്കു സകലവും ഉപദേശിച്ചും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കയും ഓൎപ്പിച്ചും തരും. യോഹ. ൧൪, ൨൬.

## ൭൰൮. മുടന്തനെ സൌഖ്യമാക്കിയതും അനന്ന്യാസ് സഫീറ എന്നവരുടെ നാശവും.

(നടപ്പ്. ൩. ൫.)

1. ഒരു ദിവസം പത്രൊസും യോഹന്നാനും ഒന്നിച്ചു പ്രാൎത്ഥിപ്പാനായി ദൈവാലയത്തിലേക്കു കരേറുമ്പോൾ പിറവി മുതലേ മുടന്തനായൊരു പുരുഷനെ കണ്ടു; ആലയത്തിൽ പ്രവേശിക്കുന്നവരോടു ഇരപ്പാൻ തക്കവണ്ണം അവനെ ആലയവാതില്ക്കൽ ഇരുത്തുക പതിവായിരുന്നു. പത്രൊസും യോഹന്നാനും ആലയത്തിലേക്കു കടക്കുമ്പോൾ അവൻ അവ




രോടു ഭിക്ഷ ചോദിച്ചു. പത്രൊസ് യോഹന്നാനോടു കൂട അവനെ ഉറ്റുനോക്കി: "ഞങ്ങളെ നോക്കുക" എന്നു പറഞ്ഞു. അവൻ അവരിൽനിന്നു വല്ലതും കിട്ടും എന്നു കരുതി അവരെ സൂക്ഷിച്ചു നോക്കി. അപ്പോൾ പത്രൊസ്: "വെള്ളിയും പൊന്നും എനിക്കില്ല; ഉള്ളതു നിണക്കു തരാം. നസറായക്കാര

നായ യേശുക്രിസ്തുവിൻെറ നാമത്തിൽ എഴുനീററു നടക്ക!" എന്നു പറഞ്ഞു, അവനെ വലങ്കൈ പിടിച്ചു എഴുന്നില്പിച്ചു. ക്ഷണത്തിൽ അവൻെറ കാലുകളും നെരിയാണികളും ഉറെച്ചുവന്നു; അവൻ കുതിച്ചു എഴുന്നീററു നടന്നു ദൈവത്തെ പുകണ്ണുംകൊണ്ടു ദൈവാലയത്തിൽ കടന്നു. ജനമൊക്കയും അവൻ നടന്നുകൊണ്ടു ദൈവത്തെ പുകഴുന്നതു കണ്ടു, അവന്നു സംഭവിച്ചതിൽ വിസ്മയിക്കയും പരിഭ്രമിക്കയും ചെയ്തു. ഈ അത്ഭുതത്താലും പത്രൊസ് ആ അവസരത്തിൽ കഴിച്ച പ്രസംഗത്താലും യേശുവിൻെറ നാമത്തിൽ വിശ്വസിക്കുന്നവരുടെ സംഖ്യ അയ്യായിരത്തോളം വർദ്ധിക്കയും ചെയ്തു.

2. **അനന്യാസ്** എന്നവൻ തൻെറ ഭാൎയ്യയായ **സഫീറയോടു** കൂടി ഒരവകാശം വിററു വിലയിൽനിന്നു ഏതാനും വൎജ്ജിച്ചെടുത്തു, ശേഷമുള്ളതു കൊണ്ടുചെന്നു അപ്പോസ്തലരുടെ കാല്ക്കൽ വെച്ചപ്പോൾ പത്രൊസ് പറഞ്ഞു: "അനന്യാസേ! നീ പരിശുദ്ധാത്മാവോടു അസത്യം പറവാനും നിലത്തിൻെറ വിലയിൽനിന്നു ഏതാനും വൎജ്ജിപ്പാനും സാത്താൻ നിൻെറ ഹൃദയത്തിൽ തോന്നിച്ചതു എന്തു? ആ മുതൽ നിൻെറതായിരുന്നുവല്ലോ; വിററ ശേഷവും നിണക്കു തന്നെ എടുക്കാമായിരുന്നു. ഈ കാൎയ്യം നിൻെറ ഹൃദയത്തിൽ തോന്നിയതെന്തു? നീ മനുഷ്യരോടല്ല ദൈവത്തോടത്രെ അസത്യം പറഞ്ഞതു" ഈ വാക്കു കേട്ടുഉടനെ അനന്യാസ് വീണു പ്രാണനെ വിട്ടു. പിന്നെ ബാല്യക്കാർ അവൻെറ ശവത്തെ മൂടികെട്ടി പുറത്തു കൊണ്ടുപോയി കുഴിച്ചിട്ടു.

ഏകദേശം മൂന്നു മണിക്കൂർ കഴിഞ്ഞ ശേഷം സംഭവിച്ചതു അറിയാതെ അവൻെറ ഭാൎയ്യ അകത്തു വന്നു പത്രൊസ് അവളെ നോക്കി: "നിങ്ങൾ നിലം ഇത്രെക്കൊ വിററതു?" എന്നു ചോദിച്ചപ്പോൾ അവളും: "അത്രെക്ക തന്നേ" എന്നു പറഞ്ഞു. അപ്പോൾ



പത്രൊസ്: "കൎത്താവിൻെറ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തതു എന്തു? കണ്ടാലും നിൻെറ ഭൎത്താവിനെ കുഴിച്ചിട്ടവർ വാതില്ക്കൽ ഉണ്ടു, നിന്നെയും കൊണ്ടുപോകും" എന്നു പറഞ്ഞ ഉടനേ അവളും വീണു ജീവനെ വിട്ടു. ബാല്യക്കാർ അകത്തു വന്നു അവളെയും കൊണ്ടുപോയി കുഴിച്ചിടുകയും ചെയ്തു. സഭെക്കും ഈ അവസ്ഥ കേട്ട എല്ലാവൎക്കും മഹാഭയമുണ്ടായി.

വേദോക്തം.

വീണ്ടെടുപ്പിൻ നാളിലേക്കു നിങ്ങൾക്കു മുദ്രയായുള്ളുന്നുള്ള ദൈവത്തിന്റെ വിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു. എഫേസ്യർ ൪, ൩൦.

---

## ൪൨. സ്തെഫനൊസിന്റെ സാക്ഷിമരണം.

(നടപ്പ്. ൬.)

1. സഭ വേഗതയോടെ വൎദ്ധിക്കുമ്പോൾ അപ്പൊസ്തലന്മാൎക്കു വചനശുശ്രൂഷ നിമിത്തം ധൎമ്മശേഖര വിചാരണയെ നടത്തിപ്പാൻ കഴിവില്ലായ്കകൊണ്ടു അവരുടെ ആലോചനപ്രകാരം സഭക്കാർ തങ്ങളുടെ ഇടയിൽനിന്നു ഈ ശുശ്രൂഷെക്കായിട്ടു ഏഴു ദൈവഭക്തിയുള്ള പുരുഷന്മാരെ തെരിഞ്ഞെടുത്തു. അവരിൽ വെച്ചു സ്തെഫനൊസ് വിശ്വാസശക്തികൊണ്ടു വിളങ്ങി ജനങ്ങളുടെ ഇടയിൽ വലിയ അതിശയപ്രവൃത്തികളെ ചെയ്തുകൊണ്ടിരുന്നു. അപ്പോൾ പല യഹൂദമതക്കാർ വന്നു അവനോടു തൎക്കിച്ചപ്പോൾ അവന്റെ ജ്ഞാനത്തോടും ആത്മാവോടും എതിൎത്തു നില്പാൻ കഴിയാതെ തോററു പോയതിനാൽ അവർ ജനങ്ങളെയും മൂപ്പന്മാരെയും ശാസ്ത്രികളെയും ഇളക്കി; അവനെ പിടിച്ചു വിസ്താരസഭയിലേക്കു കൊണ്ടുപോയി: "ഈ ആൾ പരിശുദ്ധസ്ഥലത്തിന്നും വേദപ്രമാണത്തിന്നും വിരോധമായി ഇടവിടാതെ ദൂഷണവാക്കുകളെ സംസാരിക്കുന്നതും നസറായക്കാരനായ യേശു ഈ സ്ഥലം നശിപ്പിച്ചു മോശെ നമുക്കു കല്പിച്ച മൎയ്യാദകളെ ഭേദം വരുത്തും


എന്നു പറഞ്ഞതും ഞങ്ങൾ കേട്ടു" എന്നു കുററം ചുമത്തി കള്ളസ്സാക്ഷിക്കാരെ നിറുത്തുകയും ചെയ്തു.

2. അപ്പോൾ വിസ്താരസഭയിലുള്ളവർ എല്ലാവരും അവനെ സൂക്ഷിച്ചു നോക്കി അവൻെറ മുഖം ഒരു ദൈവദൂതൻെറ മുഖം പോലെ പ്രകാശിക്കുന്നതു കണ്ടു; മഹാപുരോഹിതൻ: "കാൎയ്യം ഇപ്രകാരം തന്നെയോ?" എന്നു ചോദിച്ചപ്പോൾ അവൻ ദൈവം ഇസ്രായേൽജാതിക്കു ചെയ്ത നന്മകളെയും അത്ഭുതപ്രവൃത്തികളെയും അവർ കാട്ടിയ അനുസരണക്കേടുകളെയും മഹാപാപങ്ങളെയും വൎണ്ണിച്ചശേഷം: "കഠിനകണ്ഠക്കാരും ഹൃദയത്തിലും ചെവികളിലും പരിഛേദന ഇല്ലാത്തവരുമായവരേ, നിങ്ങൾ എപ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തുനില്ക്കുന്നു. നിങ്ങളുടെ പിതാക്കന്മാർ ചെയ്തപ്രകാരം നിങ്ങളും ചെയ്യുന്നു; നീതിമാനായ ക്രിസ്തുവിൻെറ വരവിനെ മുന്നറിയിച്ച പ്രവാചകന്മാരെ അവർ പീഡിപ്പിച്ചു കൊന്നു നിങ്ങളും ആ നീതിമാനെ ദ്രോഹിച്ചു വിധിച്ചുവല്ലോ; ദൈവദൂതന്മാർ മുഖാന്തരം നിങ്ങൾക്കു ധൎമ്മം കിട്ടി എങ്കിലും അതിനെ പ്രമാണിച്ചില്ല" എന്നു പറഞ്ഞു.

3. എന്നതു കേട്ടിട്ടു അവർ ക്രോധപരവശന്മാരായി പല്ലു കടിച്ചു; അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വൎഗ്ഗത്തിലേക്കു നോക്കി ദൈവമഹത്വത്തെയും ദൈവത്തിൻെറ വലത്തുഭാഗത്തു യേശു നില്ക്കുന്നതിനെയും കണ്ടു: "ഇതാ സ്വൎഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻെറ വലഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു"

എന്നു പറഞ്ഞു. അപ്പോൾ അവർ ഘോരമായി നിലവിളിച്ചു ചെവികളെ പൊത്തിക്കൊണ്ടു അവന്റെ നേരെ പാഞ്ഞു ചെന്നു അവനെ പിടിച്ചു നഗരത്തിൽനിന്നു പുറത്താക്കി.

സാക്ഷിക്കാർ തങ്ങളുടെ വസ്ത്രങ്ങളെ **ശൌൽ** എന്നൊരു ബാല്യക്കാരന്റെ കൈക്കൽ ഏല്പിച്ചു സ്തെഫനൊസിനെ കല്ലെറിഞ്ഞു. അപ്പോൾ അവൻ:



"കൎത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ!" എന്നു പറഞ്ഞു മുട്ടുകുത്തി: "കൎത്താവേ, ഈ പാപം അവരുടെ മേൽ വെക്കരുതേ" എന്നു മഹാശബ്ദത്തോടെ പ്രാൎത്ഥിച്ചുകൊണ്ടു നിദ്രപ്രാപിച്ചു.

വേദോക്തം.

മരണപൎയ്യന്തം വിശ്വസ്തനാക, എന്നാൽ ഞാൻ ജീവകിരീട
ത്തെ നിണക്കു തരും. വെളിപ്പാടു ൨, ൧൦.

## ൭൩. ഐഥിയോപ്യമന്ത്രിയും തബീഥയും.

(നടപ്പു. വ്യ. ൮.)

1. **ശൌൽ** സ്തെഫനൊസിന്റെ മരണത്തിൽ
പ്രസാദിച്ചതു കൂടാതെ അവൻ വീടുകൾതോറും ചെ
ന്നു ക്രിസ്ത്യാനികളെ പിടിച്ചു തടവിൽ ആക്കി സഭ
യെ നശിപ്പിപ്പാൻ ശ്രമിച്ചു. ഈ ഹിംസയാൽ വി
ശ്വാസികൾ ചിതറിപ്പോയി എല്ലാടവും സഞ്ചരിച്ചു
ദൈവവചനം പ്രസംഗിച്ചു. ശുശ്രൂഷക്കാരനായ ഫി
ലിപ്പൊസ്സ് ശമൎയ്യനഗരത്തിലേക്കു ചെന്നു ക്രിസ്തുവി
നെ ജനങ്ങളോടു ഘോഷിച്ചു, പിശാചു ബാധിച്ചവ
രെയും പലവക ദീനക്കാരെയും സൌഖ്യമാക്കിയ
പ്പോൾ അനേകം ശമൎയ്യക്കാർ വിശ്വസിച്ചു ക്രിസ്ത്യാ
നികളായിത്തീരുകയും പട്ടണത്തിൽ എങ്ങും വലു
തായ സന്തോഷം ഉണ്ടാകയും ചെയ്തു.

2. കുറേകാലം അവിടേ പാൎത്തതിന്റെ ശേഷം
കൎത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു: "നീ
എഴുനീറ്റു, തെക്കോട്ടു പോയി യരുശലേമിൽനിന്നു
**ഗാസെ**ക്കു പോകുന്ന വഴിക്കു ചെല്ലുക" എന്നു കല്പി
ച്ചു. അവൻ കല്പന അനുസരിച്ചു അവിടേക്കു പോ
യി. അപ്പോൾ ഐഥിയോപ്യരാജ്ഞിയുടെ **മന്ത്രി**
**യും** ഭണ്ഡാരവിചാരിപ്പുകാരനുമായ ഒരുത്തൻ യരു
ശലേമിൽ ചെന്നു വന്ദിച്ചു നാട്ടിലേക്കു മടങ്ങിപ്പോക

മ്പോൾ തൻെറ രഥത്തിൽ ഇരുന്നു യശയ്യാ പ്രവാചകൻെറ പുസ്തകം വായിച്ചു കൊണ്ടിരുന്നു.


അപ്പോൾ ഫിലിപ്പൊസ് ആത്മനിയോഗപ്രകാരം രഥത്തോടു ചേൎന്നു നടന്നു മന്ത്രി വായിക്കുന്നതു കേട്ടു: "വായിക്കുന്നതിൻെറ അൎത്ഥം തിരിയുന്നുവോ?" എന്നു ചോദിച്ചപ്പോൾ മന്ത്രി: "തെളിയിച്ചു തരുവാൻ ആളില്ലായ്കയാൽ എങ്ങിനേ മനസ്സിലാകും?" എന്നു പറഞ്ഞു. ഫിലിപ്പൊസിനോടു തേരിൽ കയറി തന്നോടു കൂടെ ഇരിപ്പാൻ അപേക്ഷിച്ചു.

അവൻ വായിച്ചിരുന്ന വേദവാക്യമാവിതു: "**അവനെ ഒരാടിനെ പോലെ കുലെക്കു കൊണ്ടുപോയി, കത്രിക്കാരൻെറ മുമ്പാകേ ശബ്ദിക്കാത്ത ആട്ടിങ്കുട്ടി എന്ന പോലേ അവനും വായി തുറക്കാതെ ഇരുന്നു**". പിന്നെ മന്ത്രി: "പ്രവാചകൻ ആരെ പററി ഇതു പറഞ്ഞു? തന്നെ കുറിച്ചോ മറെറാരുത്തനെ കുറിച്ചോ?" എന്നു ചോദിച്ചു. അപ്പോൾ ഫിലിപ്പൊസ് ആ തിരുവെഴുത്തിൻെറ പൊരുൾ തിരിച്ചു യേശുവിനെ ഘോഷിച്ചു.

പിന്നെ അവർ മുമ്പോട്ടു പോയ്ക്കൊണ്ടിരിക്കുമ്പോൾ വെള്ളമുള്ളൊരു സ്ഥലത്തു എത്തിയ ഉടനെ മന്ത്രി: "ഇതാ, വെള്ളം! എന്നെ സ്നാനപ്പെടുത്തുന്നതിന്നു എന്തു വിരോധം?" എന്നു പറഞ്ഞു. അതിന്നു ഫിലിപ്പൊസ്: "നീ പൂൎണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നെങ്കിൽ ചെയ്യാമല്ലോ" എന്നതിന്നു മന്ത്രി: "യേശുക്രിസ്തു ദൈവപുത്രനാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു" എന്നു പറഞ്ഞു, രഥം നിൎത്തി,

ഇരുവരും വെള്ളത്തിലിറങ്ങി, ഫിലിപ്പൊസ് അവന്നു സ്നാനം കഴിച്ചു.

പിന്നെ അവർ വെള്ളത്തിൽനിന്നു കരേറിയപ്പോൾ കൎത്താവിന്റെ ആത്മാവു ഫിലിപ്പൊസിനെ മറെറാരു ദിക്കിലേക്ക നടത്തി; മന്ത്രിയോ സന്തോഷിച്ചു തന്റെ വഴിക്ക പോകയും ചെയ്തു.



3. അതിന്റെ ശേഷം പത്രൊസ് യഹൂദ ഗലീല ശമൎയ്യ എന്നീ നാട്ടുകളിലെ പുതു ക്രിസ്തീയ സഭകളെ കാണ്മാൻ ചെന്നപ്പോൾ ലിദ്ദപട്ടണത്തിൽ പക്ഷവാതം പിടിച്ചു എട്ടുവൎഷം കിടപ്പിലായിരുന്ന ഐനെ

**യാസ്** എന്ന ശിഷ്യനെ സൌഖ്യമാക്കി. ഈ കാൎയ്യം പ്രസിദ്ധമായപ്പോൾ വളരേ ആളുകൾ കൎത്താവിങ്കലേക്കു തിരിഞ്ഞു വിശ്വസിക്കയും ചെയ്തു. അന്നു യോപ്പാവിൽ പേടമാൻ എന്നൎത്ഥമുള്ള **തബിഥ** എന്ന പേരോടെ ഒരു ശിഷ്യ ഉണ്ടായിരുന്നു; അവൾ വളരെ ഭിക്ഷാദി സൽക്രിയകൾ ചെയ്തുപോന്നിരുന്ന ഒരുത്തിയായിരുന്നു. ആ നാളുകളിൽ അവൾ രോഗം പിടിച്ചു മരിച്ചു. അവർ അവളെ കുളിപ്പിച്ചു മാളികമുറിയിൽ കിടത്തി. പിന്നെ ലിദ്ദ യോപ്പാവിന്നു സമീപമാകയാൽ പത്രൊസ് അവിടേ ഉണ്ടു എന്നു ശിഷ്യന്മാർ അറിഞ്ഞു രണ്ടു പുരുഷന്മാരെ പറഞ്ഞയച്ചു "താമസിക്കാതെ ഇങ്ങോട്ടുവരേണം" എന്നു അപേക്ഷിച്ചു. പത്രൊസ് എഴുനീററു അവരോടു കൂട പോയി യോപ്പാവിൽ എത്തി. ഉടനെ അവർ അവനെ മാളികമുറിയിൽ കയററി. അവിടെ പല വിധവമാർ വന്നു തബിഥ എന്നവൾ കൂടെ ഉള്ളപ്പോൾ അവൎക്കു ഉണ്ടാക്കിക്കൊടുത്ത കുപ്പായങ്ങളും വസ്ത്രങ്ങളും എല്ലാം കാണിച്ചു കരഞ്ഞുകൊണ്ടിരുന്നു. അപ്പോൾ പത്രൊസ് മുട്ടുകുത്തി പ്രാൎത്ഥിച്ചു, ശവത്തിന്റെ നേരെ തിരിഞ്ഞു: "തബിഥയേ, എഴുന്നീല്ക്കു!" എന്നു പറഞ്ഞു. ഉടനെ അവൾ കണ്ണു തുറന്നു പത്രൊസിനെ കണ്ടു നിവിൎന്നിരുന്നു, അവൻ കൈകൊടുത്തു അവളെ എഴുന്നീല്പിച്ചു. വിശുദ്ധരെയും വിധവമാരെയും വിളിച്ചു അവളെ ജീവനുള്ളവളായി നിറുത്തി കാണിച്ചു. ആയതു യോപ്പാവിൽ എങ്ങും പ്രസിദ്ധമായതിനാൽ പലരും കൎത്താവിൽ വിശ്വസിച്ചു.

വേദോക്തം.

ക്രിസ്തുവിന്റെ സുവിശേഷത്തിൽ എനിക്ക ലജ്ജ ഇല്ലല്ലോ; എന്തെന്നാൽ അതു വിശ്വസിക്കുന്നവന്നൊക്കയും രക്ഷെക്കായ ദൈവശക്തിയാകുന്നു. റോമർ ൧, ൧൬.

---


## ൭൭. ശൌലിന്റെ മാനസാന്തരം.

(നടപ്പു. ൯.)

1. ശൌൽ കൎത്താവിന്റെ ശിഷ്യന്മാരെ ഹിംസിച്ചു വധിപ്പാൻ ഉത്സാഹിച്ചു, മഹാപുരോഹിതന്റെ അടുക്കൽ ചെന്നു ദമസ്കോസിലെ ക്രിസ്തുമാൎഗ്ഗക്കാരെ പിടിച്ചു യരുശലേമിലേക്ക കൊണ്ടുവരുവാൻ തക്കവണ്ണം ആ പട്ടണത്തിലേ മൂപ്പന്മാൎക്ക കാണിക്കേണ്ടതിന്നു അവൻ ഒരു എഴുത്തു വാങ്ങി യാത്രയായി.

അവൻ ദമസ്കോസിന്റെ സമീപത്തെത്തിയപ്പോൾ പെട്ടെന്നു ആകാശത്തിൽനിന്നു ഒരു വെളിച്ചം അവനെ ചുററി പ്രകാശിച്ചു, അവൻ നിലത്തു വീണു: “ശൌലേ, ശൌലേ, നീ എന്തിന്നു എന്നെ ഉപദ്രവിക്കുന്നു?” എന്നു പറയുന്നോരു ശബ്ദം കേട്ടു. “കൎത്താവേ, നീ ആരാകുന്നു?” എന്നു ചോദിച്ചപ്പോൾ, “**നീ ഉപദ്രവിക്കുന്ന യേശു തന്നേ**; മുള്ളിന്റെ നേരെ ഉതെക്കുന്നതു നിണക്ക വിഷമമുള്ളതാകും. എന്നാൽ നീ ഇപ്പോൾ എഴുന്നീററു നഗരത്തിലേക്ക പോക; നീ ചെയ്യേണ്ടുന്നതൊക്കയും അവിടെ വെച്ചു നിന്നോടു പറയും” എന്നു കല്പിച്ചു. അപ്പോൾ അവൻ എഴുന്നീററു കണ്ണുകളെ തുറന്നു എങ്കിലും ഒന്നും കാണ്മാൻ കഴിഞ്ഞില്ല. കൂടെയുള്ള

വർ അവനെ താങ്ങി പട്ടണത്തിലേക്കു കൂട്ടിക്കൊണ്ടു പോയി. പിന്നേ അവൻ മൂന്നു ദിവസം കണ്ണു കാണാതെയും ഒന്നും ഭക്ഷിക്കാതെയും കുടിക്കാതെയും ഇരുന്നു.



2. പിന്നെ കൎത്താവു **അനന്ന്യാസ്** എന്ന ശിഷ്യനോടു ഒരു ദൎശനത്തിൽ കല്പിച്ചു: "എഴുന്നീററു യഹൂദാ എന്നവൻെറ ഭവനത്തിൽ ചെന്നു തൎസ്സുകാരനായ ശൌലിനെ അന്വേഷിക്ക. കണ്ടാലും അവൻ പ്രാൎത്ഥിക്കുന്നു. അത്രയുമല്ല അനന്ന്യാസ് എന്നൊരാൾ തൻെറ അടുക്കൽ വരുന്നതും തനിക്കു കാഴ്ച ലഭിക്കേണ്ടതിന്നു തന്മേൽ കൈകളെ വെക്കുന്നതും ദൎശനത്തിൽ കണ്ടിരിക്കുന്നു".

അതു കേട്ടു അനന്ന്യാസ്: "കൎത്താവേ, ആ മനുഷ്യൻ യരുശലേമിൽവെച്ചു നിൻെറ പരിശുദ്ധന്മാൎക്കു വളരെ കഷ്ടങ്ങളെ വരുത്തി എന്നും ഇവിടെയും നി

ൻെറ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും പിടിച്ചു ബന്ധിപ്പാൻ മഹാപുരോഹിതരുടെ അധികാരത്തോടു കൂടെ വന്നിരിക്കുന്നു എന്നും ഞാൻ കേട്ടിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ കൎത്താവു: "നീ പോക; എൻെറ നാമം പുറജാതികൾക്കും രാജാക്കന്മാൎക്കും ഇസ്രയേൽ പുത്രന്മാൎക്കും അറിയിക്കേണ്ടതിന്നു ഇവൻ എനിക്കായി തെരിഞ്ഞെടുക്കപ്പെട്ട പാത്രം ആകുന്നു. എൻെറ നാമം നിമിത്തം എന്തെല്ലാം കഷ്ടങ്ങൾ അനുഭവിക്കേണം എന്നു ഞാൻ അവന്നു കാണിക്കും" എന്നു പറഞ്ഞു.

അപ്പോൾ അനന്യാസ് ശൌൽ താമസിച്ചിരുന്ന വീട്ടിൽ ചെന്നു അവന്മേൽ കൈകളെ വെച്ചു: "പ്രിയ സഹോദരനായ ശൌലേ, നീ കാഴ്ചയെയും പരിശുദ്ധാത്മദാനത്തെയും പ്രാപിപ്പാന്തക്കവണ്ണം കൎത്താവു എന്നെ അയച്ചിരിക്കുന്നു" എന്നു പറഞ്ഞ ഉടനെ അവൻ കാഴ്ച പ്രാപിച്ചു എഴുനീറ്റു സ്നാനപ്പെട്ടു ഭക്ഷിച്ചു ആശ്വസിച്ചു. അന്നു തുടങ്ങി ശൌൽ ദമസ്കോസിലും യരുശലേമിലും യേശുക്രിസ്തു ദൈവപുത്രനാകുന്നു എന്നു ധൈൎയ്യത്തോടെ ഘോഷിച്ചറിയിച്ചു. പിന്നെ യഹൂദന്മാർ അവനെ കൊല്ലുവാൻ അന്വേഷിച്ചതുകൊണ്ടു ശിഷ്യന്മാർ അവനെ തൻെറ പിതൃനഗരമായ തൎസ്സിലേക്കു അയച്ചു വിട്ടു.

### വേദോക്തം.

ബാല്യത്തിലെ എൻ പാപങ്ങളെയും എൻ ദ്രോഹങ്ങളെയും ഓൎക്കാതെ നിൻെറ നന്മനിമിത്തം, യഹോവേ, നിൻ ദയപ്രകാരം എന്നെ ഓൎത്തുകൊൾക. സങ്കീ. ൨൫, ൭.

## ൭൫. ശതാധിപനായ കൊൎന്നേല്യൊസ്.

(നടപ്പ. ൧൦.)

1. യഹൂദദേശത്തു കൈസയ്യ എന്ന പട്ടണത്തിൽ റോമപട്ടാളനായകനായ കൊൎന്നേല്യൊസ് എന്ന ഒരാൾ ഉണ്ടായിരുന്നു. അവൻ തന്റെ കുഡുംബത്തോടും കൂടെ ദൈവത്തെ ഭയപ്പെട്ടു, ദരിദ്രന്മാൎക്കു വളരെ ധൎമ്മം ചെയ്തു എപ്പോഴും പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. ഒരുദിവസം മൂന്നാം മണിനേരത്തു പ്രാൎത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദൈവദൂതൻ പ്രത്യക്ഷനായി അവനോടു: "കൊൎന്നേല്യൊസേ, നിന്റെ പ്രാൎത്ഥനകളും ധൎമ്മങ്ങളും ദൈവം അറിഞ്ഞിരിക്കുന്നു; യോപ്പാ നഗരത്തിലേ ഒരു തോൽപണിക്കാരനായ ശീമോന്റെ വീട്ടിൽ പാൎത്തുവരുന്ന ശീമോൻ പത്രൊസിനെ വരുത്തുക; നീ ചെയ്യേണ്ടുന്നതൊക്കയും അവൻ നിന്നോടു പറയും" എന്നു കല്പിച്ചു മറകയും ചെയ്തു.

2. അപ്പോൾ കൊൎന്നേല്യൊസ് ദൂതന്റെ കല്പനപ്രകാരം തന്റെ വീട്ടുകാരിൽ മൂന്നു പേരെ യോപ്പാ നഗരത്തിലേക്കു അയച്ചു. പിറേറന്നാൾ ഉച്ചസമയത്തു ഭക്ഷണം കഴിക്കും മുമ്പേ പത്രൊസ് വീട്ടിൻമുകളിൽ കയറി പ്രാൎത്ഥിച്ചതിൽ പിന്നെ വിശന്നു ഭക്ഷിപ്പാനാഗ്രഹിച്ചപ്പോൾ അവന്നു ഒരു ദൎശനമുണ്ടായി. ആകാശത്തിൽനിന്നു നാലു കോണും കെട്ടിയ തുപ്പട്ടിപോലെയുള്ളൊരു പാത്രം തന്റെ അരികിൽ ഇറങ്ങുന്നതും അതിന്റെ അകത്തു സകല വിധമായ പശു പക്ഷി മൃഗാദിജന്തുക്കൾ ഉള്ളതും കണ്ടു: "പത്രൊസേ, നീ എഴുനീററു അറുത്തു ഭക്ഷിക്ക!"

എന്നൊരു ശബ്ദവും കേട്ടു. അപ്പോൾ അവൻ: "അയ്യോ, കൎത്താവേ, അശുദ്ധമായുള്ളതൊന്നും ഞാൻ ഒരു നാളും ഭക്ഷിച്ചിട്ടില്ല" എന്നു പറഞ്ഞു: "ദൈവം ശുദ്ധമെന്നു കല്പിച്ചതു നീ അശുദ്ധമെന്നു വിചാരിക്കരുതു" എന്നിങ്ങിനേ മൂന്നുവട്ടം ദൈവകല്പന ഉണ്ടായശേഷം ആ പാത്രം ആകാശത്തിലേക്കു എടുത്തുകൊള്ളപ്പെട്ടു.

ഈ ദൎശനത്തിൻെറ അൎത്ഥം എന്തെന്നു പത്രൊസ് വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ കൊൎന്നേല്യൊസ് അയച്ച ആളുകൾ വീട്ടിൽ എത്തി. "പത്രൊസ് എന്നവൻ ഇവിടെയോ പാൎക്കുന്നതു?" എന്നു ചോദിച്ചു. കൎത്താവിൻെറ ആത്മാവു പത്രൊസിനോടു: "ഇതാ മൂന്നാൾ നിന്നെ അന്വേഷിക്കുന്നു; നീ സംശയിക്കാതെ അവരോടു കൂടപ്പോക; ഞാൻ തന്നേയാകുന്നു അവരെ അയച്ചതു" എന്നു കല്പിച്ചു. ഉടനേ അവൻ ഇറങ്ങി ആ മൂന്നുപേരെ കണ്ടു: "നിങ്ങൾ അന്വേഷിക്കുന്നവൻ ഞാൻ തന്നേ; വന്ന സംഗതി എന്തു?" എന്നു ചോദിച്ചപ്പോൾ അവർ യജമാനൻെറ അവസ്ഥ ബോധിപ്പിച്ചു. പത്രൊസ് അവരെ ആ രാത്രിയിൽ അവിടെ പാൎപ്പിച്ചു. പിറേറന്നു ഉഷസ്സിങ്കൽ എഴുന്നീററു അവരോടും മററു ആറു സഹോദരന്മാരോടും കൂട പുറപ്പെട്ടു, രണ്ടാം ദിവസം കൈസൎയ്യപട്ടണത്തിൽ എത്തുകയും ചെയ്തു.

3. വീട്ടിൽ പ്രവേശിച്ചപ്പോൾ കൊൎന്നേല്യൊസ് എതിരേററു അവൻെറ കാല്ക്കൽ വീണു വന്ദിച്ചപ്പോൾ: "ഇതരുതു, എഴുന്നീല്ക്ക, ഞാനും ഒരു മനുഷ്യനാകുന്നു" എന്നു പത്രൊസ് പറഞ്ഞു അ

വനെ എഴുന്നീല്പിച്ചു. പിന്നെ കൊൎന്നേല്യോസ് വരുത്തിയ ബന്ധുജനങ്ങളെയും ചങ്ങാതികളെയും കണ്ടപ്പോൾ പത്രൊസ്: "അന്യജാതിക്കാരോടു ചേൎന്നുകൊള്ളുന്നതും അടുക്കേ വരുന്നതും യഹൂദന്മാൎക്ക ന്യായമല്ലല്ലോ, എങ്കിലും യാതൊരു മനുഷ്യനെയും നിന്ദ്യനെന്നും അശുദ്ധനെന്നും വിചാരിക്കരുതു എന്നു ദൈവം എനിക്ക കാണിച്ചതുകൊണ്ടു നീ അയച്ച ആളുകളോടു കൂട ഞാൻ സംശയിക്കാതെ പുറപ്പെട്ടു വന്നു. എന്തുകാൎയ്യത്തിന്നായി നീ എന്നെ വരുത്തി?" എന്നു ചോദിച്ചു.

അപ്പോൾ കൊൎന്നേല്യോസ് ദൈവദൂതൻ പ്രത്യക്ഷനായതും തന്നോടു പറഞ്ഞിട്ടുള്ളതൊക്കയും വിവരമായി അറിയിച്ച ശേഷം പത്രൊസ്: "ദൈവം പക്ഷഭേദക്കാരനല്ല, എല്ലാ ജാതികളിലും അവനെ ഭയപ്പെട്ടു അവൻെറ ഇഷ്ടത്തെ പ്രവൃത്തിക്കുന്നവനെ കൈക്കൊള്ളുന്നു എന്നു ഞാൻ യഥാൎത്ഥമായി ഗ്രഹിക്കുന്നു" എന്നു പറഞ്ഞു യേശുവെക്കൊണ്ടുള്ള സുവിശേഷത്തെ പ്രസംഗിച്ചു.

വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു ഇറങ്ങിവന്നു, അവർ പല ഭാഷകളിലും സംസാരിച്ചു, ദൈവത്തെ സ്തുതിച്ചതു വിശ്വാസമുള്ള യഹൂദർ കണ്ടാറെ: "ജാതികൾക്കും കൂട പരിശുദ്ധാത്മദാനം ലഭിക്കുന്നു" എന്നു പറഞ്ഞു വിസ്മയിച്ചു. ഇങ്ങിനെ സംഭവിച്ചതു പത്രൊസ് കണ്ടപ്പോൾ: "ഞങ്ങളെ പോലെ പരിശുദ്ധാത്മാവിനെ ലഭിച്ച ഇവൎക്ക തിരുസ്നാനം കഴിക്കുന്നതിന്നു വെള്ളം വിരോധിക്കുന്നവനാർ?" എന്നു പറഞ്ഞു. അവൎക്കെല്ലാവൎക്കും

കൎത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം കഴിപ്പാൻ കല്പിച്ചു; അവരുടെ അപേക്ഷപ്രകാരം ചിലദിവസം അവരോടു കൂട പാൎക്കയും ചെയ്തു.

ഇവർ ജാതികളിൽനിന്നു ആദ്യഫലമായിട്ടു ക്രിസ്തുസഭയിൽ ചേൎന്നവരത്രെ.

വേദോക്തം.

ക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ട നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ഉടുത്തു. നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിങ്കൽ ഒന്നാകുന്നുവല്ലൊ. ഗലാ. ൩, ൨൭. ൨൮.

---

## ൮൩. പത്രൊസിനെ തടവിൽനിന്നു വിടുവിച്ചതു.

(നടപ്പു. ൧൨.)

1. ഹെരോദാ അഗ്രിപ്പാരാജാവു യോഹന്നാൻെറ സഹോദരനായ **യാക്കോബിനെ** വാളുകൊണ്ടു കുലചെയ്തു. അതു യഹൂദന്മാൎക്കു വളരേ ഇഷ്ടമായി എന്നു കണ്ടപ്പോൾ **പത്രൊസിനെയും** പിടിച്ചു തടവിൽ ആക്കി പെസഹപ്പെരുന്നാൾ കഴിഞ്ഞശേഷം അവനെയും കൊല്ലുവാൻ വിചാരിച്ചു. പത്രൊസ് ഇങ്ങിനെ തടവിലായ സമയം സഭ മുഴുവനും ഇടവിടാതെ അവന്നു വേണ്ടി പ്രാൎത്ഥിച്ചു.

2. അവൻെറ വധത്തിന്നായി നിശ്ചയിച്ച ദിവസത്തിന്നു മുമ്പേത്ത രാത്രിയിൽ അവൻ രണ്ടു ചങ്ങലയാൽ ബന്ധിക്കപ്പെട്ടവനായി രണ്ടു പട്ടാളക്കാരുടെ നടുവിൽ ഉറങ്ങുകയായിരുന്നു. വാതിലിൻെറ പുറ

ത്തും കാവല്ക്കാർ ഉണ്ടായിരുന്നു. പെട്ടെന്നു കാരാഗൃഹത്തിൽ ഒരു പ്രകാശമുണ്ടായി; കൎത്താവിന്റെ ദൂതൻ പേത്രന്റെ അരികേ ചെന്നു, അവനെ തട്ടി ഉണൎത്തി, "വേഗം എഴുന്നീല്ക്ക" എന്നു പറഞ്ഞു. ഉടനേ അവന്റെ ചങ്ങലകൾ അഴിഞ്ഞു വീണു. ദൈവദൂതൻ അവനോടു: "നീ അരകെട്ടി ചെരിപ്പിട്ടു, നിന്റെ വസ്ത്രം പുതെച്ചു, എന്റെ പിന്നാലെ വരിക!" എന്നു കല്പിച്ചു, അവനെ കാവല്ക്കാരുടെ നടുവിൽ കൂടി കടത്തിക്കൊണ്ടുപോയി. നഗരത്തിലേക്ക പോകുന്ന ഇരിമ്പുവാതില്ക്കൽ വന്നപ്പോൾ അതു തന്നാലെ തുറന്നു. അവിടെ നിന്നു അവർ പുറപ്പെട്ടു ഒരു തെരുവിലൊത്തിയപ്പോൾ ദൈവദൂതൻ മറഞ്ഞു പോയി. ഈ സംഭവിച്ചതൊക്കയും പത്രൊസിന്നു ഒരു സ്വപ്നംപോലെ തോന്നി. സുബോധം വന്നപ്പോൾ: "കൎത്താവു തന്റെ ദൂതനെ അയച്ചു എന്നെ ഹെരോദാവിന്റെ കയ്യിൽനിന്നു വിടുവിച്ചു സത്യം" എന്നു പറഞ്ഞു.

3. ഉടനേ യോഹന്നാൻ എന്നു മറുനാമമുള്ള മാൎക്കൊസിന്റെ വീട്ടിലേക്ക ചെന്നു. അവിടേ പലരും കൂടി പ്രാൎത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൻ പടിപ്പുരവാതിലിന്നു മുട്ടിയപ്പോൾ: "ഒരു പണിക്കാരത്തി പുറത്തുചെന്നു പത്രൊസിന്റെ ശബ്ദം കേട്ട ഉടനെ സന്തോഷാധിക്യം നിമിത്തം പടിവാതിൽ തുറക്കാതെ അകത്തുചെന്നു: "പത്രൊസ് വന്നിട്ടുണ്ടു" എന്നറിയിച്ചു അവർ വിശ്വസിച്ചില്ല. പത്രൊസ് പിന്നെയും മുട്ടിക്കൊണ്ടിരുന്നപ്പോൾ അവർ ചെന്നു വാതിൽ തുറന്നു, അവനെ കണ്ടു വിസ്മയിച്ചു. അ

പ്പോൾ മിണ്ടാതെ ഇരിക്കേണ്ടതിന്നു പത്രൊസ് ആംഗികം കാട്ടി, കൎത്താവു അവനെ തടവിൽനിന്നു വിട്ടുവിച്ച വിവരം അറിയിച്ചു. “ഇക്കാൎയ്യം യാക്കോബിന്നും സകല സഹോദരന്മാൎക്കും അറിയിക്കേണം” എന്നു പറഞ്ഞു, അവൻ അവിടം വിട്ടു വേറെ ഒരു സ്ഥലത്തു പോയി പാൎത്തു.

പിറേറനാൾ പത്രൊസ് തടവിൽനിന്നു പോയിക്കളഞ്ഞു എന്നു രാജാവു അറിഞ്ഞപ്പോൾ കാവല്ക്കാരെ കൊല്ലുവാൻ കല്പിച്ചു.

### വേദോക്തം.

അന്യോന്യം പകൎന്നു പ്രാൎത്ഥിപ്പിൻ; നീതിമാന്റെ സാദ്ധ്യകരമായ യാചന വളരേ ഫലിക്കുന്നു. യാക്കോബ് ൫, ൧൬.

---

## ൪൭. പൌൽ അന്ത്യോക്യയിലും ലുസ്ത്രയിലും പ്രവൃത്തിച്ചതു.

(നടപ്പു. ൧൧. ൧൪. ൧൫. ൧൬. ൨ തിമോ. ൧.)

1. സുറിയ നാട്ടിലെ അന്ത്യോക്യ പട്ടണത്തിൽ ചിതറിപ്പോയ ശിഷ്യരുടെ പ്രവൃത്തിയാൽ ഒരു ക്രിസ്തീയസഭ ഉളവായിവന്നു. അവരിൽ കൎത്താവിന്റെ വേല നടത്താൻ തക്കവണ്ണം യരുശലേമിലെ അപ്പോസ്തലന്മാർ ബൎന്നബാവിനെ അങ്ങോട്ടയച്ചു. അവൻ തൎസ്സിൽനിന്നു ശൌലിനെ തന്റെ സഹായകനായിട്ടു കൂട്ടിക്കൊണ്ടുപോയി. അവർ അവിടെ ഒരു കൊല്ലത്തിൽ അധികം വളരെ അനുഗ്രഹത്തോടുകൂടെ സുവിശേഷവേലയെ നടത്തി. ഈ അന്ത്യോ

ക്യയിൽ വെച്ചാകുന്നു യേശുവിൻെറ ശിഷ്യൎക്കു ക്രിസ്ത്യാനികൾ എന്നു പേർ ഒന്നാമത്തു കിട്ടിയതു.


അങ്ങിനെ പ്രവൃത്തിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവു: "ബൎന്നബാ ശൌൽ എന്നവരെ ഞാൻ വിളിച്ചാക്കിയ വേലെക്കായിട്ടു അവരെ വേർതിരിപ്പിൻ!" എന്നു കല്പിച്ചു.

2. ആ കല്പന അനുസരിച്ചു ബൎന്നബാവും ശൌൽ എന്നു മറുനാമമുള്ള പൌലും തങ്ങളുടെ ഒന്നാം ഘോഷണയാത്രെക്കായി പുറപ്പെട്ടു. അവർ കുപ്രദ്വീപിലൂടെ സഞ്ചരിച്ചു ചിററാസ്യയിലേക്കു ചെന്നു. ആ പ്രദേശങ്ങളിൽ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോൾ അവർ ലുസ്ത്രാപട്ടണത്തിൽ ചെന്നു സുവിശേഷം പ്രസംഗിച്ചു. അവിടേ വെച്ചു ജനനം മുതൽ മുടന്തനായ ഒരു മനുഷ്യൻ പൌലിൻെറ പ്രസംഗം ശ്രദ്ധയോടെ കേട്ടു; പൌൽ അവനെ സൂക്ഷിച്ചു നോക്കി അവന്നു വിശ്വാസമുണ്ടെന്നു കണ്ടു! "നീ എഴുന്നീററു നടക്ക" എന്നു തിണ്ണം വിളിച്ചു കല്പിച്ചു ഉടനെ അവൻ എഴുന്നീററു നടന്നു.

പൌൽ ചെയ്ത ഇക്കാൎയ്യം ജനങ്ങൾ കണ്ടപ്പോൾ: "ദേവന്മാർ മനുഷ്യരൂപം ധരിച്ചു നമ്മുടെ അടുക്കൽ ഇറങ്ങി വന്നു" എന്നു പറഞ്ഞു. പിന്നെ ദേവേന്ദ്രക്ഷേത്രത്തിലേ ആചാൎയ്യൻ കാളകളെയും പൂമാലകളെയും കൊണ്ടുവന്നു ജനങ്ങളോടു കൂട ബലി കഴിപ്പാൻ ഭാവിച്ചു.

അപ്പോൾ ബൎന്നബാവും പൌലും തങ്ങളുടെ വസ്ത്രം കീറി ജനങ്ങളുടെ ഇടയിലേക്കു ഓടിച്ചെന്നു: "അല്ലയോ പുരുഷന്മാരേ! നിങ്ങൾ എന്തിന്നു ഇ

കാൎയ്യം ചെയ്യുന്നു? ഞങ്ങളും നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യരാകുന്നു, നിങ്ങൾ ഈ വ്യൎത്ഥകാൎയ്യങ്ങളെ വിട്ടു ആകാശ ഭൂമി സമുദ്രങ്ങളെയും അവററിലുള്ള സകലത്തെയും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിലേ




ക്കു തിരിഞ്ഞുകൊള്ളേണമെന്നു നിങ്ങളോടു പറയുന്നു" എന്നു ഉറക്കെ വിളിച്ചു പറഞ്ഞു അവരെ പ്രയാസത്തോടെ ബലി കഴിക്കാതവണ്ണം തടുത്തു.

പിന്നെ **അന്ത്യോക്യയിൽ**നിന്നും **ഇക്കോന്യയിൽ**നിന്നും യഹൂദന്മാർ അവിടേക്കു വന്നു ജനങ്ങളെ വശീകരിച്ചു പൌലിനെ കല്ലെറിഞ്ഞു. അവൻ മരിച്ചു എന്നു വിചാരിച്ചു പട്ടണത്തിൽനിന്നു ഇഴെച്ചു പുറത്തുകൊണ്ടുപോയി. എന്നാൽ ശിഷ്യന്മാർ അവനെ ചുററി നില്ക്കുമ്പോൾ അവൻ എഴുന്നീററു

നഗരത്തിലേക്ക ചെന്നു. പിറേറ ദിവസം ബൎന്ന ബാവോടു കൂടി ദെൎബ്ബെക്കു യാത്രയായി അവിടേയും സുവിശേഷം പ്രസംഗിച്ചു പലരെയും ശിഷ്യന്മാരാക്കുകയും ചെയ്തു.

3. ആ സമയത്തു തിമൊത്ഥ്യോസ് എന്ന ബാല്യക്കാരൻ മനസ്സു തിരിഞ്ഞു ക്രിസ്തുവിൽ വിശ്വസിച്ചു. ദൈവഭക്തിയുള്ള അമ്മയും മൂത്തച്ചിയും അവനെ ചെറുപ്പം മുതൽ ദൈവവചനം പഠിപ്പിച്ചു. പിന്നേ



ത്തതിൽ അവൻ പൌലപ്പൊസ്തലന്റെ അടുത്ത സ്നേഹിതനും സഹപ്രവൃത്തിക്കാരനുമായിത്തീൎന്നു.

4. പിന്നേ യാത്രയിൽനിന്നു തിരിച്ചുപോകുമ്പോൾ പൌൽ താൻ സ്ഥാപിച്ച സഭകളെ ചെന്നു കണ്ടു അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും നാം ദൈവരാജ്യത്തിൽ വളരേ ക്ലേശങ്ങളിൽ കൂടി പ്രവേശിക്കേണ്ടതാകുന്നു എന്നു പ്രബോധിപ്പിക്കയും ചെയ്തു. സഭകളിൽ എങ്ങും മൂപ്പന്മാരെ നിശ്ചയി

ച്ച ശേഷം അവർ സുറിയായിലേ അന്ത്യോക്യയിലേക്ക മടങ്ങി ചെന്നു; ദൈവം പുറജാതിക്കാൎക്ക വിശ്വാസ വാതിലിനെ തുറന്നു എന്നു സന്തോഷത്തോടെ സഭ ക്കാരോടു അറിയിക്കുകയും ചെയ്തു.

വേദോക്തം.

കഴിഞ്ഞ തലമുറകളിൽ അവൻ എല്ലാജാതികളെയും താന്താങ്ങ ളുടെ വഴികളിൽ നടപ്പാൻ സമ്മതിച്ചു; എങ്കിലും വാനത്തിൽനിന്നു മഴകളും ഫലപുഷ്ടിയുള്ള സമയങ്ങളും തന്നും ആഹാരം മുതലായ ഭോഗങ്ങളാൽ നിങ്ങളുടെ ഹൃദയങ്ങളെ പുഷ്ടമാക്കിക്കൊണ്ടും നന്മ ചെയ്യുന്നതിനാൽ തന്നെത്താൻ സാക്ഷികൂടാതെ വിട്ടിട്ടില്ല. നടപ്പ്. ൧൪, ൧൬. ൧൭.

---

## ൩൮. ലുദിയയും കാരാഗൃഹപ്രമാണിയും.

(നടപ്പ്. ൧൬.)

1. പൌൽ തന്റെ രണ്ടാം ഘോഷണയാത്രയിൽ **ശീലാസു**മായി ചിററാസ്യയിൽ കൂടി സഞ്ചരിച്ചു ത്രോവാസ് പട്ടണത്തിൽ എത്തിയപ്പോൾ ഒരു ദൎശ നത്തിൽ മക്കെദോന്യക്കാരനായ ഒരുവൻ: "നീ **മക്കെദോന്യ**യിലേക്കു കടന്നു വന്നു ഞങ്ങൾക്കു സഹായിക്കേണം" എന്നു പറയുംപ്രകാരം കേട്ടു മക്കെ ദോന്യക്കു ചെല്ലേണം എന്നു കൎത്താവാവശ്യപ്പെടുന്നു എന്നറിഞ്ഞു അവർ അവിടേക്കു യാത്രയായി.

ഫിലിപ്പിപട്ടണത്തിൽ എത്തി ശബ്ബത്തുദിവസ ത്തിൽ നഗരത്തിന്റെ പുറത്തു യഹൂദന്മാർ പ്രാൎത്ഥി ക്കുന്ന സ്ഥലത്തു ചെന്നു. ചിലസ്ത്രീകൾ കൂടിയപ്പോൾ പൌൽ ദൈവവചനത്തെ അവരോടു അറിയിച്ചു.

അപ്പോൾ അവൻ പറയുന്ന കാൎയ്യങ്ങളെ താല്പൎയ്യമായി കേൾക്കേണ്ടതിന്നു കൎത്താവു ധിയത്തീരക്കാരത്തിയായ ലുദിയാ എന്നവളുടെ ഹൃദയം തുറന്നു. പിന്നെ അവളും കുഡുംബവും തിരുസ്നാനം കൈക്കൊണ്ട ശേഷം, അപ്പൊസ്തലരോടു തൻെറ വീട്ടിൽ വന്നു പാൎപ്പാൻ അപേക്ഷിച്ചു.

2. അവിടെ വെച്ചു പൌൽ ഒരു മന്ത്രവാദിനിയുടെ ദുരാത്മാവിനെ പുറത്താക്കിയപ്പോൾ അവളുടെ യജമാനന്മാർ: "നമ്മുടെ ലാഭം പോയല്ലോ" എന്നു വിചാരിച്ചു കോപിച്ചു, അപ്പൊസ്തലന്മാരെ പിടിച്ചു അധികാരികളുടെ അടുക്കലേക്കു വലിച്ചു കൊണ്ടു പോയി: "ഇവർ ഒരു പുതുവേദം ഉപദേശിക്കുന്നു" എന്നു അന്യായം ബോധിപ്പിച്ചപ്പോൾ അധികാരികൾ അവരുടെ വസ്ത്രങ്ങളെ അഴിച്ചു വളരെ അടിപ്പിച്ചശേഷം തടവിൽ ആക്കി.

അൎദ്ധരാത്രിയിൽ പൌലും ശീലാസും പ്രാൎത്ഥിച്ചു. വേദനകളെ വിചാരിയാതെ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുമ്പോൾ ഉടനേ ഒരു ഭൂകമ്പമുണ്ടായി, കാരാഗൃഹത്തിൻെറ അടിസ്ഥാനങ്ങൾ ഇളകി, വാതിലുകൾ തുറന്നു, എല്ലാവരുടെ ചങ്ങലകളും അഴിഞ്ഞു വീണു. എന്നാറെ കാരാഗൃഹപ്രമാണി ഉണൎന്നു വാതിലുകൾ ഒക്ക തുറന്നതു കണ്ടപ്പോൾ തടവുകാർ എല്ലാവരും പോയ്ക്കളഞ്ഞു എന്നു വിചാരിച്ചു തൻെറ വാളൂരി തന്നെത്താൻ വെട്ടി മരിപ്പാൻ പുറപ്പെട്ടു; അപ്പോൾ: "നീ നിണക്കൊരു ദോഷവും ചെയ്യരുതു; ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ!" എന്നു പൌൽ ഉറക്കെ വിളിച്ചു പറഞ്ഞതു കേട്ടു, അ

വൻ ഒരു വിളക്കു വരുത്തി അകത്തേക്കു ഓടിച്ചെന്നു വിറെച്ചുംകൊണ്ടു അപ്പൊസ്തലന്മാരുടെ മുമ്പിൽ വീണു അവരെ പുറത്തു കൊണ്ടുവന്നു: "പ്രിയ കൎത്താക്കന്മാരേ, രക്ഷെക്കായി ഞാൻ എന്തു ചെയ്യേണ്ടു!" എന്നു ചോദിച്ചു: കൎത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക; എന്നാൽ നിണക്കും നിന്റെ കുഡുംബത്തിന്നും രക്ഷ ഉണ്ടാകും" എന്നു പൌൽ പറഞ്ഞു. പിന്നെ അവൻ അവരെ രാത്രിയിൽ തന്നേ തന്റെ വീട്ടിലേക്കു കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി തന്റെ കുഡുംബത്തോടു കൂട സ്നാനപ്പെട്ടു, തനിക്കും കുഡുംബത്തിന്നും രക്ഷ വന്നതിനാൽ സന്തോഷിക്കയും ചെയ്തു.

പിറേറനാൾ അധികാരികൾ കാൎയ്യം അറിഞ്ഞപ്പോൾ അപ്പൊസ്തലന്മാരുടെ അടുക്കെ വന്നു സാമവാക്യങ്ങളെ പറഞ്ഞു വിട്ടയക്കയും ചെയ്തു.

വേദോക്തം.

ഭയത്തോടും വിറയലോടും നിങ്ങളുടെ രക്ഷയെ അനുഷ്ഠിപ്പിൻ! ഫിലി. ൨, ൧൨.

---

## ൬൯. പൌൽ അഥേന കൊരിന്ത് എഫേസുസ് എന്നീ പട്ടണങ്ങളിൽ സുവിശേഷം പ്രസംഗിച്ചതു.

(നടപ്പു. ൧൭. ൧൮.)

1. അനന്തരം പൌൽ ഫിലിപ്പിപട്ടണത്തെ വിട്ടു തെസ്സലൊനീക്കയിലും ബരോയയിലും കൂടി അഥേനയിൽ ചെന്നു തിമോത്ഥ്യോസിനെയും

ശീലാസിനേയും കാത്തിരുന്നു. നഗരം വിഗ്രഹങ്ങളെകൊണ്ടു നിറഞ്ഞിരിക്കുന്നതു കണ്ടു വളരെ വിഷാദിച്ചു, ദിവസംതോറും യഹൂദന്മാരുടെ പള്ളികളിലും ചന്തസ്ഥലത്തിലും കൂടിയവരോടു അവൻ യേശുവിനെയും ജീവിച്ചെഴുന്നീല്പിനെയും കുറിച്ചു പ്രസംഗിച്ചു. ഒരു ദിവസം അവിടെയുള്ള വിദ്വാന്മാർ അവനോടു തൎക്കിച്ചു അവനെ അരിയോപ്പാഗക്കുന്നിന്മേൽ കൂട്ടികൊണ്ടു ചെന്നു: "നിന്റെ പുതിയ ഉപദേശം എന്തെന്നറിവാൻ പാടുണ്ടോ?" എന്നു ചോദിച്ചു.

അപ്പോൾ പൌൽ: "അഥേന്യരേ, നിങ്ങൾ എല്ലാപ്രകാരത്തിലും ദേവതാഭക്തിയുള്ളവരാകുന്നു എന്നു കാണുന്നു. ഞാൻ നിങ്ങളുടെ പൂജാസ്ഥാനങ്ങളെ സൂക്ഷിച്ചു നോക്കിയപ്പോൾ **അറിയാത്ത ദേവന്നു** എന്ന എഴുത്തുള്ളൊരു വേദിക്കല്ലു കണ്ടു. എന്നാൽ നിങ്ങൾ ഇങ്ങിനെ അറിയാതെ വന്ദിക്കുന്ന ദൈവത്തെ ഞാൻ നിങ്ങളോടു അറിയിക്കുന്നു. ലോകവും അതിലുള്ള സകലവസ്തുക്കളും ഉണ്ടാക്കിയ ദൈവം ആകാശഭൂമികളുടെ കൎത്താവാകകൊണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല താൻ എല്ലാവൎക്കും ജീവനും ശ്വാസവും സകലവും നല്കുന്നവനാകകൊണ്ടു വല്ലതിന്നും മുട്ടും ഉള്ളവനെന്നപോലെ മനുഷ്യരുടെ കൈയിൽനിന്നു സേവ ആവശ്യപ്പെടുന്നില്ല. അവൻ നമ്മിൽ ഒരുവനിൽനിന്നും ദൂരസ്ഥനുമല്ല; നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു അവനിൽ അല്ലോ ആകുന്നതു. എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം കുറിക്കൊള്ളാതെ ഇപ്പോൾ സകല മനുഷ്യരോടും അനുതപിക്കേണം

എന്നു കല്പിക്കുന്നു. കാരണം താൻ നിയമിച്ച പുരുഷനെക്കൊണ്ടു ലോകത്തെ നീതിയിൽ ന്യായം വിധിപ്പാനായിട്ടു ഒരു ദിവസം നിശ്ചയിച്ചു; ദൈവം യേശുവിനെ മരിച്ചവരിൽനിന്നു ഉയിൎപ്പിച്ചതിനാൽ ഇ



തിന്റെ നിശ്ചയം എല്ലാവൎക്കും നല്കിയിരിക്കുന്നു" എന്നു പറഞ്ഞു. മരിച്ചവരുടെ ഉയിൎപ്പിനെ കുറിച്ചു കേട്ടപ്പോൾ ചിലർ പരിഹസിച്ചു, ചിലർ: "ഇതിനെ കൊണ്ടു പിന്നെയും കേൾക്കാമല്ലോ" എന്നു പറഞ്ഞ ശേഷം പൌൽ അവരുടെ നടുവിൽനിന്നു പുറപ്പെ

ട്ടുപോയി ചിലർ അവനോടു ചേൎന്നു വിശ്വസിച്ചു. അവരിൽ ദിയോന്നുസ്സ്യോസ് എന്ന പ്രമാണിയും ദമരിസ് എന്ന സ്ത്രീയും ഉണ്ടായിരുന്നു.

2. അഥേനയിൽനിന്നു പൌൽ കൊരിന്തിലേക്കു യാത്രയായി, അവിടെ അകില്ലാവിനെയും അവന്റെ ഭാൎയ്യയായ പ്രിസ്കില്ലയെയും കണ്ടു. യഹൂദർ റോമപട്ടണം വിട്ടുപോകേണം എന്നു ക്ലൌദ്യൻ കൈസർ കല്പിച്ചതു നിമിത്തമായിരുന്നു അവർ റോം പട്ടണം വിട്ടു കൊരിന്തിൽ വന്നു പാൎത്തു. പൌൽ എന്നപോലെ അവരും കൂടാരപ്പണിക്കാർ ആയിരുന്നതു കൊണ്ടു അപ്പൊസ്തലൻ അവരോടുകൂടെ പാൎത്തു വേല ചെയ്തുപോന്നു. ഒന്നരക്കൊല്ലത്തോളം അവൻ അവിടെ താമസിച്ചു യഹൂദന്മാരോടും യവനക്കാരോടും സുവിശേഷം ഘോഷിച്ചു വലിയൊരു സഭയെ സ്ഥാപിച്ചു. പിന്നെ അന്ത്യോക്യയിലേക്കു മടങ്ങിപ്പോയി.

3. കുറേകാലം കഴിഞ്ഞതിന്റെ ശേഷം അപ്പൊസ്തലൻ തന്റെ മൂന്നാം പ്രസംഗയാത്രെക്കായി പുറപ്പെട്ടു എഫേസിൽ വന്നു വളരെ കാലത്തോളം അവിടെ പ്രവൃത്തിച്ചു ചിററാസ്യയിലെ പലരും ദൈവവചനം കേൾപ്പാൻ തക്കവണ്ണം പൌൽ പ്രസംഗിച്ച പാഠശാലയിൽ വന്നു കൂടി ദൈവവചനം കേട്ടു വിശ്വസിച്ചു. അനേകർ പൈശാചിക പ്രവൃത്തികളെ ഉപേക്ഷിച്ചു വളരെ വിലപിടിച്ച തങ്ങളുടെ മന്ത്രഗ്രന്ഥങ്ങളെ ചുട്ടുകളഞ്ഞു.

ഇങ്ങിനേ കൎത്താവിന്റെ വചനം അവിടെ പ്രബലപ്പെട്ടു വന്നപ്പോൾ ഈ മാൎഗ്ഗത്തെ ചൊല്ലി അല്പമല്ലാത്ത കലഹം ഉണ്ടായി. അൎത്തമിദേവിയുടെ

ക്ഷേത്രരൂപങ്ങളെ ഉണ്ടാക്കുന്ന **ദെമേത്രിയൻ** എന്നൊരു തട്ടാൻ തൊഴില്ക്കാൎക്കു വളരെ ലാഭം വരുത്തി. അവൻ തന്റെ കൂട്ടുവേലക്കാരെ കൂട്ടിവരുത്തി പറഞ്ഞിതു: "പുരുഷന്മാരേ, ഈ പ്രവൃത്തിയാൽ നാം ഉപജീവനം കഴിക്കുന്നുവല്ലോ; എന്നാൽ ഈ പൌൽ എന്നവനോ: കൈകളാൽ ഉണ്ടായവർ ദേവന്മാരല്ല എന്നു ചൊല്ലിക്കൊണ്ടു ഈ നമ്മുടെ കാൎയ്യം ആക്ഷേപത്തിൽ ആക്കുന്നതിനാൽ അൎത്തമി എന്ന മഹാദേവിയുടെ ക്ഷേത്രം ഏതുമില്ലെന്നു എണ്ണപ്പെട്ടുകയും ഇവളുടെ മഹാത്മ്യം ഒടുങ്ങിപ്പോകയും ചെയ്യും". എന്നതു കേട്ടാറെ അവർ ക്രോധപൂൎണ്ണരായി ചമഞ്ഞു: "എഫേസ്യരുടെ അൎത്തമി വലിയവൾ!" എന്നാൎത്തുകൊണ്ടിരുന്നു. നഗരം മുഴുവനും കലുങ്ങി എങ്കിലും പൌലിന്നു ഒരു ഹാനിയും സംഭവിച്ചില്ല. അവൻ സമാധാനത്തോടെ പട്ടണം വിട്ടു മക്കെദോന്യയിലും കൊരിന്തിലും ഉള്ള സഭകളെ ചെന്നു സന്ദൎശിക്കയും ചെയ്തു.

4. ചിറസ്സ്യയിൽനിന്നു മടങ്ങിപ്പോകുമ്പോൾ **മിലേത്ത്** എന്ന സ്ഥലത്തിൽ വെച്ചു എഫേസ്യസഭയുടെ മൂപ്പന്മാരെ വരുത്തി, അവരോടു പറഞ്ഞു: "ഞാൻ യരുശലേമിലേക്കു പോകുന്നു, ചങ്ങലയും ഉപദ്രവങ്ങളും എന്നെ കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവു സാക്ഷ്യം തരുന്നു എങ്കിലും ഞാൻ ഒന്നും കൂട്ടാക്കുന്നില്ല, പ്രാണനും എനിക്കു വിലയുള്ളതുമല്ല, ഞാൻ എന്റെ ഓട്ടത്തെ സന്തോഷത്തോടെ തികെക്കയത്രേ വേണ്ടതു. എന്റെ മുഖം ഇനി കാണ്കയില്ല എന്നു ഞാൻ അറിയുന്നു. ആകയാൽ കൎത്താവിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ സാ

ക്ഷികാരാക്കി വെച്ചതുകൊണ്ടു ആട്ടിൻകൂട്ടത്തെ സൂക്ഷിച്ചുകൊൾ്വിൻ! ഞാൻ മൂന്നു വൎഷം രാപ്പകൽ ഇടവിടാതെ കണ്ണുനീരുകളോടു കൂടെ ഓരോരുത്തനെ വഴിക്കാക്കിപ്പോന്നതു ഓൎത്തുകൊണ്ടു ഉണൎന്നിരിപ്പിൻ! ഇനി സഹോദരന്മാരേ, ഞാൻ നിങ്ങളെ ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഭരമേല്പിക്കുന്നു".

എന്നിവ ചൊല്ലീട്ടു മുട്ടുകുത്തി അവരെല്ലാവരോടും കൂടെ പ്രാൎത്ഥിച്ചു; എല്ലാവരും വളരെ കരഞ്ഞു: ഇനി മേലാൽ അവന്റെ മുഖം കാണ്കയില്ല എന്നു പറഞ്ഞ വാക്കിനാൽ അവർ ഏററം ദുഃഖിച്ചുകൊണ്ടു പൌലിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു ചുംബിച്ചു കപ്പലോളം കൂടെ ചെന്നു അവനെ യാത്രയയച്ചു.

യരുശലേമിൽ എത്തിയപ്പോൾ അവൻ യാക്കോബിനെയും മൂപ്പന്മാരെയും ചെന്നു കണ്ടു, ദൈവം തന്റെ ശുശ്രൂഷയാൽ ജാതികളിൽ ചെയ്തവ ഓരോന്നു വിവരമായി പറഞ്ഞു; അവർ അതു കേട്ടു ദൈവത്തെ തേജസ്കരിച്ചു.

വേദോക്തം.

നമ്മുടെ പൌരത്വം വാനങ്ങളിൽ ആകുന്നു; അവിടെനിന്നു നാം കൎത്താവായ യേശു ക്രിസ്തുവിനെ രക്ഷിതാവെന്നു കാത്തുനില്ക്കുന്നു. ഫിലി. ൩, ൨൦.

---

## ൫൦. പൌൽ കൈസര്യയിലെ തടവിലിരുന്നതു.

(നടപ്പു. ൨൧ — ൨൬.)

1. കുറെ കഴിഞ്ഞതിന്റെ ശേഷം പൌൽ ദൈവാലയത്തിൽ പോയപ്പോൾ ആസ്യയിൽനിന്നു വന്ന ചില യഹൂദന്മാർ അവനെ കണ്ടു, ജനങ്ങളെ ഇളക്കി,

അവർ അവനെ പിടിപ്പാൻ ഭാവിച്ചപ്പോൾ റോമ പ്പടനായകൻ അവനെ അവരുടെ കൈകളിൽനിന്നു ഉദ്ധരിച്ചു റോമനാട്ടുവാഴിയായ ഫെലിക്സിന്റെ മുമ്പാകെ വിസ്തരിക്കപ്പെടേണ്ടതിന്നായി കൈസൎയ്യയിലേക്കയച്ചു.

ഫെലിക്സ് യഹൂദരുടെ കൌശലങ്ങളെയും പൌലിന്മേൽ ബോധിപ്പിച്ച കള്ള അന്യായത്തെയും അത്ര വിചാരിയാതെ അവന്നു കുറേ ദയ കാണിച്ചു കൈക്കൂലി വാങ്ങിട്ടു വിട്ടയക്കാമെന്നു വിചാരിച്ചു പലപ്പോഴും അവനോട്ടു സംസാരിച്ചു.

ഒരു ദിവസം ഫെലിക്സ് ഹെരോദാരാജാവിന്റെ മകളും തന്റെ ഭാൎയ്യയുമായ ദ്രുസില്ലായോട്ടു കൂടി വന്നു പൌലിനെ വരുത്തി, അവന്റെ പ്രസംഗം കേൾപ്പാൻ താല്പൎയ്യപ്പെട്ടു. പൌൽ നീതിയെയും ഇന്ദ്രിയജയത്തെയും വരുവാനുള്ള ന്യായവിധിയെയും പറ്റി സംസാരിച്ചപ്പോൾ ഫെലിക്സ് ഭ്രമിച്ചു: "നീ ഇപ്പോൾ പോക, നല്ല സമയമുണ്ടായാൽ ഞാൻ നിന്നെ വിളിക്കും" എന്നു പറഞ്ഞു.

2. പിന്നേ രണ്ടു സംവത്സരം കഴിഞ്ഞ ശേഷം ഫെലിക്സ് ആ സ്ഥാനത്തിൽനിന്നു നീങ്ങി ഫെസ്തൻ നാട്ടുവാഴിയായ്തീൎന്നു. അവനും പൌലിന്റെ കാൎയ്യം സത്യപ്രകാരം തീൎപ്പാൻ മനസ്സില്ലാതെ അവനെ യഹൂദൎക്കു ഏല്പിച്ചുകൊടുപ്പാൻ ഭാവിച്ചപ്പോൾ, പൌൽ: "ഞാൻ ചക്രവൎത്തിയെ അഭയം പ്രാപിക്കുന്നു. എന്റെ കാൎയ്യം അവിടെ വിസ്തരിക്കേണമെന്നു ഞാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞ ശേഷം ഫെസ്തൻ:

"ഞാൻ നിന്നെ ചക്രവർത്തിയുടെ അടുക്കലേക്ക അയക്കും" എന്നു കല്പിച്ചു.

ചില ദിവസം കഴിഞ്ഞശേഷം **അഗ്രിപ്പാരാജാവു** ഫെസ്തനെ കാണ്മാൻ പോയി. അപ്പോൾ പൌലിന്റെ അവസ്ഥ അറിഞ്ഞു അവന്റെ പ്രസംഗം കേൾപ്പാൻ തനിക്കും മനസ്സായി. ആ അവസരത്തിൽ പൌൽ യേശുവിനെ കുറിച്ചും തനിക്ക ലഭിച്ച കൃപയെ കുറിച്ചും വളരേ ധൈൎയ്യത്തോടെ സാക്ഷ്യം പറഞ്ഞു. "ദൈവസഹായത്താൽ ഞാൻ ഇന്നേവരെയും ചെറിയവൎക്കും വലിയവൎക്കും സുവിശേഷം അറിയിച്ചുകൊണ്ടു വരുന്നു; ക്രിസ്തു കഷ്ടമനുഭവിക്കുമെന്നും മരിച്ചവരിൽനിന്നു ഒന്നാമനായി ജീവിച്ചെഴുന്നീല്ക്കുമെന്നും പ്രവാചകന്മാർ അറിയിച്ച കാൎയ്യങ്ങളെ അല്ലാതെ ഞാൻ വേറെ ഒന്നും പറയുന്നില്ല" എന്നു അസാമാന്യ ശക്തിയോടെ ഉണർത്തിച്ചു.

അപ്പോൾ ഫെസ്തൻ: "പൌലേ, നീ ഭ്രാന്തനാകുന്നു; ഏറിയ വിദ്യ നിന്നെ ഭ്രാന്തു പിടിപ്പിച്ചു" എന്നുറക്കേ വിളിച്ചു പറഞ്ഞു. പൌൽ: "മഹാശ്രേഷ്ഠനായ ഫെസ്തനേ, ഞാൻ ഭ്രാന്തനല്ല; ഞാൻ പറയുന്നതു സത്യവും സുബുദ്ധിയുമുള്ള വചനങ്ങൾ ആകുന്നു. രാജാവിന്നു ഇക്കാൎയ്യങ്ങളിൽ അറിവുണ്ടാകകൊണ്ടു ഞാൻ ധൈൎയ്യത്തോടെ സംസാരിക്കുന്നു. അഗ്രിപ്പാ രാജാവേ, പ്രവാചകന്മാരെ വിശ്വസിക്കുന്നുവോ? നീ വിശ്വസിക്കുന്നു എന്നു ഞാൻ അറിയുന്നു" എന്നു പറഞ്ഞപ്പോൾ: "ഞാൻ ക്രിസ്ത്യാനിയാകുവാൻ അല്പംകൊണ്ടു നീ എന്നെ സമ്മതിപ്പിക്കുന്നു" എന്നു അരുളി. എന്നാൽ പൌൽ: "നീ മാത്രമല്ല,

ഇന്നു എന്നിൽനിന്നു കേൾക്കുന്നവരെല്ലാവരും അല്പം കൊണ്ടാകട്ടേ അധികംകൊണ്ടാകട്ടേ ഈ ചങ്ങല ഒ ഴികേ എന്നെപ്പോലെ ആകേണമെന്നു ദൈവത്തോടു ഞാൻ അപേക്ഷിക്കുന്നു" എന്നു പറഞ്ഞു.

വേദോക്തം.

ക്രൂശിൻവചനം നശിച്ചുപോകുന്നവൎക്കു ഭോഷത്വവും രക്ഷപ്പെ ടുന്ന നമുക്കു ദൈവശക്തിയുമാകുന്നു. ൧ കൊരി. ൧, ൧൮.

---

## ൫൧. പൌൽ റോമപട്ടണത്തിലേക്കു യാത്രയായതു.

(നടപ്പ. ൨൭. ൨൮.)

1. അതിൻെറ ശേഷം ഫെസ്തൻ പൌലിനെയും മറ്റു ചില തടവുകാരെയും യൂല്യൻ എന്ന ശതാധി പങ്കൽ ഏല്പിച്ചു റോമപട്ടണത്തേക്കു കൊണ്ടുപോ വാൻ കല്പിച്ചു. ഒരു കപ്പലിൽ കയറിയാത്രയായി. പൌലിൻെറ ശിഷ്യരായ ലൂക്കൊസും അറിസ്തൎഹൊ സും അവൻെറ കൂടപ്പോയി. അവർ വൎഷകാല ത്തിൽ ക്രേതദ്വീപിൽ പാൎപ്പാൻ നിശ്ചയിച്ചു; എ ങ്കിലും കൊട്ടങ്കാറ്റു പിടിച്ചു കടൽ ഘോരമായി കോ പിക്കകൊണ്ടു കരയിൽ ഇറങ്ങുവാൻ കഴിഞ്ഞില്ല. പിന്നെ അവർ ഓട്ടുമ്പോൾ കോൾ അധികമായതി നാൽ അവർ സകല പദാൎത്ഥങ്ങളെയും വെള്ളത്തിൽ ചാടി കപ്പലിൻെറ ഭാരം ചുരുക്കി എങ്കിലും ആപ ത്തൊഴിഞ്ഞു പോയിട്ടില്ലായിരുന്നു. കൎത്താവിൻെറ ദൂതൻ ഒരു രാത്രിയിൽ പൌലിന്നു പ്രത്യക്ഷനായി: "പേടിക്കേണ്ടാ, നീ കൈസരിൻെറ മുമ്പാകെ നില്ക്കും;

അതു കൂടാതെ കപ്പലിൽ ഉള്ള എല്ലാ ആളുകളെയും ദൈവം നിണക്കു തന്നിരിക്കുന്നു" എന്നു പറഞ്ഞാശ്വസിപ്പിച്ചു.

ഇങ്ങിനെ അവർ പതിനാലു രാപ്പകൽ കടലിൽ വെച്ചു പ്രയാസപ്പെട്ട ശേഷം അവർ അറിയാതൊരു കരകണ്ടു, കപ്പൽ അടുപ്പിപ്പാൻ നോക്കിയപ്പോൾ മാട്ടുള്ള സ്ഥലത്തു അകപ്പെട്ടു കപ്പൽ തിരകളുടെ കേമത്താൽ ഉടഞ്ഞു പോയി. അതുകൊണ്ടു ചിലർ കരയിലേക്കു നീന്തുകയും മറേറവർ പലകകളുടെയും കപ്പലിൻെറ ഖണ്ഡങ്ങളുടെയും മേൽ കയറി കരയിൽ എത്തുകയും ചെയ്തു. ഇങ്ങിനെ ആ കപ്പലിൽ ഉണ്ടായിരുന്ന എല്ലാവരും രക്ഷപ്പെട്ടു.

2. അവർ കരെക്കു എത്തിയപ്പോൾ അതു മല്ത്താദ്വീപു എന്നറിഞ്ഞു; ആ ദ്വീപുകാർ ഈ പരദേശികളെ പ്രീതിയോടെ കൈക്കൊണ്ടു ഉപകാരം ചെയ്തു. മഴയും ശീതവും ഉണ്ടാകകൊണ്ടു അവർ തീ കത്തിച്ചു എല്ലാവരും തീക്കാഞ്ഞു കൊണ്ടിരുന്നു. പൌലും ഒരു കെട്ടു വിറകു പെറുക്കി തീയിലിട്ടാറെ ഒരു അണലി ചൂടുനിമിത്തം അതിൽനിന്നു പുറപ്പെട്ടു അവൻെറ കൈക്കു പററി. ദ്വീപുകാർ അതിനെ കണ്ടപ്പോൾ: "ഈ മനുഷ്യന്നു സമുദ്രത്തിൽനിന്നു രക്ഷയുണ്ടായി, എങ്കിലും നീതി അവനെ ജീവിച്ചിരിപ്പാൻ സമ്മതിക്കുന്നില്ല; അവൻ കുലപാതകനായിരിക്കും" എന്നു അന്യോന്യം നോക്കി സംസാരിച്ചു. എന്നാൽ പൌൽ പാമ്പിനെ തീയിൽ കുടഞ്ഞു കളഞ്ഞു. ദോഷം ഒന്നും സംഭവിക്കുന്നില്ലെന്നു കണ്ടപ്പോൾ: "ഇവൻ ഒരു ദേവൻ ആകുന്നു" എന്നു പറഞ്ഞു.

പിന്നേ അവർ മൂന്നു മാസം ആ ദ്വീപിൽ പാൎത്തതിനാൽ പൌലിന്നു ദൈവവചനം അറിയിപ്പാനും പലവിധമുള്ള ദീനക്കാരെ സൌഖ്യമാക്കുവാനും തഞ്ചം ഉണ്ടായിരുന്നു.

3. വൎഷകാലം കഴിഞ്ഞശേഷം അവർ വേറെ ഒരു കപ്പലിൽ കയറി സുഖേന **റോമപട്ടണത്തിൽ** എത്തി. അവിടെ പൌൽ യഹൂദന്മാൎക്കു സുവിശേഷത്തെ അറിയിച്ചതിനാൽ വളരെ കലശൽ ഉണ്ടായ്വന്നെങ്കിലും ചിലർ വിശ്വസിച്ചു. പൌൽ രണ്ടു വൎഷം താൻ കൂലിക്കായി വാങ്ങിയ വീട്ടിൽ പാൎത്തു; തന്റെ അടുക്കൽ വന്ന എല്ലാവരെയും കൈക്കൊണ്ടു വിരോധം അനുഭവിക്കാതെ ബഹുധൈൎയ്യത്തോടുംകൂടെ ദൈവരാജ്യം പ്രസംഗിച്ചും കൎത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള കാൎയ്യങ്ങളെ പഠിപ്പിച്ചുംകൊണ്ടിരുന്നു.

വേദോക്തം.


എന്റെ ക്ഷാന്തിയുടെ വചനത്തെ നീ കാത്തുകൊണ്ടതിനാൽ പരീക്ഷാനാഴികയിൽ ഞാൻ നിന്നെ കാക്കും. വെളി. ൩, ൧൦.

---

## ൭൨. അപ്പൊസ്തലപ്രവൎത്തനസമാപ്തി.

1. പൌൽ ഇങ്ങിനെ തടവുകാരനായി റോമയിൽ പാൎത്ത സമയം പല ലേഖനങ്ങളെയും എഴുതി; ഈ തടവിൽനിന്നു വിട്ടുപോകുമെന്നു താൻ ആശിച്ചതു നിവൃത്തിയായി എന്നു വിചാരിപ്പാൻ ഇടയുണ്ടു. എന്നാൽ അതിന്റെ ശേഷം അപ്പൊസ്തലൻ രണ്ടാം പ്രാവശ്യം റോമപുരിയിൽ തടവുകാരനായിപോയി;

ഒടുക്കം നേരൊ ചക്രവൎത്തി നടത്തിയ ഹിംസാകാല ത്തു യേശുക്രിസ്തുവിന്റെ നാമം നിമിത്തം വാളാൽ കൊല്ലപ്പെട്ടപോൽ.




രണ്ടാം പ്രാവശ്യം തടവിൽ ഇരിക്കുമ്പോൾ അവൻ തിമോത്ഥ്യന്നു രണ്ടാം ലേഖനം എഴുതി. അതിന്നു മുമ്പെ അവൻ വഴിയാത്രകളിലും ഒന്നാം തടവുകാലത്തിലും പല സഭകൾക്കും ഏറിയ ലേഖനങ്ങളെ എഴുതി അയച്ചിരുന്നു. അവയൊക്കയും പുതിയ നിയമപുസ്തകത്തിൽ ഉണ്ടു. പൌൽ മരിക്കും മുമ്പെ മത്തായും മാൎക്കൊസും ലൂക്കൊസും തങ്ങളുടെ സുവിശേഷങ്ങളെ എഴുതിയിരിക്കുന്നു. യരുശലേം പട്ടണം നിൎമ്മൂലമായ ശേഷം (ക്രി. അ. 70.) അത്രേ യോഹന്നാൻ തന്റെ സുവിശേഷത്തെയും

ലേഖനങ്ങളെയും വെളിപ്പാടിനെയും എഴുതിയതു എന്നു തോന്നുന്നു. **പത്രൊസും യാക്കോബും യൂദാവും** ലേഖനങ്ങളെ ചമെച്ചിരിക്കുന്നു. അവയും പുതിയനിയമത്തിൽ ഉണ്ടു.

2. പത്രൊസ് ക്രൂശാരോഹണത്താലും യാക്കോബ് കല്ലേറിനാലും മരിച്ചു. പിന്നെ വളരെ കാലം ചെന്ന ശേഷം യോഹന്നാനും മഹാ വാൎദ്ധക്യത്തിൽ നിദ്ര പ്രാപിച്ചു.

മറേറ അപ്പോസ്തലരുടെ അവസ്ഥ സൂക്ഷ്മമായി അറിയുന്നില്ല; ഒന്നുമാത്രം നിശ്ചയം: "നിങ്ങൾ ഭൂലോകത്തിലൊക്കയും പോയി സകല സൃഷ്ടിക്കും സുവിശേഷം പ്രസംഗിപ്പിൻ!" എന്ന കൎത്തൃകല്പനയെ അവർ നിവൃത്തിച്ചു. ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൽ അനേക രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കപ്പെട്ടിരുന്നു. അവർ കൎത്താവിന്റെ കല്പനയെ പ്രമാണിച്ച പ്രകാരം കൎത്താവു: "ഞാൻ ലോകാവസാനത്തോളം നിങ്ങളോടു കൂടി ഇരിക്കും" എന്ന വാഗ്ദത്തം അവരിൽ നിവൃത്തിച്ചു; ഈ ദിവസത്തോളം അവന്റെ എല്ലാ ശിഷ്യരിലും നിവൃത്തിക്കയും ചെയ്യുന്നു.

വേദോക്തം.

ഞാനോ ഇതാ, ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ടു. മത്തായി ൨൮, ൨൦.

## അനുബന്ധം.

### 1. പുതിയനിയമത്തിലെ തിരുവെഴുത്തുകൾ.

*a.* യേശുക്രിസ്തു തന്റെ ജീവനെയും ഉപദേശത്തെയും കുറിച്ചു ഒന്നും എഴുതീട്ടില്ല. എങ്കിലും അവൻ മരിച്ചതിന്റെ ശേഷം അവന്റെ അപ്പൊസ്തലന്മാരിലും ശിഷ്യന്മാരിലും ചിലർ തങ്ങളുടെ കൎത്താവിന്റെ ജീവചരിത്രത്തെ എഴുതി. ഇങ്ങിനെ നമുക്ക **മത്തായി, മാൎക്കൊസ്, ലൂക്കൊസ്, യോഹന്നാൻ** എന്നിവരുടെ സുവിശേഷങ്ങൾ ഉത്ഭവിച്ചു. **അപ്പൊസ്തലന്മാരുടെ പ്രവൃത്തികളെ** കുറിച്ചു ലൂക്കൊസ് ഒരു പ്രബന്ധം എഴുതി. ഇങ്ങിനെ നമുക്ക പുതിയനിയമത്തിൽ **അഞ്ചു ചരിത്രപുസ്തകങ്ങൾ** ഉണ്ടു.

*b.* അതുകൂടാതെ അപ്പൊസ്തലന്മാർ വെവ്വേറെ ആളുകൾക്കും സഭകൾക്കും ഉപദേശത്തിന്നായും ആശ്വാസത്തിന്നായും വിശ്വാസസ്ഥാപനത്തിന്നായും **ലേഖനങ്ങളെയും** എഴുതിയിരിക്കുന്നു. ഈ ഉപദേശപുസ്തകങ്ങളിൽനിന്നു ൨൧ ഈ ദിവസം വരെ ശേഷിച്ചിരിക്കുന്നു.

*c.* പുതിയനിയമത്തിൽ **പ്രവാചകപുസ്തകമായിട്ടു** ഒന്നേ ഉള്ളു; അതു **യോഹന്നാന്റെ വെളിപ്പാടു** തന്നേ.

---

## I. ചരിത്രപുസ്തകങ്ങൾ.

൧. മത്തായി സുവിശേഷം.
൨. മാൎക്കൊസ് ,,
൩. ലൂക്കൊസ് സുവിശേഷം.
൪. യോഹന്നാന്റെ ,,
൫. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ.

## II. ഉപദേശപുസ്തകങ്ങൾ.

൧. പൌൽ അപ്പൊസ്തലൻ റോമക്കാൎക്കു എഴുതിയ ലേഖനം.
൨. ,, ,, കൊരിന്തുക്കാൎക്കു ,, ഒന്നാം ലേഖനം.
൩. ,, ,, ,, ,, രണ്ടാം ,,
൪. ,, ,, ഗലാത്യക്കാൎക്കു ,, ലേഖനം.
൫. ,, ,, എഫെസ്യക്കാൎക്കു ,, ,,
൬. ,, ,, ഫിലിപ്പിക്കാൎക്കു ,, ,,
൭. ,, ,, കൊലൊസ്സെ ,, ,,
൮. ,, ,, തെസ്സലൊനിക്യ ,, ഒന്നാം ലേഖനം.
൯. ,, ,, ,, ,, രണ്ടാം ,,
൧൦. ,, ,, തിമോഥെയോ ,, ഒന്നാം ,,
൧൧. ,, ,, ,, ,, രണ്ടാം ,,
൧൨. ,, ,, തീതൊസിന്നു ,, ലേഖനം.
൧൩. ,, ,, ഫിലേമോന്നു ,, ,,
൧൪. ,, ,, എബ്രായൎക്കു ,, ,,
൧൫. യാക്കോബ് എഴുതിയ ലേഖനം.
൧൬. പത്രൊസ് അപ്പൊസ്തലൻ എഴുതിയ ഒന്നാം ലേഖനം.
൧൭. ,, ,, ,, രണ്ടാം ,,
൧൮. യോഹന്നാൻ ,, ,, ഒന്നാം ,,
൧൯. ,, ,, ,, രണ്ടാം ,,
൨൦. ,, ,, ,, മൂന്നാം ,,
൨൧. യൂദാവിന്റെ ലേഖനം

## III. പ്രവാചകപുസ്തകം.

യോഹന്നാൻ അപ്പൊസ്തലന്റെ വെളിപ്പാടു.

## 2. പുതിയനിയമത്തിൻെറ കാലക്രമം.

ക്രി. മു.

40 മഹാരാജാവായ ഹെറോദാവിൻെറ വാഴ്ചയുടെ ആരംഭം.

31 ഔഗുസ്തൻ എന്ന റോമകൈസരുടെ ” ”

4 യേശുക്രിസ്തു ജനിച്ചതു.

ക്രി. ശേ.

6 റോമക്കാർ യഹൂദരുടെ രാജ്യത്തെ കൈവശമാക്കിയതു.

26—37 പിലാത്തോസ് നാടുവാഴിയായി.

30 യേശുവിൻെറ മരണവും ഉയിൎപ്പും.

37 പൌൽ അപ്പൊസ്തലൻെറ മനന്തിരിവു.

44 യാക്കോബ് അപ്പൊസ്തലൻെറ മരണം (അപ്പോ. പ്ര. ൧൨.)

46—48 പൌൽ അപ്പൊസ്തലൻെറ ഒന്നാം യാത്ര.

50 അപ്പൊസ്തലസംഘം (അപ്പോ. പ്ര. ൧൫.)

51—54 പൌൽ അപ്പൊസ്തലൻെറ രണ്ടാം യാത്ര.

52 53 ” അപ്പൊസ്തലൻ തെസ്സലൊനീക്യൎക്കു എഴുതിയ രണ്ടു ലേഖനങ്ങൾ.

54—58 ” അപ്പൊസ്തലൻെറ മൂന്നാം യാത്ര.

55—56 ” അപ്പൊസ്തലൻ ഗലാത്യക്കാൎക്കു എഴുതിയ ലേഖനം.

57 പൌൽ അപ്പൊസ്തലൻ കൊരിന്തുകാൎക്കു എഴുതിയ രണ്ടു ലേഖനങ്ങൾ.

58 ” ” റോമക്കാൎക്കു എഴുതിയ ലേഖനം.

60 ഫെസ്തൊസ് നാടുവാഴിയായി തീൎന്നു.

61 പൌൽ റോമയിൽ എത്തിയതു.

62—63 എഫെസ്യക്കാർ, കൊലൊസ്സെക്കാർ, ഫിലെമോൻ, ഫിലിപ്പിക്കാർ എന്നിവൎക്കു പൌൽ അപ്പൊസ്തലൻ ലേഖനങ്ങൾ എഴുതിയതു.

64—70 മത്തായി, മാൎക്കൊസ്, ലൂക്കൊസ് എന്നവർ സുവിശേഷങ്ങൾ എഴുതിയതു.

64—67 തിമോഥെയൊസ്, തീതൊസ്, രണ്ടുപത്രൊസ്, എബ്രായർ എന്ന ലേഖനങ്ങൾ എഴുതിയതു; പൌലും പത്രൊസും മരിക്കുന്നതു.

70 യെരുശലെമിൻെറ നാശം.

88 യൂദാവിൻെറ ലേഖനം.

80—95 യോഹന്നാൻെറ സുവിശേഷവും മൂന്നു ലേഖനങ്ങളും വെളിപ്പാട്ടും എഴുതിയതു.

100 യോഹന്നാൻെറ മരണം.

# പൊരുളടക്കം.

## I. യേശുവിൻെറ ശൈശവവും ബാല്യവും.


ഭാഗം.

൧. ദൈവദൂതൻ സഖറിയാവിന്നും മറിയെക്കും വാഗ്ദത്തം ചെയ്യുന്നു . . . . . . . . . . . 3

൨. യേശുവിൻെറ ജനനവും ദൈവാലയത്തിലെ അൎപ്പണവും . . . . . . . . . . . . 7

൩. വിദ്വാന്മാരുടെ വരവു . . . . . . . . . 11

൪ യേശുവിൻെറ ബാല്യം . . . . . . . . . 14


## II. യേശുവിൻെറ ഗുരുസ്ഥാനവും അതിശയപ്രവൃത്തികളും.


൫. യേശുവിൻെറ സ്നാനവും പരീക്ഷയും . . . . 17

൬. ശിഷ്യന്മാരെ വിളിച്ചതും കാനാവിലെ കല്യാണവും . 19

൭. ശമൎയ്യക്കാരത്തി . . . . . . . . . 22

൮. പേത്രൻെറ മീൻപിടിയും അപ്പൊസ്തലന്മാരെ നിയമിച്ചതും വെള്ളിക്കാശും . . . . . . . 26

൯. പൎവ്വതപ്രസംഗം . . . . . . . . . . 28

൧൦. യേശു ദീനക്കാരെ സൌഖ്യപ്പെടുത്തുന്നതു . . . 34


16*

ഭാഗം.

൨൧. യേശു മരിച്ചവരെ ഉയിൎപ്പിച്ചതു . . . . . . 40
൨൨. സ്നാപകനായ യോഹന്നാന്റെ മരണം . . . 43
൨൩. യേശു ചെയ്ത ചില അത്ഭുതപ്രവൃത്തികൾ . . . 45
൨൪. മഹാപാപിയായ സ്ത്രീയുടെയും സക്കായുടെയും മാനസാന്തരം . . . . . . . . . . . 50
൨൫. ദൈവരാജ്യത്തെ കുറിച്ചുള്ള ഏഴുപമകൾ . . . 53
൨൬. മുന്തിരിങ്ങാത്തോട്ടത്തിലെ കൂലിക്കാർ . . . . 57
൨൭. പാപികളോടുള്ള ദൈവസ്നേഹത്തെ കുറിക്കുന്ന മൂന്നു ഉപമകൾ . . . . . . . . . . 59
൨൮. ധനവാനും ദരിദ്രനായ ലാസരും . . . . . 64
൨൯. യേശു കുഞ്ഞുങ്ങളെ അനുഗ്രഹിച്ചതു . . . . 66
൩൦. ദയാലുവായ ശമൎയ്യക്കാരനും നിൎദ്ദയനായ ശുശ്രൂഷക്കാരനും . . . . . . . . . . 68
൩൧. പ്രാൎത്ഥനയും വിനയവും . . . . . . . 71
൩൨. പത്രൊസിന്റെ സ്വീകാരവും യേശുവിന്റെ രൂപാന്തരവും . . . . . . . . . . 74
൩൩. യേശു മൂന്നു പ്രാവശ്യം ബെത്ഥാന്യയിൽ വന്നതു . 77
൩൪. നഗരപ്രവേശനം . . . . . . . . 82
൩൫. മുന്തിരിത്തോട്ടവും രാജകല്യാണവും . . . . 86
൩൬. അവസാനകാൎയ്യങ്ങളുടെ വിവരം . . . . . 89
൩൭. പത്തുകന്യകമാരും താലന്തുകളും ന്യായവിധിവൎണ്ണനയും . . . . . . . . . . 92

## III. യേശുവിന്റെ കഷ്ടാനുഭവചരിത്രം.

൩൮. പെസഹാഭോജനം . . . . . . . . 97
൩൯. ഗത്സെമനയിലെ പോരാട്ടം . . . . . . . 102
൪൦. യൂദാവിന്റെ ദ്രോഹവും പത്രൊസിന്റെ വീഴ്ചയും . 105

ഭാഗം.

൩൧. സുനേദ്രിയസംഘത്തിന്റെ വിസ്താരവും യൂദാവിന്റെ അവസാനവും . . . . . . 108

൩൨. പിലാത്തനും ഹെരോദാവും യേശുവിനെ വിസ്തരിച്ചതു . . . . . . . . . 110

൩൩. യേശുവിന്റെ മരണവിധി . . . . . . 114

൩൪. യേശുവിന്റെ മരണം . . . . . . . 117

൩൫. യേശുവിന്റെ ശവസംസ്കാരം . . . . . . 121

## IV. യേശുവിന്റെ പുനരുത്ഥാനവും സ്വൎഗ്ഗാരോഹണവും.

൩൬. ക്രിസ്തുവിന്റെ പുനരുത്ഥാനം . . . . . . 124

൩൭. എമ്മവുസ്സിലേക്കു രണ്ടു ശിഷ്യന്മാരുടെ പ്രയാണവും യേശു ശിഷ്യന്മാൎക്കു പ്രത്യക്ഷനായി വന്നതും. . 128

൩൮. യേശു തോമാവിന്നും ഗനേസരെത്ത് സരസ്സിന്റെ കരയിലും പ്രത്യക്ഷനാകുന്നതു . . . . . 131

൩൯. തിരുസ്നാനസ്ഥാപനവും സ്വൎഗ്ഗാരോഹണവും . . 135

## V. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ.

൪൦. പെന്തെകൊസ്തപ്പെരുനാൾ . . . . . . 138

൪൧. മുടന്തനെ സൌഖ്യമാക്കിയതും അനന്യാ സഫീറ എന്നവരുടെ നാശവും . . . . . . 142

൪൨. സ്തെഫാനൊസിന്റെ സാക്ഷിമരണം . . . 145

൪൩. ഐഥിയോപ്യ മന്ത്രിയും തബിഥയും . . . . 148

൪൪. ശൌലിന്റെ മാനസാന്തരം. . . . . . 152

൪൫. ശതാധിപനായ കൊൎന്നേല്യൊസ് . . . . 155

ഭാഗം.

൨൬. പത്രോസിനെ തടവിൽനിന്നു വിടുവിച്ചതു . . 158

൨൭. പൌൽ അന്ത്യോക്യയിലും ലുസ്ത്രയിലും പ്രവൃത്തിച്ചതു 160

൨൮. ലുദിയയും കാരാഗൃഹപ്രമാണിയും . . . . 164

൨൯. പൌൽ അഥേന, കൊരിന്ത്, എഫേസ് എന്നീ പട്ട
ണങ്ങളിൽ സുവിശേഷം പ്രസംഗിച്ചതു . . 166

൩൦. പൌൽ കൈസര്യയിലെ തടവിലിരുന്നതു . . 171


൩൧. പൌൽ റോമപട്ടണത്തിലേക്കു യാത്രയായതു . . 174

൩൨. അപ്പൊസ്തലപ്രവൎത്തനസമാപ്തി . . . . 176

## അനുബന്ധം.

൧. പുതിയനിയമത്തിലെ തിരുവെഴുത്തുകൾ . . . 179

൨. പുതിയനിയമത്തിന്റെ കാലക്രമം . . . . 181



യോഹന്നാന്നു പത്മൊസ് ദ്വീപിൽ ഉണ്ടായ ദൎശനം.

വെളിപ്പാട് ൧, ൧.

# BIBLE STORIES

## II. PART

## NEW TESTAMENT

**Ninth Edition.**

പുതിയ നിയമത്തിൽനിന്നു

എടുത്ത

# സത്യവേദകഥകൾ

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1905

**Price: 2 As. 6 Pies.** വില: ൨ അണ ൬ പൈ.